Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കുംഭം —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ഫെബ്രുവരി 16 | ലക്കം 26

## ബോമ്പെ മരിയൻ കോൺഗ്രസ്സിൽ സംബന്ധിച്ച വൈദികാദ്ധ്യക്ഷന്മാർ



ഇരിക്കുന്നവർ:- മോസ്റ്റ് റവ. ജോസഫ് സെവേരിയോസ് (തിരുവല്ല), തോമസ് പോത്തക്കാമുറി (ബാംഗളൂർ), ജോസഫ് അട്ടിപ്പേറ്റി (വരാപ്പുഴ), ലെയോ പി. കിർക്കിൽസ് (മുൻ ഇൻറർ നൺസിയോ), മാർട്ടിൻ ലൂക്കാസ് (ഇൻറർ നൺസിയോ), വലേരിയൻ കാർഡിനൽ ഗ്രേഷ്യസ് (ബോമ്പെ, പേപ്പൽ ലഗേററ്), ഫെർഡിനാൻറു പെരിയെ (കല്ക്കട്ടാ), ജോസഫ് മാല്യഫ് (ബാൽബെക്ക്, ലെബനോൻ), എവാൻജെലിസ്റ്റ് വാന്നി (ആഗ്രാ), ജോസഫ് ഫെർണാണ്ടസ് (ഡെൽഹി-സിംലാ), ലൂയിസ് മത്തിയാസ് (മദ്രാസ്-മൈലാപ്പൂർ)

നില്ക്കുന്നവർ- ഒന്നാംനിര: റൈററ് റവ. ദെ ബറിസ്റ്റാ (വിജയവാഡാ), മോസ്റ്റ് റവ. അംബ്രോസ് (പോണ്ടിച്ചേരി സഹായമെത്രാൻ), മാർക്ക് ഗോപ്പ് (ഹൈദ്രബാദ്), റൈററ് റവ. ഇഗ്നേഷ്യസ് മുമ്മാഡി (ഗുണ്ടൂർ), ജോസഫ് ബാഡ് (വിശാഖപട്ടണം), വില്ല്യം ബൂട്ടർ (നെല്ലൂർ), ലെയോനാർഡു റെയ്മോണ്ട് (അലഹബാദ്), വിൻസൻറു ഡെറേർ (തിരുവനന്തപുരം ലത്തീൻ), മോസ്റ്റ് റവ. മൈക്കിൾ ഒൽകൊമെണ്ടി (മലാക്കാ), റൈററ് റവ. ടിബൂർസിയൂസ് റോച്ചെ (അമ്മദാസാ), ജെയിംസ് മെൻറോങ്കാ (തിരുച്ചിറപ്പള്ളി), മോസ്റ്റ് റവ. എവുജീൻ ഡിസൂസാ (നാഗപ്പൂർ), റൈററ് റവ. സവരിമുത്തു (കോയമ്പത്തൂർ)


നില്ക്കുന്നവർ രണ്ടാംനിര:- റൈററ് റവ. അബ്രോസ് അബെദസാലോ (വിജയപുരം), സെബാസ്റ്റിൻ വയലിൽ (പാലാ), ഫ്റാൻസിസ് സിമോൺസ് (ഇൻഡോർ), കോൺറാഡ് ദെ വിറേറാ (ലക്ക്നോ), ജോസഫ് പാറേക്കാട്ടിൽ (എറണാകുളം സഹായമെത്രാൻ), അലക്സാണ്ടർ എടേഴത്തു് (കൊച്ചി), ജോർജ് ആലപ്പാട്ട് (തൃശ്ശൂർ), റേനെ ഫൂഗാ (മൈസൂർ), മോസ്റ്റ് റവ. ജെ. പി. ലെയോണാർഡ് (മധുര), റൈററ് റവ. ഓസ്കാർസെർവിൻ (റെയ്ഗർ-അമ്പികാപുരം) മോസ്റ്റ് റവ. നിക്കൊളാസ് ക്ലൂയർ (റാഞ്ചി), റൈററ് റവ. മൈക്കിൾ റോഡ്റിംഗ്സ് (ബെൽഗാം), കോൺറാഡ് ഡബെൽമാൻ (ജബൽപൂർ)

നില്ക്കുന്നവർ മൂന്നാംനിര:- റൈററ് റവ. റെയ്മോണ്ട് ലാറോസ് (ചിററഗോങ്ങ്), ഫ്റാൻസിസ് കർവലോ (മദ്രാസ്-മൈലാപ്പൂർ സഹായമെത്രാൻ), തോമസ് തറയിൽ (കോട്ടയം), അൽബൻ സ്പാർബ്രീക്ക് (ജ്ലണ്ടൂർ പ്രീഫെക്ട് അപ്പസ്തോലിക്ക്), ഓ. മറെങ്കോ (ഡിബ്രുഗാർ), ബെനഡിക്ട് മാർ ഗ്രീഗോരിയോസ് (തിരുവനന്തപുരം അഡ്മിനിസ്ട്രേറർ-സീറോ മലങ്കര), അബ്രോസ് ഗൽബിയാററി (ജൽപൽഗുരി), മാത്യു കാവുകാട്ട (ചങ്ങനാശ്ശേരി), സ്റ്റീഫൻ ഫെറാണ്ടോ (ഷില്ലോങ്ങ്), ലൂയിസ് മോറോ (ക്രീഷ്നഗർ), മൈക്കിൾ ആറാട്ടുകുളം (ആലപ്പുഴ), റൈററ് റവ. മോൺ. ജി. ബ്രീൻ (ഹാഫ്ലോങ്ങ് പ്രീഫെക്ട് അപ്പസ്തോലിക്ക്), റൈററ് റവ. ഹെർമൻ വെസ്റ്റർമാൻ (സമ്പൾപൂർ), ബേസിൽ പേരെസ് (മംഗലാപുരം സഹായമെത്രാൻ), ആഞ്ഞിസ്വാമി (കോട്ടാർ), ജോൺ ഫോഗൻ (ബെല്ലാറി).

നില്ക്കുന്നവർ നാലാംനിര:- റൈററ് റവ. ജോൺ ജോസഫ് (മണ്ടലെ സഹായമെത്രാൻ-ബർമ്മ), വിൽഡർമുത്തു് (പാററ്നാ), ജിയനോറാ (സിക്കിം പ്രീഫെക്ട് അപ്പസ്തോലിക്ക്), അൽഫോൻസൂസ് ബെരേററാ (വറങ്ങൽ), ലാൻഫ്റങ്കോണി (ടോൻഗ്ഗു-ബർമ്മ), എസ്. ഡേവിഡ് (വെല്ലൂർ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറർ), സുന്ദരം (ടാഞ്ചോർ), തോമസ് ഫെർണാണ്ടോ (ട്യൂട്ടിക്കൊറിൻ), ലെയോ ദെമെല്ലോ (അജ്മീർ), ആൻഡ്റൂ ഡിസൂസാ (പൂനാ), എഡ്വിൻ പിൻറോ (അഹമ്മദബാദ്) സെൽവനാതർ (സേലം).

നില്ക്കുന്നവർ അഞ്ചാംനിര:- റൈററ് റവ. തോമസ് ന്യൂമാൻ (അക്ക്യാബ് പ്രീഫെക്ട് അപ്പസ്തോലിക്ക്-ബർമ്മ.), ആൽഡസ് പത്രോണി (കാലിക്കട്ട്), മാർ അത്തനാസിയോസ് (തിരുവല്ലാ സഹായമെത്രാൻ), ജറോം മലെൻഫാൻറ് (ഗൊറാക്ക്പൂർ പ്രീഫെക്ട് അപ്പസ്തോലിക്ക്), ജെറോം ഫെർനാണ്ടസ് (കൊല്ലം), സെബാസ്റ്റിൻ വള്ളോപ്പിള്ളി (തലശ്ശേരി അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറർ), പി. ടോബാർ (കട്ടാക്ക്), ആഡം ഗ്രോസി (മാൽഡാ പ്രീഫെക്ട് അപ്പസ്തോലിക്ക്), വിക്ടർ ബാസിൻ (റങ്കൂൺ-ബർമ്മ) ജോർജ് ഷാൻക്സ് (ജമ്മു-കാഷ്മീർ പ്രീഫെക്ട് അപ്പസ്തോലിക്ക്).

N. B. ഭാരതത്തിലെ വിവിധ രൂപതകളെ കാണിക്കുന്ന ഭൂപടം മറുവശത്തു്




## ചെറുകഥ

# പെങ്ങൾ

(ചാരുമ്മൂട്)

(തുടർച്ച)

ഇതിനിടെ പെങ്ങളുടെ വീടോ, പെങ്ങളെയോ കാണാതെ ദിവസങ്ങളും മാസങ്ങളുമല്ല, വർഷങ്ങൾതന്നെ കഴിഞ്ഞു. അപ്പച്ചന്റെ മരണത്തിനു്, അഞ്ചാറു കൊല്ലംമുമ്പു്, പെങ്ങളെ ഒന്നു കണ്ടതാണു്. ഒരു ദിവസം ഭാര്യ പറഞ്ഞു, "പെങ്ങളുടെ വീട്ടിൽനിന്നും ആളയച്ചിരുന്നെ"ന്നു്. പെങ്ങൾക്കെന്തോ സുഖക്കേടാണെന്നു്. അവൾ പറയാൻ വിട്ടുപോയിപോലും! പിന്നെയും ദിവസങ്ങൾ കടന്നുപോയി. പെങ്ങളായി, അളിയനായി, കുഞ്ഞുങ്ങളായി, ഓരോരുത്തർക്കും എന്നെ കാണുമ്പോൾ നൂറു നൂറാവശ്യങ്ങൾ ഉണ്ടാകും! എസ്റ്റേററിലേക്കു് പോകുംവഴി കാർറോഡിറമ്പിലിട്ടിട്ടു് ഇടവഴി നടന്നു ഞാനവിടെ എത്തി. അവിടെങ്ങും ഒരു ശ്മശാനമൂകത! അളിയൻ താഴെ ഒരു തറപ്പറമ്പിൽ പശുവിനെ പിടിച്ചുനിർത്തി തീററുന്നു. തലയുയർത്തി എന്നെ ഒന്നുനോക്കി അത്രതന്നെ. അദ്ദേഹം വീണ്ടും അദ്ദേഹത്തിന്റെ ജോലി തുടർന്നു് പതിവിനു വിപരീതമായ അളിയന്റെ ആ പെരുമാററം എന്റെ ചിന്തയെ പല വഴിക്കും പതറിച്ചു. ഞാൻ വീട്ടുമുററത്തെത്തി. പെങ്ങളുടെ രണ്ടു പെൺകുട്ടികളുംകൂടി കരഞ്ഞുകൊണ്ടോടിവന്നു കാലുകെട്ടിവീണു. "അച്ചാച്ചനെ വിളിച്ചുകൊണ്ടല്ലോ അമ്മച്ചി!" —!അവരുടെ കരച്ചിൽ കഠിനമായി. അവരുടെ ഹൃദയവേദന —അവർക്കെന്നപോലെ, ആ ശല്യം എനിക്കും സഹ്യമല്ലാതായി. ഞാൻ അവരെ സാന്ത്വനം ചെയ്തു. "എന്തുചെയ്യാം, നമ്മളും ഒരിക്കൽ മരിക്കേണ്ടിവരും." മരണം! ഞാൻ മരണത്തെപ്പററി ഓർത്തു. എന്റെ പെങ്ങൾ മരിച്ചു! ഞാനും മരിക്കുമോ?—ഞാൻ വീണ്ടും ആ കുട്ടികളെ സാന്ത്വനം ചെയ്തിട്ടു് അളിയന്റെ വരവു് പ്രതീക്ഷിക്കാതെ തന്നെ സ്ഥലം വിട്ടു. ആ ദിവസങ്ങളിൽ ചിലപ്പോഴൊക്കെ ഞാൻ പെങ്ങളെപ്പററിഓർത്തിട്ടുണ്ടു്. പിന്നെയുണ്ടോ അതിനൊക്കെ സമയം! എന്തെല്ലാം ബദ്ധപ്പാടുകളാണു്.

സാറേ, ഒരു തള്ളയ്ക്കു് അവളുടെ കുഞ്ഞിനെ വളർത്താൻ കടമയുണ്ടു്. ആ കടപ്പാടു് ഒരു പെങ്ങൾക്കു ആങ്ങളയോടില്ല. എന്റെ പെങ്ങൾ! അവൾക്കെന്നെക്കാൾ കഷ്ടിച്ചു രണ്ടരവയസ്സിനു മാത്രമാണു് കൂടുതൽ പ്രായം. എങ്കിലും ഒരു മകനെന്നവണ്ണമായിരുന്നു അവളെന്നോടു പെരുമാറിയതു് എന്റെ എല്ലാകാര്യങ്ങളിലും, കുളി, ഊണു്, ഉറക്കം, വസ്ത്രം —എല്ലാററിലും എന്റെജീവിതത്തിന്റെ എല്ലാ ചലനത്തിലും എന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി അവൾ അങ്ങേയററം ത്യാഗം അനുഭവിച്ചിട്ടുണ്ടു്. എന്റെ വേദനകൾ അനുഭവിച്ചിരുന്നതു് അവളായിരുന്നു. ഇതു സഹോദരസഹജമോ സർവ്വസാധാരണമോ ആണെന്നു ഞാൻ പറയുന്നില്ല. എങ്കിലും അവൾ അങ്ങനെയായിരുന്നു.

മാതാപിതാക്കളും മററു ഗുരുജനങ്ങളുമെന്നുവേണ്ടാ, നമ്മുടെ നന്മയ്ക്കുവേണ്ടി ക്ലേശങ്ങളും ത്യാഗങ്ങളും അനുഭവിക്കുന്ന ആരോടും നാം കടപ്പെട്ടവരാണു്. എന്നാലും ഉത്തരവാദപ്പെട്ട കടപ്പാടിനെ കവിഞ്ഞു കാരുണ്യം കാണിക്കുന്നവരെ വിസ്മരിക്കുക കഠിനമല്ലേ? സ്ത്രീഹൃദയംസ്വാഭാവികമായിത്തന്നെ സ്നേഹമസൃണമാണു്. ഈ ഗുണംഅത്രതന്നെപുരുഷസഹജമല്ല. പക്ഷേ, സാർ ഞങ്ങൾ തമ്മിൽ വളരെഅകലാനാണു് സാഹചര്യം ഇടയാക്കിയതു്. ഞങ്ങൾ കൂടുതൽ അടുക്കാനിടയായ അമ്മയുടെ വേർപാടുതന്നെ ആയിരിക്കണം ഞങ്ങൾ അകലാനും കാരണം. അവളുടെ കല്യാണംതന്നെ ഞങ്ങൾക്കു പററിയതായിരുന്നില്ല. ഒരു വിധത്തിൽ അങ്ങനെ പറയുന്നതു്തെററാണു്.അന്നത്തെഞങ്ങളുടെ സാമ്പത്തികസൗകര്യത്തിനുഅത്രയൊക്കേ പററൂ. എനിക്കാണു തെററു പററിയതു്. സാമ്പത്തികമായി കുറെയൊക്കെ എങ്കിലും ഞാൻ അവരെ സഹായിക്കേണ്ടതായിരുന്നു. പാവപ്പെട്ടപെങ്ങൾ, അവളുടെ ഭാരമേറിയ കുടുംബജീവിതഗതിയിലും ഈ കുഞ്ഞാങ്ങളയെക്കുറിച്ചു് വേദനപ്പെട്ടുനീറുകയായിരുന്നു. അതേസമയം അങ്ങനൊരു പെങ്ങളെക്കുറിച്ചുള്ള നേരിയ സ്മരണപോലും കൂടാതെ ഈ കുഞ്ഞാങ്ങള സമ്പദൈശ്വര്യങ്ങളാകുന്ന തീററിക്കോർത്തു ലോകം എറിഞ്ഞുതന്ന ചൂണ്ടലിൽ കുരുങ്ങി, ആ പിടിയിൽനിന്നും രക്ഷപെടാതെ ആശയാകുന്ന ആ ചൂണ്ടക്കാരയിൽ പിടിവിടാൻ കഴിയാതെ കുഴഞ്ഞു.

വിശ്രമരഹിതമായ ജീവിതം! ജീവിതത്തിന്റെ വ്യഗ്രതയിൽ നിമഗ്നമായ എന്റെ ദിവസങ്ങൾ! ഒരു സ്വസ്ഥതയുമില്ലാത്ത നിമിഷങ്ങൾ! ആശ്വാസത്തിന്റെ ലഘുരേഖകൾപോലുംമിന്നിത്തിളങ്ങാത്ത കറുത്തവാവിൻനാളത്തെ ഇരുളടഞ്ഞ ദിവസങ്ങൾ. കാട്ടുമൃഗങ്ങളെതേടി, കൂട്ടുകാരെ പിരിഞ്ഞു്, വിളികേൾക്കാപ്പാടകലെ, കുററാക്കുററിരുട്ടിൽ, ആയുധങ്ങൾ എങ്ങോ നഷ്ടപ്പെട്ടവനായി, കൊടുംകാട്ടിൻ നടുവിൽ ഒററയ്ക്കകപ്പെട്ടാലത്തെ അനുഭവത്തിൽ.

കാഴ്ചക്കാർക്കെനിക്കു വളരെയൊക്കെയുണ്ടു്. നല്ല നല്ല മണിമേടകൾ. കൂടിയ കാറു്. ധാരാളം വസ്തുവകകൾ. കണ്ടമാനം പണം വരവു്. വിദ്യാസമ്പന്നരായ മക്കൾ. എനിക്കോ? എന്തുണ്ടു്? ഒന്നുമില്ല. എന്റെ എസ്റ്റേററിനോടടുത്തുള്ള ഒരു എസ്റ്റേററുടനെ വാങ്ങിക്കണം. നാളെയാണതിന്റെ ആധാരം രജിസ്റ്റാക്കേണ്ടതു്. അഡ്വാൻസ് കൊടുത്തുകഴിഞ്ഞിരിക്കയാണു്. അതിന്റെ ഇടനിലക്കാരൻ ഒരു ഡബ്ലക്കെററാണു്. വാദിയോടും പ്രതിയോടുംകൈ നീട്ടുന്ന ഒരു വിളഞ്ഞ പുള്ളി. അയാളെ നേരത്തെ കണ്ടു കൂടിയേക്കാമെന്നു കരുതി പുറപ്പെട്ടതാണു്. ഒന്നുറങ്ങിയിട്ടു്, ഉറക്കം വന്നിട്ടു്, എത്രയോ നാളുകളായി. യാത്രയിൽ കാറിലെങ്ങാനും വെച്ചൊന്നു് മയങ്ങിയെങ്കിലായി. വല്ല കാലവും കട്ടിലിൽ ചെന്നൊന്നു കിടന്നാലുണ്ടോ ഉറക്കം വരുന്നു? അപ്പോഴേക്കും ചിന്താമണ്ഡലം ഒരു ചന്തയുടെ രൂപം പ്രാപിക്കും. എന്തെല്ലാം കാര്യങ്ങളാണൊന്നിനു പിറകെ ഒന്നൊന്നവണ്ണം വന്നു തടിച്ചുകൂടുന്നതു്!

ഇന്നത്തെ ഈ യാത്രയിലും കാറിൽ ചാരിക്കിടന്നൊന്നു മയങ്ങി. സാറേ, അത്ര വളരെ ദയനീയമായ ഒരു കാഴ്ച ഞാൻ കണ്ടിട്ടില്ല. ആ നോട്ടം! കരുണാർഹമായ ഒരു കേണപേക്ഷ. ശബ്ദരഹിതമെങ്കിലും അർത്ഥസമ്പുഷ്ടം. ഏതൊരു കഠിനഹൃദയനും ആ യാചന തള്ളിക്കളയുകയില്ല. നിശ്ശേഷം സ്വാശ്രയശക്തി നശിച്ച ഒരു ജീവി. ഒരൊററ അവയവം പോലും—ഒരു വിരൽപോലും ഒന്നു ചലിപ്പിക്കാനാകാതെ, അതിഭയങ്കരമായ വേദനയുടെ വായിൽ നിന്നല്പംപോലുമൊഴിഞ്ഞുമാറാൻ കഴിയാതെ, ഒരു നേരിയ ഞരക്കമെങ്കിലും പുറപ്പെടുവിച്ചു ആരുടെയെങ്കിലും സഹായത്തിനു വ്യർത്ഥമായെങ്കിലും അർത്ഥിക്കാനാകാതെ, കൊല്ലന്റെ ഉലയിൽ പഴുത്തു നിറം പകർന്നുകൊണ്ടിരിക്കുന്ന ഇരുമ്പുകഷണത്തിനു സമം; എത്രയൊക്കെയായിട്ടും അവസാനിക്കാത്തവണ്ണം, എത്ര വളരെ വലിയ വേദനയെന്നൊരുവക്കും ഭാവനയിൽപ്പോലും ദർശിക്കാനാകാത്തവണ്ണം അത്ര അവർണ്ണ്യവും അസഹനീയവുമായ വേദന ആ ജീവി അനുഭവിക്കുന്നു. ഏതൊരു ഹൃദയത്തിൽനിന്നും കനിവിന്റെ വററാത്ത ഉറവ ഒഴുകിക്കൊണ്ടിരിക്കുമാറു് ദയാർഹമായ ആ നോട്ടം അല്ല—ആ കാഴ്ച! ആത്തു് ഹ! —


ഞാൻ സൂക്ഷിച്ചുനോക്കി. ഇമയടയ്ക്കാതെ കണ്ണു മിഴിച്ചു മിഴിച്ചു തല ഒന്നു ഉയർത്തി. കഴുത്തങ്ങോട്ടു ഒന്നുകൂടി നീട്ടി. എത്തിനോക്കി. ആങ്ഹ!-ഹാ! അവൾ!-ആഃ ഹാ! —എന്റെ പെങ്ങൾ!- പെററമ്മയ്ക്കു പകരം എന്നെ വളർത്തിയെടുത്ത എന്റെ പെങ്ങൾ! എന്റെ വേദന അവളുടേതാക്കി തീർത്തെടുത്തു് എന്റെ സുഖസന്തോഷങ്ങൾ മാത്രം കാംക്ഷിച്ച എന്റെ പെങ്ങൾ! എന്റെ പെങ്ങ്—!

സാറേ, ഞാൻ ഞെട്ടിയുണർന്നു. സഹിക്കാവതല്ലാത്ത ഉഷ്ണം. ഉടുപ്പുകളെല്ലാം ഊരി കാറിലിട്ടു. ഞാൻ വിയർത്തൊലിക്കാൻ തുടങ്ങി. സ്വപ്നമോ?സ്വപ്നം!-അല്ല, ശരിയായ ഒരു ദർശനം! ഹാ!-എന്റെ പെങ്ങൾ! അവൾ നരകത്തിലോ? അല്ല, അല്ല: ഹാ-അയ്-ഓ! അവൾ ശുദ്ധീകരണസ്ഥലത്തിൽ! എന്റെ പെങ്ങൾ ശുദ്ധീകരണസ്ഥലത്തു്! എന്റെ വേദന അവളുടേതായിരുന്നു എന്റെ പെങ്ങളുടെ വേദന! ഹാ! എനിക്കെന്തുചെയ്യാൻ കഴിയും? അല്ല, ഞാനെന്തു ചെയ്തിട്ടുണ്ടു്? ഇല്ല, ഒന്നും ചെയ്തിട്ടില്ല.

സാറേ, നിങ്ങൾ വല്ലാതെ അമ്പരന്നിരിക്കുന്നല്ലോ! എന്റെ അനുഭവകഥനം ചെയ്തപ്പോൾ ഞാൻ വികാരഭരിതനായിരിക്കാം. ഞാനറിഞ്ഞില്ല. ഹാ! എന്റെ ഈശോ! എന്റെ ദൈവമേ! പ. ദേവമാതാവേ! ഞാൻ ആ ചേവടികളിൽമാത്രം ആശ്വാസം കണ്ടെത്തി.

എന്റെ സാറേ, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ അനുഭവിക്കുന്ന വേദന! അതാർക്കു വർണ്ണിക്കാം! അവർക്കുവേണ്ടി നമുക്കെന്താണു് ചെയ്യാൻ കഴിയാത്തതു്! കാടുകേറിപ്പോയ എന്റെ മനസ്സിൽ അതൊന്നും തെളിഞ്ഞിരുന്നില്ല. അച്ചൻ അതൊക്കെ എന്നെ അനുസ്മരിപ്പിച്ചു. എന്റെ പെങ്ങൾക്കുവേണ്ടി ഒരു ദിവ്യപൂജ ഞാൻ ചൊല്ലിച്ചിട്ടില്ല. കണ്ടുകാഴ്ച വെച്ചിട്ടില്ല. വിശക്കുന്ന ഒരു ജീവിക്കു് മരിച്ച ആത്മാക്കളുടെ നാമത്തിൽ ഭക്ഷണം കൊടുത്തിട്ടില്ല. അവൾക്കു നിയോഗത്തിൽ ഒരു നന്മപ്രവൃത്തി ചെയ്തിട്ടില്ല. ഒരു ചെറിയ കാൽവയ്പു് ആ ഉദ്ദേശത്തിൽ ചെയ്തിട്ടില്ല. അതേ!-എന്റെ മാതാപിതാക്കളുടെ അവസ്ഥ എന്തെന്നും ഞാൻ അറിയുന്നില്ല. ആരും സ്മരിക്കപ്പെടാനില്ലാതെ, എന്റെ പെങ്ങളെപ്പോലെ എത്ര വളരെ ആത്മാക്കൾ അവിടെ അത്യഗ്നിയിൽ പഴുത്തു വേദനപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടാവാം!

സാർ, നമ്മുടെ എല്ലാ നന്മപ്രവൃത്തികളും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനത്തിനായി സമർപ്പിച്ചാലും അതൊരിക്കലും കൂടുതലായിപ്പോവുകയില്ല. അതാണിന്നത്തെ വലിയ ആവശ്യം. കാണുന്ന ഓരോ വ്യക്തിയോടും നമുക്കപേക്ഷിക്കാം. അവരുടെ ജീവിതഗതികളിലെ പാപമല്ലാത്ത എല്ലാ ചലനങ്ങളും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ ആശ്വാസത്തിനുവേണ്ടി കാഴ്ചവയ്ക്കണമേ! എന്നു്. സാർ, ഇനി ഞാൻ പിറകോട്ടില്ല. അവിടുത്തെ അവസ്ഥ ഞാൻ ദർശിച്ചു. എനിക്കെന്തു ചെയ്യാൻ കഴിയുമോ, അതൊക്കെ ഞാൻ ചെയ്യും. നിങ്ങളും നിങ്ങളുടെ കുഞ്ഞുങ്ങളും എന്റെ നിയോഗത്തിൽ സഹകരിക്കുമല്ലോ! ആ കുഞ്ഞുങ്ങൾക്കു ഉച്ചഭക്ഷണത്തിനുള്ള പണം തന്നേക്കാം. "അദ്ദേഹം കുറച്ചു രൂപാത




For favours received
K. C. Chacko, Oriental
Electric Stores, Trichur

# എം. സി. എസ്. എൽ. ന്റെ 38-ാമതു വാർഷികസമ്മേളനം

## "വിശ്വാസം, പഠനം, പ്രയത്നം" എന്ന മുദ്രാവാക്യത്തെ മുറുകെ പിടിച്ചുകൊണ്ടു നിങ്ങൾ മുന്നേറുവിൻ

## മൊറർ റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ചെയ്ത അദ്ധ്യക്ഷപ്രസംഗം

എം. സി. എസ്. എൽ. എന്ന അക്ഷരചതുഷ്ടയത്താൽ വിവക്ഷിക്കപ്പെടുന്ന കേരളകത്തോലിക്കാ വിദ്യാർത്ഥിസഖ്യത്തിന്റെ 38-ാമതു വാർഷികമാണ്, ആർഭാടവും ആഡംബരവുംകൂടാതെ, വിനീതവും പരിമിതവുമായ തോതിൽ ഇന്നിവിടെ നാം കൊണ്ടാടുന്നതു്. ഇതഃപര്യന്തമുള്ള സഖ്യചരിത്രം പരിശോധിക്കുകയാണെങ്കിൽ അതു പ്രയാസങ്ങളുടെയും പ്രതിബന്ധങ്ങളുടെയും പ്രതികൂലസാഹചര്യങ്ങളുടേയും ഒരു നീണ്ടചരിത്രമാണെന്നു നിഷ്പ്രയാസം കാണാൻ കഴിയും. എന്നാൽ ഈ സംഘടനയ്ക്കു അവയെല്ലാം അതിജീവിക്കുവാനും മൂന്നു വ്യാഴവട്ടത്തിലധികം കാലം സജീവമായി നിലകൊള്ളുവാനും സാധിച്ചിട്ടുണ്ടു് എന്ന വസ്തുത തന്നെ ഒരു വമ്പിച്ച നേട്ടമായും ഭാവിശ്രേയഃപിശുനശകുനമായും പരിഗണിക്കാവുന്നതാണ്. 1915-ൽ ബീജാവാപം ചെയ്യപ്പെട്ട ഈ സഖ്യത്തിന്റെ പ്രഥമസമ്മേളനം 1917-ലാണ് നടന്നതു്. ഫാത്തിമാദർശനം, റഷ്യൻവിപ്ലവം, പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ മെത്രാൻപട്ടാഭിഷേകം മുതലായ സുപ്രധാനസംഭവങ്ങളാൽ ചരിത്രപ്രഖ്യാതമായിത്തീർന്നിരിക്കുന്ന 1917-ൽത്തന്നെ കേരളകത്തോലിക്കാ വിദ്യാർത്ഥിസഖ്യവും ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടുവെന്നതു അർത്ഥഗർഭമായ ഒരു സംഭവമായി പരിഗണിക്കാവുന്നതാണ്. വിശ്വാസം, പഠനം, പ്രയത്നം എന്ന ആയുധത്രയം കരങ്ങളിലേന്തി, "അന്ധകാരത്തിന്റെ ശക്തിക"ളോടും ആധുനികകാലത്തു് അടിക്കടി വളർന്നുവരുന്ന ലൗകായതികത്വത്തോടും നശീകരണപ്രസ്ഥാനങ്ങളോടും അടരാടുവാൻ എം. സി. എസ്. എൽ. നുള്ള കഴിവിനെയും കർത്തവ്യത്തെയുമല്ലയോ അതു സൂചിപ്പിക്കുന്നതു്?

### ഒന്നാംവസന്തത്തിലെ ചില സ്മരണകൾ

1922-ൽ സഖ്യത്തിന്റെ ഭാഗധേയങ്ങൾ വിശാലഹൃദയനും കർമ്മകുശലനുമായ ഫാദർ രോണോരെയുടെ വിദഗ്ദ്ധഹസ്തങ്ങളിൽ അർപ്പിക്കപ്പെട്ട നാൾമുതൽ ഈ സംഘടനയുടെ വസന്തകാലം ആരംഭിച്ചുവെന്നു പറയാവുന്നതാണ്. 1934-ൽ ആ വന്ദ്യതാതൻ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്യുതുവരെ സഖ്യത്തിന്റെ ആ ഒന്നാംവസന്തകാലം നീണ്ടുനില്ക്കുകയും ചെയ്തു. എം. സി. എസ്. എൽ. യുവസഹജമായ ഓജസ്സോടുകൂടി, ഏററം ഊർജ്ജസ്വലമായി പ്രവർത്തിച്ചുവന്ന ഈ കാലയളവിൽ ആലുവാ സെൻറ് മേരീസ് ശാഖയിൽ ഞാൻ അതിന്റെ ഒരു സജീവാംഗമായിരുന്നുവെന്ന വസ്തുത അഭിമാനപുരസ്സരം അനുസ്മരിച്ചുകൊള്ളട്ടെ. എം. സി. എസ്. എൽ.-ന്റെ ആദർശത്തിനു് അനുയോജ്യമായ വിധത്തിൽ സ്റ്റഡിസർക്കിൾസ് (അദ്ധ്യയനസമിതികൾ) നടത്തുന്നതിലാണ് ഞങ്ങൾ സർവ്വപ്രധാനമായി ശ്രദ്ധചെലുത്തിയിരുന്നതു്. മതപരങ്ങളായ വിഷയങ്ങളെ ക്രോഡീകരിച്ചുള്ള— സാമൂഹ്യപ്രശ്നങ്ങൾ അന്നിത്രത്തോളം രൂക്ഷമായിരുന്നില്ല— പ്രബന്ധങ്ങൾ എഴുതിവായിക്കുന്നതിലും പ്രസംഗങ്ങൾ നടത്തുന്നതിലും വിദ്യാർത്ഥികൾ പ്രദർശിപ്പിച്ചുവന്ന താല്പര്യവും ചാതുര്യവും അനന്യസാധാരണമായിരുന്നു. അന്നു എം. സി. എസ്. എൽ. പഠനക്കളരിയിൽ പയററിയ പല ബാലന്മാരും യുവാക്കന്മാരും ഇന്നു പ്രസിദ്ധ പ്രാസംഗികന്മാരും പണ്ഡിതന്മാരുമായി ജീവിതത്തിന്റെ വിവിധതുറകളിൽ പ്രശോഭിക്കുന്നുണ്ടെന്ന സംഗതി ഈ സംഘടനയ്ക്കുതന്നെ അഭിമാനാർഹമായിരിക്കുന്നു. 1929-ൽ എം. സി. എസ്. എൽ.-ന്റെ വാർഷികപൊതുസമ്മേളനം ആലുവായിൽ ഏററം വിജയപ്രദമായി നടത്തിയതിന്റെ മധുരസ്മരണകളും എന്റെ സ്മൃതിപഥത്തിൽ തങ്ങിനില്ക്കുന്നുണ്ടു്. എം. സി. എസ്. എൽ. എന്ന പേരുമാററി വിദ്യാർത്ഥികളല്ലാത്ത യുവാക്കൾക്കുകൂടി പ്രവേശനമനുവദിച്ചുകൊണ്ടു്, എം. സി. വൈ. എൽ. ആയി ഇതിനെ രൂപാന്തരപ്പെടുത്തുന്നകാര്യം ആദ്യമായി ആലോചനയ്ക്കെടുത്തതു് ആലുവാസമ്മേളനത്തിൽ വച്ചാണെന്നാണ് എന്റെ ഓർമ്മ. ഏവംവിധം എം. സി. എസ്. എല്ലുമായി ഉററബന്ധം പുലർത്തിവന്ന ഈയുള്ളവന്റെ ഹൃദയം, കാലചക്രം പിന്നേയും ഏതാണ്ടു് 25 പ്രാവശ്യം തിരിഞ്ഞശേഷം ഇപ്രകാരമൊരു വാർഷികസമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇടവരുത്തിയ ദൈവത്തിന്റെ പരിപാലനാവിശേഷത്തെ ഓർത്തു, ആനന്ദപ്രകർഷത്താൽ പുളകമണിയുകയും കൃതജ്ഞതാപാരവശ്യത്താൽ മുകുളീകൃതമാകുകയും ചെയ്യുന്നു.

### ഇടക്കാലഘട്ടം

മുമ്പു സൂചിപ്പിച്ചതുപോലെ ഫാദർ രോണോരെയുടെ നിര്യാണം എം. സി. എസ്. എലിനെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമായിരുന്നു. എങ്കിലും ഈ സംഘടനയുടെ ഭാഗ്യാതിരേകത്താൽ, അതിന്റെ ഭരണസാരഥ്യം വഹിക്കുവാൻ കഴിവുള്ള വ്യക്തികളെ കണ്ടെത്തുവാൻ പിന്നേയും അതിനു സാധിച്ചു. അവരാണ് ഉദാസിൽ ആടിയിരുന്ന അതിന്റെ ജീവനെ സംരക്ഷിക്കുകയും അകാലനിര്യാണത്തിൽനിന്നു് അതിനെ കാത്തുരക്ഷിക്കുകയും ചെയ്തതു്.

"സുഖത്തിലുണ്ടാം സഖിമാര-
നേകം
ദുഃഖം വരുമ്പോൾ പുനരാരു-
മില്ല
ഖഗങ്ങൾ മാവിൽ പെരുകും-
വസന്തേ
വരാ ശരത്തിങ്കലതൊന്നു-
പോലും"


എന്ന കവിവാക്യം അർത്ഥവത്താണെങ്കിൽ, മേൽപ്പറഞ്ഞവരോടു് എം. സി. എസ്. എലിനുള്ള കടപ്പാടു് നിസ്സീമമാണ്.

ഏവംവിധം കാലചക്രല്ലോലങ്ങളുടെ താഡനമേററും പരാജയങ്ങളുടെ പാറക്കെട്ടുകളിൽ തട്ടിയും മുട്ടിയും എന്നാൽ പൊട്ടിത്തകരാതെയും സഖ്യനൗക സമുദായസാഗരത്തിൽ സഞ്ചരിച്ചു. 1949-ൽ രാമപുരത്തു ചേർന്ന വാർഷികത്തിൽവച്ചു് സഖ്യത്തെ പുനരുദ്ധരിക്കുവാനും അതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുവാനും നിശ്ചയം ചെയ്തതിനെത്തുടന്നു് സഖ്യത്തിന്റെ രണ്ടാംവസന്തം ആരംഭിച്ചെന്നു പറയാം. ഭാരവാഹികളുടെ അശ്രാന്തപരിശ്രമവും വൈദികമേലദ്ധ്യക്ഷന്മാരുടെ പ്രോത്സാഹനവും വഴി, ഇതിനകം 65-ലധികം സഖ്യശാഖകൾ കേരളത്തിലെവിവിധവിദ്യാലയങ്ങളിൽസ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് ഏററവും ചാരിതാർത്ഥ്യജനകമായിരിക്കുന്നു. കേരളത്തിലെ മറെറല്ലാ കത്തോലിക്കാ സ്കൂളുകളിലും കൂടി എം. സി. എസ്. എൽ. ശാഖകൾ സ്ഥാപിക്കേണ്ടതു് ഇന്നത്തെ ഒരടിയന്തിരാവശ്യമായി തീർന്നിരിക്കുകയാണ്. സ്കൂൾ മാനേജരന്മാരും ഹെഡ്മാസ്റ്റർമാരും കോളേജധികൃതരും അതിനുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുമെന്നു പ്രതീക്ഷിക്കട്ടെയോ?

### കത്തോലിക്കാവിദ്യാർത്ഥികൾസംഘടിക്കണം

ഇന്നത്തെ വിദ്യാർത്ഥിലോകത്തിന്റെ സ്ഥിതി പര്യാലോചിച്ചാൽ എം. സി. എസ്. എൽ. പോലുള്ള വിദ്യാർത്ഥിസംഘടനകളുടെ ആവശ്യകത സുതരാം വ്യക്തമാകുന്നതാണ്. ഇന്നേവർക്കും വിദ്യാർത്ഥികളെയാണാവശ്യം. അവരെ വിവിധപാർട്ടികളിൽപ്പെട്ട രാഷ്ട്രീയപ്രവർത്തകർക്കെല്ലാം വേണം. പ്രത്യേകിച്ചും വിപ്ലവകാരികളാണു വിദ്യാർത്ഥികളെ പിണിയാളുകളാക്കി സ്വന്തം കാര്യം കാണാൻ കിണഞ്ഞു പരിശ്രമിക്കുന്നതു്. വിദ്യാർത്ഥികളാണ് ലോകത്തിലെ ഏററവും വലിയ ശക്തി. അവരാണ് "നാളെ"യുടെ വിധാതാക്കൾ. ഒരു രാഷ്ട്രത്തിന്റെ ഭാവി ഭാസുരമാക്കാൻ അവർ വിചാരിച്ചാൽ സാധിക്കും; അതിനെ അന്ധകാരാവൃതമാക്കുവാനും അവർക്കുകഴിയുന്നതാണ്. ഉത്സാഹവും ഉന്മേഷവും വഴിഞ്ഞൊഴുകുന്ന ഒരു കാലഘട്ടമാണ് യുവത്വം. ആശയങ്ങളും ആദർശങ്ങളും ആ ഘട്ടത്തിൽ നിഷ്പ്രയാസം മനസ്സിൽ പതിയുകയും തജ്ജന്യമായ ആവേശം ഞൊടിയിടകൊണ്ടു് ഹൃദയവേദിയിൽ അലതല്ലുകയും ചെയ്യും. മാത്രമല്ല, നാമേതൊരു പ്രസ്ഥാനം ആരംഭിച്ചാലും അതിനെ ഏറെറടുക്കുവാനും ഭാവിതലമുറയ്ക്കു അതിനെ കൈമാറുവാനും ഇന്നത്തെ "വളരുന്ന തലമുറ" സന്നദ്ധമല്ലെങ്കിൽ, നമ്മുടെ പ്രയത്നങ്ങൾ ശാശ്വതഫലം പുറപ്പെടുവിക്കുന്നതല്ല. ഈ തത്വങ്ങൾ നല്ലപോലെ മനസ്സിലാക്കിക്കൊണ്ടാണ് എല്ലാ നേതാക്കളും വിദ്യാർത്ഥിലോകത്തെ പാട്ടിലാക്കുവാനും, ബാലമനസ്സുകളിലേക്കു സ്വന്തം ആശയാദർശങ്ങൾ പകർന്നുകൊടുക്കുവാനും വെമ്പൽ കൊള്ളുന്നതു്. ഇക്കാരണത്താൽ തന്നെയാണ് കത്തോലിക്കാതിരുസ്സഭയും യുവതീയുവാക്കന്മാരുടേയും ബാലികാബാലന്മാരുടേയും ശിക്ഷണത്തിൽ അതീവതല്പരയായിരിക്കുന്നതും അവരുടെ യുവചൈതന്യത്തെ നേർവഴിക്കു തിരിച്ചിടുന്നതിൽ ജാഗരൂകയായിരിക്കുന്നതും.

എം. സി. എസ്. എലിനെപ്പററി 1951 ഡിസംബർ 19-ാം തീയതിയിലെ "സത്യദീപ"ത്തിൽ പ്രസിദ്ധം ചെയ്ത മുഖപ്രസംഗത്തിൽ കത്തോലിക്കാവിദ്യാർത്ഥികൾ സംഘടിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി സവിസ്തരം പ്രതിപാദിച്ചിരുന്നു. വിധ്വംസകശക്തികൾ സുസംഘടിതമായിട്ടാണ് പ്രവർത്തിക്കുന്നതു്. വിദ്യാർത്ഥികളുടെ ചില സംഘടനകൾ ഇത്തരം ശക്തികളുടെ പിടിയിൽ അമർന്നിരിക്കുന്നതായി പറയപ്പെടുന്നു. ഏതാദൃശസംഘടനകളും അവയുടെ പിന്നിലുള്ള ശക്തികളും വിദ്യാലയങ്ങളിലെ പഠിപ്പുമുടക്കുകൾക്കും മററു കുഴപ്പങ്ങൾക്കും പ്രചോദനവും പ്രോത്സാഹനവും നേതൃത്വവും നൽകുന്നതായിട്ടാണ് പരക്കെ വിശ്വസിക്കപ്പെടുന്നതു്. കത്തോലിക്കരും അകത്തോലിക്കരുമായ പല നല്ല വിദ്യാർത്ഥികളും ഈ നിഗ്ഗുഢപ്രവർത്തനങ്ങളുടെ നീർച്ചുഴിയിൽ അകപ്പെട്ടു നട്ടംതിരിയുവാനും സമയവും പണവും നഷ്ടപ്പെടുത്താനും ഇടവരുന്നുണ്ടു്.


"ജബ്കോ"
5-ാംനമ്പ്ര് തൂക്കുവിളക്ക്
ഗുണത്തിൽ
എതിരാളിയില്ലാത്തതു്-
"ജബ്കോ ബഡ്റൂം" വിളക്കും
അങ്ങിനെതന്നെ
ജയ ഭാരതം കമ്പനി
എറണാകുളം—1

ഈദൃശപരിതഃസ്ഥിതിയിൽ കത്തോലിക്കാവിദ്യാർത്ഥികൾസംഘടിക്കേണ്ടതു് ഏററവും ആവശ്യമായിരിക്കുന്നു. തിന്മയെ ചെറുത്തുനില്ക്കുന്നതിനും ഉത്തമാദർശങ്ങൾക്കു സർവ്വത്രപ്രതിഷ്ഠനൽകുന്നതിനും സുസംഘടിതമായ പ്രവർത്തനമാണ് ആവശ്യമായിരിക്കുന്നതു്. കേരളത്തിലെ കത്തോലിക്കാവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, അവർക്കേററം യോജിച്ച സംഘടന എം. സി. എസ്. എൽ. ആണെന്നതിനു പ്രതിപക്ഷമില്ല. ഏതാണ്ടു് 4 ദശാബ്ദക്കാലത്തെസേവനപാരമ്പര്യമതിനുണ്ടു്. കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹവും ആശീസ്സും അതിനു ലഭിച്ചിട്ടുമുണ്ടു്. ഈ നാട്ടിലെ അത്മനിപ്രമുഖരിൽ അധികപങ്കും ഏതെങ്കിലും പ്രകാരത്തിൽ അതുമായി ബന്ധപ്പെട്ടവരുമാണ്. ആകയാൽ നമുക്കു കരുപ്പിടിക്കാൻ സാധിക്കുന്ന ഏതൊരു നവീനസംഘടനയെക്കാളും വിജയസാദ്ധ്യതയുള്ളതു് എം. സി. എസ്. എലിനാണ്. എന്നാൽ പുതിയ പുതിയ സംഘടനകളെ രംഗപ്രവേശം ചെയ്യിക്കാൻ തത്രപ്പെടുന്ന വൈദികരും അത്മേനികളും ഇല്ലാതില്ല. പുരോഗാമികൾ തുടങ്ങിവച്ചിരിക്കുന്ന പ്രസ്ഥാനങ്ങളെയും സംഘടനകളെയും മുന്നോട്ടു കൊണ്ടുപോകുന്നതിനു് അവർ താല്പര്യം പ്രദർശിപ്പിക്കാത്തപക്ഷം, അവരുടെ നേതൃത്വത്തിൽ സമാരംഭിക്കുന്ന പ്രസ്ഥാനങ്ങളും വിജയിക്കാൻ ഇടയില്ല എന്നു മനസ്സിലാക്കാൻ വേണ്ട ദീർഘദൃഷ്ടി അവർക്കില്ലാതെ പോകുന്നതാണു് ആശ്ചര്യകരമായിരിക്കുന്നതു്. "നീ അളക്കുന്ന അളവാൽ നിനക്കും അളക്കപ്പെടും" എന്ന മഹദ്വാക്യത്തിനു് ഈ വിഷയത്തിലും പ്രസക്തിയുണ്ടു്. നാം തുടങ്ങുന്ന പ്രസ്ഥാനങ്ങൾ നമ്മുടെ പിൻഗാമികൾ മുന്നോട്ടു കൊണ്ടുപോകണമെന്നും വിജയപഥത്തിലെത്തിക്കണമെന്നും നാം ആഗ്രഹിക്കുന്നെങ്കിൽ, ആ മനോഭാവം നമ്മുടെ മുൻഗാമികൾ സമാരംഭിച്ച പ്രസ്ഥാനങ്ങളോടും നാം പുലർത്തണമെന്നതു് കേവലം നീതിയുക്തമല്ലയോ?

### സഖ്യത്തിന്റെ മുദ്രാവാക്യം

എം. സി. എസ്. എൽ. കൊണ്ടു് ഉദ്ദേശിക്കപ്പെടുന്ന പ്രധാനഫലങ്ങൾ തദംഗങ്ങളുടെ വ്യക്തിപരമായ വിശുദ്ധീകരണവും വിജ്ഞാനസമ്പാദനവുമാണെന്നു് "വിശ്വാസം, പഠനം, പ്രയത്നം" എന്ന അതിന്റെ മുദ്രാവാക്യം തന്നെ പ്രസ്പഷ്ടമാക്കുന്നു. ആദ്ധ്യാത്മികകർമ്മാനുഷ്ഠാനങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന സജീവവിശ്വാസമാണല്ലോ ഒരു കത്തോലിക്കന്റെ എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം. അതുകൊണ്ടാണു് "വിശ്വാസ"ത്തിനു മുദ്രാവാക്യത്തിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നതു്. ഒരു കത്തോലിക്കാവിദ്യാർത്ഥി ലൗകികവിജ്ഞാനം സമ്പാദിക്കുന്നതോടൊപ്പം മതപരമായ വിജ്ഞാനവും സമ്പാദിക്കേണ്ടതു് ആവശ്യമാകയാൽ "പഠന"വും മുദ്രാവാക്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അവൻ വിശ്വാസവും പഠനവുംകൊണ്ടുമാത്രം തൃപ്തിയടയാതെ, പ്രവൃത്തിപഥത്തിലിറങ്ങി സഭയുടേയും സമുദായത്തിന്റെയും സേവനത്തിനായി സ്വന്തം കഴിവുകൾ അർപ്പിക്കേണ്ടതാണ്. അതിനെയാണു മുദ്രാവാക്യത്തിലെ "പ്രയത്ന"മെന്ന ശബ്ദം അനുസ്മരിപ്പിക്കുന്നതു്. തൊഴിലാളിമുതലാളിപ്രശ്നങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, അവശരുടേയും ആലംബഹീനരുടേയും സംഖ്യ അനുദിനം വർദ്ധിച്ചുവരുന്ന ഇക്കാലത്തു്, യുവചൈതന്യം തുളുമ്പുന്ന വിദ്യാർത്ഥികളുടെ മുമ്പിൽ കിടക്കുന്ന സേവനത്തിന്റെ വയൽ അതിവിശാലമാണെന്നു പറയേണ്ടതില്ലല്ലോ. രോഗികളെ സന്ദർശിക്കുക, നിർദ്ധനരെ സഹായിക്കുക, തൊഴിലാളികൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ ശ്രമിക്കുക, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കു ഞായറാഴ്ചകളിൽ മതബോധനം നൽകുക തുടങ്ങിയ നിരവധി നല്ലകാര്യങ്ങൾ ചെയ്തു് ആ വയലിൽനിന്നു മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയുമായി വിളവെടുക്കുവാൻ തീക്ഷ്ണമതികളായ കത്തോലിക്കാ വിദ്യാർത്ഥികൾക്കു സാധിക്കുന്നതാണ്. അവരിൽ ഓളംവെട്ടുന്ന ചൈതന്യപ്രകർഷത്തെ നേർവഴിക്കു തിരിച്ചുവിടണമെന്നുമാത്രം.

അനന്തരം തിരുമേനി കത്തോലിക്കാ മതതത്വങ്ങളുടെ പഠനം വഴി വിദ്യാർത്ഥികൾ സ്വയം ഉൽബുദ്ധരാവുകയും, പ്രതിയോഗികളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുന്നതിനു പ്രാപ്തരാവുകയും ചെയ്യേണ്ട


---

ന്നശേഷം വീണ്ടും പറഞ്ഞു, "ഇപ്പോഴിതിരിക്കട്ടെ! വീണ്ടും കഴിവുപോലെ ചെയ്യാം. എന്നെ സമാധാനമുള്ളവനാക്കിത്തീർത്ത ഈ ദേവാലയവും ഈ സ്ഥലവും ഞാൻ മറക്കുകയില്ല. ഇനി ഞാൻ പോകട്ടെ. ഇന്നു രാത്രിതന്നെ ആ അഡ്വക്കേററിനെകാണണം. നമുക്കു പള്ളിയിലേക്കു പോകാം." ഞങ്ങൾ പള്ളിയിൽ കയറി. "കർത്താവേ, നിത്യാശ്വാസം അവർക്കുകൊടുക്കേണമേ!" എന്നു പ്രാർത്ഥന നടത്തി സുസ്മേരവദനനായി അദ്ദേഹം യാത്രപറഞ്ഞു. ആ കാർ മുന്നോട്ടു പാഞ്ഞു. നോഹയുടെപെട്ടകത്തിൽനിന്നും പുറത്തേക്കു പോയ പ്രാവിനെപ്പോലെ.

തിൻെറ ആവശ്യകതയെ സുദീർഘം പ്രതിപാദിക്കുകയും ഉദാഹരണങ്ങൾകൊണ്ടു വിശദമാക്കുകയുംചെയ്തു.

### സഭാസിദ്ധാന്തങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കണം

ആകയാൽ കത്തോലിക്കാസഭയുടെ മതപരവും സാമൂഹികവുമായ സിദ്ധാന്തങ്ങളെ പഠിച്ചറിയുവാനും അവയുടെ മനോഹാരിത ഗ്രഹിക്കുവാനും സർവ്വാത്മനാ പരിശ്രമിക്കണമെന്നാണു് കേരളകത്തോലിക്കാവിദ്യാർത്ഥികളെ എനിക്കു ഉദ്ബോധിപ്പിക്കുവാനുള്ളതു്. വാസ്തവത്തിൽ എം. സി. എസ്. എൽ. ൻെറ ജീവൻ വിദ്യാർത്ഥികളുടെ പഠനക്കളരികളാണു്. പഠനക്കളരികളുടെ പ്രാധാന്യം, അവ നടത്തേണ്ടവിധം, പഠിക്കേണ്ട വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പ്രായോഗികനിർദ്ദേശങ്ങൾ എം. സി. എസ്. എൽ. പ്രസിഡണ്ടു് ശ്രീ പി. ടി. തോമസു് എം. എ. രചിച്ചിട്ടുള്ള "കേരളകത്തോലിക്കാ വിദ്യാർത്ഥിസംഘം—പുനരുദ്ധാരണവും പ്രവൃത്തിപരിപാടിയും" എന്ന വിശിഷ്ടഗ്രന്ഥത്തിൻെറ 14 മുതൽ 20 വരെ പേജുകളിൽ കാണാവുന്നതാണു്. ആ ലഘുഗ്രന്ഥത്തിൻെറ ഒരു കോപ്പി ഓരോ അംഗത്തിൻെറ കൈയിലും ഉണ്ടായിരിക്കുന്നതു് അഭിലഷണീയമായിരിക്കും. ആഴ്ചയിലൊരിക്കൽ നിശ്ചിതപരിപാടിയനുസരിച്ചു് പഠനക്കളരി നടത്തുന്നതു് ഏററവും ഗുണപ്രദമാണു്. ഒരു വമ്പിച്ച മീററിംഗിൻെറ രൂപത്തിലല്ല പഠനക്കളരി നടത്തേണ്ടതു്. 12 അംഗങ്ങളെങ്കിലും ഉണ്ടായാൽ ധാരാളം മതി. ചെറിയ ഗ്രൂപ്പുകളായി സമ്മേളിച്ചു് സ്വതന്ത്രമായി വിഷയങ്ങൾ ചർച്ചചെയ്യുകയും ആശയങ്ങൾ വിനിമയം ചെയ്യുകയും ചെയ്യുന്ന പക്ഷം പരമാവധി പ്രയോജനം ഉണ്ടാകുന്നതാണു്. സാഹചര്യമനുസരിച്ചു് വലിയ ഗ്രൂപ്പുകൾ രൂപവല്ക്കരിക്കുന്നതിനും വിരോധമില്ല. പ്രബന്ധമോ പ്രസംഗമോ മുഖേന വിഷയം അവതരിപ്പിക്കുന്ന വ്യക്തി അതിൻെറ നാനാവശങ്ങളെപ്പററി കൂലങ്കഷമായ പഠനംനടത്തിയും ആക്ഷേപങ്ങൾക്കു സമാധാനം പറയാൻ വേണ്ട കൈമുതൽ സമ്പാദിച്ചുമാണു് യോഗത്തിൽ ഹാജരാകേണ്ടതു്. യോഗം നിയന്ത്രിക്കാൻ ആദ്ധ്യാത്മികോപദേഷ്ടാവിൻെറ സാന്നിദ്ധ്യമുള്ളതിനാൽ ആരും അപഥസഞ്ചാരം ചെയ്യുമെന്നു ഭയപ്പെടാനുമില്ല. വെറുംമൈതാനപ്രസംഗങ്ങളെ അപേക്ഷിച്ചു് വിഷയങ്ങളെ യുക്തിയുക്തമായി, കാര്യകാരണസഹിതം ചർച്ചചെയ്യുന്ന കളരികൾ ഫലമുളവാക്കുന്നതാണു്. അങ്ങനെ മനസ്സിൽ ആഴമായി പതിയുന്ന തത്വങ്ങളാണു് ഭാവിപ്രവർത്തനങ്ങൾക്കു പ്രചോദനം നൽകുന്നതു്. കമ്മ്യൂണിസ്റ്റുകാർ ഈ സംഗതി നല്ലപോലെ ഗ്രഹിച്ചിട്ടുള്ളതുകൊണ്ടാണു്, രാത്രികാലങ്ങളിൽ സ്റ്റഡിക്ലാസുകൾ നടത്തുന്നതിൽ അവർ ഉൽസുകരായി കാണപ്പെടുന്നതു്. എന്നാൽ സത്യം നമ്മുടെ ഭാഗത്തുള്ളതിനാൽ, നമ്മുടെ സിദ്ധാന്തങ്ങൾ നാം നല്ലപോലെ പഠിക്കുകയും മററുള്ളവരും അവ ഗ്രഹിക്കുന്നതിനു് അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്താൽ, നാം വിജയിക്കുമെന്നതിനെപ്പററി യാതൊരു സംശയവുമില്ല. സൂര്യപ്രകാശത്തിൽ അന്ധകാരം താനേ അന്തർദ്ധാനം ചെയ്തുകൊള്ളും. മനുഷ്യൻ വിശേഷബുദ്ധിയുള്ള ജീവിയാകയാൽ ബുദ്ധിമുഖേന മാത്രമേ അവൻെറമേൽ സമ്പൂർണ്ണവിജയംവരിക്കാൻ സാധിക്കുകയുള്ളുവെന്നും ഓർത്തിരിക്കണം. He who conqu rs by force conqu rs but half the enemy ബലംകൊണ്ടു് വിജയംവരിക്കുന്നവൻ ശത്രുവിൻെറ അർദ്ധഭാഗം മാത്രമേ കീഴടക്കുന്നുള്ളുവെന്നു് ആംഗ്ലേയകവിസാർവ്വഭൗമനായ മിൽട്ടൺ പ്രസ്താവിച്ചിരിക്കുന്നതു് എത്ര വാസ്തവമായിരിക്കുന്നു.




ആരെങ്കിലും നമ്മുടെ സിദ്ധാന്തങ്ങളോടു് അനാദരവ് പ്രദർശിപ്പിക്കുന്നില്ലെങ്കിൽ അതിനുള്ള മുഖ്യകാരണം, അവ അറിയാൻ അയാൾക്കു അവസരം ലഭിച്ചിട്ടില്ല എന്നതാണു്. ഒരുദാഹരണംകൊണ്ടു് ഇതു വിശദമാക്കാം. നിങ്ങൾ നിങ്ങളുടെ ഭവനത്തിൻെറ ഉമ്മരത്തിരിക്കുമ്പോൾ ഗേററുകടന്നു ഒരാൾ വരുന്നതിനെ കാണുന്നുവെന്നു വിചാരിക്കുക. എന്നാൽ അയാൾ, നേർവഴിക്കു വരുന്നതിനു പകരം ഇരുവശങ്ങളിലേക്കും ചാഞ്ഞുചരിഞ്ഞുപോയി അവിടെ നിങ്ങൾ ശ്രദ്ധാപൂർവ്വം നട്ടുവളർത്തിയിട്ടുള്ള പുഷ്പിച്ചുനില്ക്കുന്ന ചെടികളെ ചവുട്ടി മെതിക്കുന്നു. അതു കാണുമ്പോൾ നിങ്ങൾക്കു കോപമുളവാകയും അയാളോടു് രണ്ടുവാക്കു പറയുന്നതിനായി നിങ്ങൾ ഓടിയെത്തുകയും ചെയ്യുന്നു. അപ്പോഴാണു് നിങ്ങൾ മനസ്സിലാക്കുന്നതു് അയാൾ അന്ധനാണെന്നു്, അയാളുടെ കണ്ണുകൾക്കു കാഴ്ചയില്ലെന്നു്. തൽക്ഷണം നിങ്ങളുടെ കോപം കെട്ടാറുകയും നിങ്ങൾ അയാളെ ദുർവിധി ചെയ്തതിനെപ്പററി പശ്ചാത്തപിക്കുകയും ചെയ്യുന്നു. ഇതാണു് നമ്മുടെ പ്രതിയോഗികളുടേയും സ്ഥിതി. നമ്മുടെ സിദ്ധാന്തങ്ങളെപ്പററിയുള്ള അജ്ഞതനിമിത്തമാണു് അവർ സഭയോടു അനാദരവം പുലർത്താത്തതു്. ആ അജ്ഞത ദൂരീകരിക്കാൻ ശ്രമിക്കാത്തതിൽ നമ്മൾതന്നെയാണു് അപരാധികൾ. അതിനാവശ്യകമായ അറിവു നാം സമ്പാദിക്കുന്നില്ലെങ്കിൽ ആ അപരാധം തികച്ചും അക്ഷന്തവ്യമായിരിക്കും.

### ഗ്രന്ഥപാരായണം


അദ്ധ്യയനസമിതികൾക്കു പുറമെ വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളും പത്രമാസികകളും പാരായണംചെയ്തും മതവിജ്ഞാനം സമ്പാദിക്കുവാൻ നാം ശ്രമിക്കണം. ബിഷപ്പു് ഫുൾട്ടൻ ജെ. ഷീൻ, ഫാദർ ഡാനിയെൽ എ. ലോർഡു് (കാൻസർരോഗത്താൽ അദ്ദേഹം ഈയിടെ നിര്യാതനായി എന്ന വ്യസനവാർത്ത അറിയിച്ചുകൊള്ളുന്നു), ഫാദർ ഒബ്രിയൻ, മാർട്ടിൻ ജെ. സ്കോട്ടു് മുതലായ പണ്ഡിതാഗ്രേസരരുടെ ഗ്രന്ഥങ്ങൾ വിദ്യാർത്ഥികൾക്കു് ഏററവും പ്രയോജനപ്രദമായിരിക്കും. ഈദൃശ കൃതികളടങ്ങിയ നല്ലൊരു ഗ്രന്ഥശേഖരം എല്ലാ സംഘശാഖയിലും ഉണ്ടായിരിക്കേണ്ടതാണു്.

പരിമിതമായ തോതിലാണു് ഈ വാർഷികാഘോഷം നടത്തപ്പെടുന്നതെങ്കിലും, അതു സംഘപ്രവർത്തനത്തിനു് ഒരു നവജീവൻ പ്രദാനം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. സംഘാംഗങ്ങളുടെ ചാരംപൊതിഞ്ഞുകിടക്കുന്ന തീക്ഷ്ണതയുടെ തീപ്പൊരി ഊതിക്കത്തിക്കുന്നതിനു് ഇതൊരവസരമായി ഭവിക്കട്ടെ. കത്തോലിക്കാസഭയുടെ അരുമസന്താനങ്ങളായ യുവതികളേ, യുവാക്കന്മാരേ, ബാലന്മാരേ, ബാലികമാരേ, ശുഭാപ്തിവിശ്വാസത്തോടും ആത്മധൈര്യത്തോടും സേവനസന്നദ്ധതയോടുംകൂടി നിങ്ങൾ മുന്നേറുവിൻ. വിശ്വാസം, പഠനം, പ്രയത്നം എന്ന മഹനീയാദർശങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു്, ക്രിസ്തുവിനുവേണ്ടി അടരാടുവാൻ അരയും തലയും മുറുക്കി രംഗത്തേക്കിറങ്ങുവിൻ. നിങ്ങളുടെ യുവചൈതന്യം സഭാസേവനത്തിനായി അർപ്പിക്കുവിൻ. നിങ്ങളുടെ ബുദ്ധി ദൈവികതത്വങ്ങളുടെ ഗ്രഹണത്താൽ സമ്പന്നവും നിങ്ങളുടെ ഹൃദയം ദൈവസ്നേഹത്താൽ സംശുദ്ധവുമായി ഭവിക്കട്ടെ. അതിനുവേണ്ട സകല അനുഗ്രഹങ്ങളും ജഗദീശൻ നിങ്ങളുടെമേൽ വർഷിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

## വാർഷികം

കേരളകത്തോലിക്കാ വിദ്യാർത്ഥിസംഘത്തിൻെറ 38-ാമതു വാർഷികം സംബന്ധിച്ചുള്ള ആഘോഷങ്ങൾ എറണാകുളം മെത്രാപ്പോലീത്തൻ ദേവാലയത്തിൽവച്ചു് റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അർപ്പിച്ച ദിവ്യബലിയോടുകൂടി ഫെബ്രുവരി 5-ാംനു സമാരംഭിച്ചു. ലീഗുഭാരവാഹികളും അനവധി അംഗങ്ങളും ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. ഉടനെ റവ. ഫാദർ വറുഗീസു് പഴേമഠം ലീഗിൻെറ ആദർശത്തേയും അതിൻെറ മുദ്രാവാക്യത്തേയും പുരസ്കരിച്ചു് ഒരു പ്രസംഗംചെയ്തു.

വാർഷികസമ്മേളനരംഗമായ സെൻറു് ആൽബർട്ട്സു് കോളേജങ്കണത്തിൽവെച്ചു് കൃത്യം 9-30 നു് ശ്രീ എൽ. എം. പൈലി അവർകൾ ഒരു പ്രസംഗത്തോടുകൂടി പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു.




For favours received

George V. Thadikaran
Changanachery

10-15 നു് റവ. ഫാദർ ഔറേലിയൂസു് ടി. ഒ. സി. ഡി., ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ ചർച്ചായോഗം ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ ലീഗുപ്രവർത്തനത്തിൽ അദ്ധ്യാപകന്മാരുടേയും വിദ്യാലയ ഭാരവാഹികളുടേയും സഹകരണം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പഠനക്കളരികളുടെ കാര്യക്ഷമമായ നടത്തിപ്പ്, ലഘുലേഖാപ്രസിദ്ധീകരണം, ലീഗും പാക്സ് റൊമാനായുമായുള്ള ബന്ധം തുടങ്ങി അനവധി വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. പ്രായോഗികമായ പല നിർദ്ദേശങ്ങളും അവതരിപ്പിക്കപ്പെടുകയുണ്ടായി.

വാർഷികപൊതുസമ്മേളനം 6-ാംനു ഞായറാഴ്ച വൈകുന്നേരം സെൻറു് ആൽബർട്ട്സു് കോളേജു് ഹാളിൽവച്ചു് എറണാകുളം സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടന്നു.

എറണാകുളത്തെ വൈദികപ്രമുഖർ, അദ്ധ്യാപകന്മാർ, കോളേജു് പ്രൊഫസറന്മാർ, ബഃ കന്യാസ്ത്രീകൾ, വിദ്യാർത്ഥിവിദ്യാർത്ഥിനികൾ, തിരുക്കൊച്ചിയുടെ നാനാഭാഗങ്ങളിൽനിന്നും വന്നെത്തിയിരുന്ന ലീഗുപ്രതിനിധികൾ എന്നിവരടങ്ങിയ ഒരു വമ്പിച്ച ജനസമൂഹം ചേതസ്സമാകർഷകമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്ന ഹാളിൽ സമ്മേളിച്ചിരുന്നു.

ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം റവ. ഫാദർ ആൻറണി ലോപ്പസു് ബി. എ. ബി. ടി. സ്വാഗതപ്രസംഗം ചെയ്തു.

അനന്തരം എം. സി. എസ്. എൽ. വാർഷികത്തിനു് ഭാവുകങ്ങൾ നേർന്നുകൊണ്ടു്, ബോംബെ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസു്, ഇന്ത്യയുടെ അപ്പസ്തോലിക് ഇൻറർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ്, എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ, വരാപ്പുഴ മെത്രാപ്പോലീ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Elsy Mathew, Trichur

ത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി, കോട്ടാർ മെത്രാൻ ഡോക്ടർ അഗ്നിസ്വാമി, കോട്ടയം മെത്രാൻ റൈററു് റവ. ഡോക്ടർ തോമസ് തറയിൽ, കൊച്ചി മെത്രാൻ റൈററു് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു്, ആലപ്പുഴ മെത്രാൻ റൈററു് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം, തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററു് റവ. മാർ ഗ്രിഗോറിയോസ്, തിരുവല്ലാരൂപതാ അഡ്മിനിസ്ട്രേററർ റൈററു് റവ. മാർ അത്തനാസിയോസു്, തലശ്ശേരിരൂപതാ അഡ്മിനിസ്ട്രേററർ റൈററു് റവ. മോൺഃ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എന്നീ അഭിവന്ദ്യ തിരുമേനിമാരിൽനിന്നും, ഷെവഃ ജോസഫ് പെട്ട, ഷെവഃ (ഡോ.) പി. ജെ. തോമസു്, ശ്രീ ഐ. സി. ചാക്കോ എന്നീ പ്രശസ്തവ്യക്തികളിൽനിന്നും ലഭിച്ചിരുന്ന സന്ദേശങ്ങൾ പാരായണം ചെയ്യുകയുണ്ടായി.

തുടർന്നു ലീഗു് ജോയിൻറു് സെക്രട്ടറി മി. ആൻറണി മണവാളിൽ ഇക്കൊല്ലത്തെ പ്രവർത്തനറിപ്പോർട്ടു അവതരിപ്പിച്ചു. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്നു് വിവിധ വിഷയങ്ങളിൽ നടത്തപ്പെട്ട മത്സരപ്പരീക്ഷയിൽ ഒന്നാംസ്ഥാനം നേടിയവർക്കുള്ള സമ്മാനദാനം അദ്ധ്യക്ഷൻ തിരുമേനി നിർവ്വഹിച്ചു.

ശ്രീ ഇ. ജെ. ആൻറണി ബി. എ. എൽ. ടി., മിസ്സിസ് മേരി പൊന്നപ്പൻ, ശ്രീ മാത്യു ഉലകംതറ എന്നിവർ പ്രസംഗിച്ചു.

അദ്ധ്യക്ഷൻ തിരുമനസ്സിലെ ഉപസംഹാരപ്രസംഗത്തിൽ നല്ല സാഹിത്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കണമെന്നു ഉൽബോധിപ്പിക്കുകയുണ്ടായി. കത്തോലിക്കാ വിദ്യാർത്ഥികൾക്കു ശരിയായ വേദപഠനം നൽകുന്നതിനായി അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കണമെന്നും അതിനു വേണ്ടിവരുന്ന ചിലവു് സ്കൂൾമാനേജരന്മാർ വഹിക്കണമെന്നും തിരുമേനി നിർദ്ദേശിച്ചു.

ഉടനെ ലീഗു പ്രസിഡൻറു് പ്രൊഫസർ പി. ടി. തോമസു് എം. എ. കൃതജ്ഞത പ്രകാശിപ്പിച്ചു. ഇടയ്ക്കിടയ്ക്കു് എറണാകുളം സെൻറു് മേരീസ് ഹൈസ്കൂളിലേയും, ചാത്യാത്തു് എം. എം. സി. ഹൈസ്കൂളിലേയും ചെറുബാലികമാരുടെ ഗാനാലാപങ്ങളും നൃത്തവും, എറണാകുളം അസ്സീസിക്ലബംഗങ്ങളുടെ സംഗീതകലാപ്രകടനങ്ങളും മററുമുണ്ടായിരുന്നു.



## ഇടവകവാർത്തകൾ

**കോയമ്പത്തൂർ:** സ്ഥലം കേരളകാത്തലിക് അസോസിയേഷന്റെ രണ്ടാംവാർഷികസമ്മേളനം ജനുവരി 30-ാംനു- ഞായറാഴ്ച വൈകുന്നേരം 4-30 നു് വി. മിഖായേൽ ഹൈസ്കൂൾ ബ്രിട്ടോ ഹാളിൽവെച്ചു് ഏ. പെ. പെ. ബഹു: കോയമ്പത്തൂർ രൂപതാമെത്രാൻ ഡോക്ടർ M. ശവരിമുത്തു ഡി. ഡി. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടുകയുണ്ടായി.

4 മണിക്കു് വിശുദ്ധ മിഖായേൽ ദേവാലയത്തിൽനിന്നു് അമ്പതോളം വാളണ്ടിയർമാരുടേയും സേവാസമിതി അംഗങ്ങളുടേയും, അകമ്പടിയോടും, ബാൻറു് വാദ്യത്തോടുംകൂടി അദ്ധ്യക്ഷൻ തിരുമേനിയെ സ്വീകരിച്ചു് ബ്രിട്ടോ ഹാളിലേക്കു് ആനയിച്ചു. ബാലികമാരുടെപ്രാർത്ഥനാഗാനം, ഹാരാർപ്പണം, മി. T. F. ജോർജ്ജിന്റെ സ്വാഗതപ്രസംഗം, സിക്രട്ടറി മി. T. A. ലോനപ്പന്റെ റിപ്പോർട്ടുവായന ഇവയ്ക്കുശേഷം അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം നടന്നു.

ശ്രീ സെബാസ്റ്റ്യൻ തോപ്പിൽ, റവ. ഫാദർ വിൻസെൻറു് O. C. D. M. എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിൽ തിരുമേനി കേരളകത്തോലിക്കർക്കു് ആത്മീയകാര്യങ്ങളിൽ തമിഴരെപ്പോലെ തന്നെ സർവ്വവിധ ആനുകൂല്യങ്ങളും സൗകര്യങ്ങളും വാഗ്ദാനം ചെയ്യുകയുണ്ടായി. അസോസിയേഷൻ പ്രസി. മി. C. V. ഇനാശു നന്ദിപ്രകടിപ്പിക്കുകയും, ബാലികമാരുടെ "പാപ്പാമംഗള"ത്തോടെ സമ്മേളനം മംഗളമായി പര്യവസാനിക്കയും ചെയ്തു.

സമ്മേളനത്തിനുശേഷം 7-30 നു് സക്കറിയാസ് & പാർട്ടിയുടെ "മട്ടിതനായമഹർഷി അഥവാ യോഹന്നാന്റെ ശിരഛേദം" എന്നകഥാകാലക്ഷേപംനടത്തപ്പെട്ടു.

**പഴങ്ങനാടു്.** സ്ഥലം സെൻറഗസ്റ്റിൻ പള്ളിയിൽ വിശുദ്ധ ആഗുസ്തീനോസിന്റെ തിരുനാൾ സാഘോഷം നടത്തപ്പെട്ടു. ഇതു പ്രമാണിച്ചു് മി. ജോസഫ് കൈമാപറമ്പൻ പള്ളിയങ്കണത്തിൽവച്ചു് മഗ്ദലനമറിയത്തെ അധികരിച്ചു് ആദ്യന്തം ക്രൈസ്തവതത്വപ്രതിപാദകമായ ഒരു കഥാപ്രസംഗം നടത്തി.

**ഏങ്ങണ്ടിയൂർ:** സ്ഥലം "എം. ഐ. ബോയ്സ് ടൗൺ" പരിസരത്തിൽവെച്ചു് ഫെബ്രുവരി 2-ാംനു- 3-30നു് കൂടിയ സെൻറു് തോമസ്, സെൻറു് മേരീസ് എലിമെണ്ടറി സ്കൂളുകളുടെ സംയുക്തവാർഷികസമ്മേളനത്തിൽ കണ്ടശ്ശാങ്കടവു് ഫൊറോനാപള്ളി വികാരി വെരി റവ: ഫാദർ ആൻറണി തെക്കിനിയത്തു് S. T. L. അവർകൾ ആദ്ധ്യക്ഷംവഹിച്ചു. അദ്ധ്യക്ഷന്റെ പൗരോഹിത്യരജതജൂബിലിയെ പ്രകീർത്തിച്ചു് സ്ഥലം പള്ളിവികാരി റവ: ഫാദർ പോൾ ചിററിലപ്പിള്ളി, സെൻറു് തോമസ് ഹെഡ്മാസ്റ്റർ ശ്രീ എ.ററി. ദേവസി, റവ: ഫാദർ ജോൺ പ്ലാശ്ശേരി എന്നിവർ പ്രസംഗിക്കുകയുണ്ടായി. ഒരു ഗ്രൂപ്പ് ഫോട്ടോയും യോഗത്തിൽ സന്നിഹിതരായിരുന്ന വിദ്യാർത്ഥികൾക്കു് ജൂബിലേറിയന്റെ വകയായി മധുരപലഹാരവിതരണവുമുണ്ടായിരുന്നു.

**ചങ്ങനാശേരി:** സ്ഥലം കത്തീഡ്രൽപള്ളിഇടവകയിൽ ജനുവരി 26-ാംനു- തിരുബാലസഖ്യദിനമായി ഉണ്ണിയീശോയുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ഈ തിരുനാൾ കുട്ടികളുടെതന്നെ വകയായിരുന്നു. വന്ദ്യമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഉപദേശരൂപത്തിലുള്ളഒരുപ്രസംഗംനടത്തി. ഭംഗിയായി അലങ്കരിച്ച ഉണ്ണിയീശോയുടേയും മാതാവിന്റേയും തിരുസ്വരൂപങ്ങൾ, പാലിക, മുത്തുക്കുടകൾ, കൊടികൾ മുതലായവ കുട്ടികൾതന്നെ വഹിച്ചു. ബാലികാബാലന്മാർ നിരനിരയായി നിന്നു ബാൻറു മുതലായ വാദ്യങ്ങളോടും പ്രാർത്ഥനയോടുംകൂടി നടത്തിയ പ്രദക്ഷിണം ചേതോഹരവും ഭക്തിനിർഭരവുമായിരുന്നു. ഇക്കൊല്ലത്തെ തിരുനാൾ കഴിച്ചതു് പത്തുവയസ്സ്പ്രായമുള്ള ജോസ് കരിങ്ങടയും അടുത്തകൊല്ലത്തെ പെരുനാൾ ഏററിരിക്കുന്നതു പോത്തൻ ആൻറണി നെടിയകാലാപറമ്പുമാണു്.

**ആളൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ 33-ാം വാർഷികസമ്മേളനം പള്ളി അങ്കണത്തിൽ വെച്ചു് റവ: ഫാ: സക്കറിയാസ് വാഴപ്പിള്ളി സി. ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റവ: ഫാ: ജെയിക്കബ് ചൊവ്വല്ലൂർ, ഏ. സി. റപ്പായി മുതലായവർ പ്രസംഗിച്ചു. ആൺകുട്ടികൾ "കള്ളസന്യാസി" എന്ന പ്രഹസനവും പെൺകുട്ടികൾ "ലൂർദ്ദ്മാതാ" എന്ന പ്രഹസനവും അഭിനയിക്കുകയുണ്ടായി. നന്നായഭിനയിച്ചവർക്കു അദ്ധ്യക്ഷൻ സമ്മാനങ്ങൾ നൽകി.

**പൂവത്തോട്:** സ്ഥലം സെൻറു് തോമസു് പള്ളിയിലെ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ഫെബ്രു: 5-ാംനു- ശനിയാഴ്ച സാഘോഷം നടത്തപ്പെട്ടു. തിരുനാൾച്ചടങ്ങുകൾക്കു ശേഷം ശ്രീ ടി. വി. തോമസു് ആൻറു് പാർട്ടി "ചാരിത്രവിജയം അഥവാ സൂസന്ന" എന്ന കഥയെഉപജീവിച്ചു് ഒരു കഥാപ്രസംഗം നടത്തി. യുവാവായ കാഥികനെ അനുമോദിച്ചു് പലരും പ്രസംഗിച്ചു. സുവർണ്ണമെഡൽ സമ്മാനിക്കപ്പെട്ടു.

**കോട്ടൂർ:** 23-1-55-ൽ ശ്രീമാൻ എ. സി. മാത്യു ബി. എ. ബി. ടി. യുടെ അദ്ധ്യക്ഷതയിൽ സ്ഥലം ചെറുപുഷ്പവിലാസം സ്കൂളിൽവച്ചു് ഒരു മഹായോഗം കൂടി നി. വ. മ. ദി. ശ്രീ മാർ സെവേരിയാസു് മെത്രാപ്പോലീത്തായുടെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തി.

ഫെബ്രു: 5, 6 തീയതികളിൽ സ്ഥലത്തു് വി. ചെറുപുഷ്പത്തിന്റെ പള്ളിയിൽ ഇദംപ്രഥമമായി വി. സെബസ്ത്യാനോസിന്റെ തിരുനാൾ സാഘോഷം കൊണ്ടാടപ്പെട്ടു.

**അത്രൂർ.** സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി സെൻറു് അഗസ്റ്റിൻസ് കോൺഫറൻസിന്റെ പ്രവർത്തകാംഗങ്ങൾ, പ്രോത്സാഹകാംഗങ്ങൾ ആദിയായവരടങ്ങിയ ഒരു വിശേഷാൽ സമ്മേളനം 6-ാംനു- വൈകുന്നേരം സ്ഥലം സ്കൂൾഹാളിൽവച്ചു്, ഔദ്യോഗിക സന്ദർശനാർത്ഥം ഇവിടെ എത്തിയിരുന്ന കൊച്ചി മെത്രാൻ റൈററു് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു് ബി. എ. ഡി. ഡി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. സെൻറു് വിൻസെൻറു് ഡി പോൾസഖ്യത്തിന്റെ ആവശ്യകതയേയും, അതു ഊർജ്ജിതപ്പെടുത്തേണ്ട മാർഗ്ഗങ്ങളേയും, പ്രവർത്തനങ്ങൾക്കു് ഉണ്ടായേക്കാവുന്ന പ്രതിബന്ധങ്ങളേയും മററും പററി തിരുമേനി പ്രസംഗിച്ചു.

അത്രൂർ ഇടവകയിൽ ജനുവരി 25 മുതൽ ഇടവകധ്യാനം നടന്നു. ഇടവകസന്ദർശനാർത്ഥം ഫെബ്രു: 5-ാംനു- ശനിയാഴ്ച ഇവിടെയെത്തിയ കൊച്ചി ബിഷപ്പു് റൈററു് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു ഡി. ഡി. ബി. എ. തിരുമേനിയെ പള്ളിയങ്കണത്തിൽ പ്രത്യേകം തയാറാക്കിയ പന്തലിൽവച്ചു് റവ. ഫാദർ ജോസഫ് ചക്കാലയ്ക്കൽ സ്വീകരിച്ചു് പള്ളിയിലേക്കാനയിക്കുകയും തെദേവു്, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം എന്നിവ നടത്തുകയുംചെയ്തു. പിറേറദിവസം കുട്ടികളുടെ ആദ്യകുർബാനസ്വീകരണം, ഒപ്പുശുമ മുതലായ കർമ്മങ്ങൾ നടത്തി. തിങ്കളാഴ്ച കുരിശുപള്ളികളായ വട്ടതല, പെരുമ്പളം, അത്രൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. 6-ാംനു- സെൻറു് വിൻസെൻറു് ഡി പോൾ സെൻറു് അഗസ്റ്റിൻസു് കോൺഫറൻസിന്റേയും, 8-ാംനു- സെൻറു് അഗസ്റ്റിൻസ് ഹൈസ്കൂൾ സ്റ്റുഡൻസ് കോൺഫറൻസിന്റേയും സമ്മേളനങ്ങളിൽ അദ്ധ്യക്ഷതവഹിച്ചതിനുശേഷം ചൊവ്വാഴ്ച വൈകുന്നേരം നാലുമണിക്കു് തിരുമേനി മടങ്ങിപ്പോയി.

**വാഴക്കുളം;** ഫെബ്രുവരി 6-ാംനു- ഞായറാഴ്ച പകൽ 11 30-നു് വാഴക്കുളംസെൻറു് ജോർജ്ജ്സ് ട്രെയിനിംഗ്സ്കൂൾഹാളിൽ വച്ചു് ഒരനുശോചനയോഗംകൂടി. സി. വൈ. എം. എ. പ്രസിഡൻറു് ശ്രീ ടി. ടി. കുര്യൻ അദ്ധ്യക്ഷതവഹിച്ചു. ശ്രീ ടി. കെ. അയ്യു് ബി. എ., ശ്രീ എം. എം. ജോസഫ് ബി. എസ്. സി. എന്നിവർ പരേതരായ തിരുവല്ലാ മെത്രാപ്പോലീത്താ മാർ സെവേരിയാസു് തിരുമേനിയുടേയും, ശ്രീ ആർ. വി. തോമസിന്റേയും അകാലദേഹവിയോഗത്തിൽ അനുശോചനപ്രമേയങ്ങൾ അവതരിപ്പിച്ചു പ്രസംഗിക്കുകയും സംഘാംഗങ്ങൾ എല്ലാവരും എഴുന്നേററുനിന്നു് അവ പാസ്സാക്കുകയുമുണ്ടായി.

## ചരമവാർത്തകൾ

**തൈക്കാട്ടുശ്ശേരി:** പറമ്പത്തറ ബാങ്കുമാനേജരന്മാരുടെ മാതാവായ ശ്രീമതി വക്കി ത്രേസ്യ തന്റെ 79-ാമത്തെ വയസ്സിൽ ഫെബ്രുവരി 2-ാംനു- രാത്രി 7 മണിക്കു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

സ്ഥലം പള്ളിയിൽ 25 കൊല്ലക്കാലം വികാരിയായിരുന്ന റവ. ഫാദർ സ്കറിയാ ചക്കാലയിൽ അവർകൾ തന്റെ 88-ാമത്തെ വയസ്സിൽ ഈമാസം 7-ാംനു- തിങ്കളാഴ്ച ഉച്ചക്കു് 1-30നു് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരകർമ്മം എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും മററനേകം വൈദികവരേണ്യരുടെ സാന്നിദ്ധ്യത്തിലും പൊൻ വെള്ളി കുരിശുകളുടെ അകമ്പടിയോടുകൂടിയും ചൊവ്വാഴ്ച 5 മണിക്കു നടത്തപ്പെട്ടു. തദവസരത്തിൽ പാറേക്കാട്ടിൽ തിരുമേനി പരേതനിൽ ശോഭിച്ചിരുന്ന ഗുണങ്ങളേയും വൈദികവൃത്തിയുടെ മാഹാത്മ്യത്തേയുംപററി ദീർഘമായ ഒരു പ്രഭാഷണം നടത്തി.

പരേതൻ തന്റെ ഉദ്യോഗശേഷം 12 വർഷമായി ഇവിടെ വിശ്രമിക്കുകയായിരുന്നു. ഇദ്ദേഹം വൈദികനായിട്ടു് 60 വർഷം തികയുന്ന കൊല്ലമാണിതെന്ന വസ്തുതയും പ്രത്യേകം പ്രസ്താവാർഹമാണു്.

**എറണാകുളം:** പരേതനായ റവ. ഫാദർ എവുജീൻ ടി. ഒ. സി. ഡി. യുടെ മാതാവു് ശ്രീമതി മറിയം (മാഞ്ഞൂരാൻ) 84-ാമത്തെ വയസ്സിൽ ഫെബ്രുവരി 8-ാംനു- നിര്യാതയായി. ശവസംസ്കാരകർമ്മം പിറേറദിവസം കാലത്തു് എറണാകുളം സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും നിരവധി വൈദികരുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സഹകരണത്തിലും നിർവ്വഹിക്കപ്പെട്ടു.

R. I. P.

## വിവാഹവാർത്തകൾ

**പള്ളിപ്പുറം:** തൈവേലിക്കകത്തു മി. ജോസഫിന്റെ സീമന്തപുത്രി കുമാരി സാലമ്മയും, ഇടക്കളത്തു ഊക്കൻ ജോസഫിന്റെ ദ്വിതീയപുത്രൻ കുരുവിളയും തമ്മിലുള്ള വിവാഹം സ്ഥലം ഫൊ. പള്ളിയിൽവച്ചു റവ. ഫാദർ മാത്യു കല്ലറയ്ക്കൽ കടവിൽ ആശീർവ്വദിച്ചു. വെരി റവ. ഫാ. ജോർജ്ജു് മണ്ണാറ തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

**പുത്തൻപള്ളി:** പോൾ തളിയത്തു് ബി കോം അവർകളുടെ മകൻ മി. ജോസഫ് തളിയത്തു് ബി. കോം, ബി. എൽ-ഉം തൃശ്ശൂർ ചാലിശ്ശേരി ജോസഫ് അവർകളുടെ മകൾ ലീലയും തമ്മിലുള്ള വിവാഹം തൃശ്ശൂർ ലൂർദ്ദ്പള്ളിയിൽ വച്ചു നടന്നിരിക്കുന്നു. റവ. ഫാ. ജോൺ അക്കരപ്പററിയാണു് വിവാഹം ആശീർവ്വദിച്ചതു്. അനവധി പുരോഹിതന്മാർ സന്നിഹിതരായിരുന്നു. വരന്റെ ഗൃഹത്തിലും, എറണാകുളം ന്യൂ വുഡ്ലാൻറ്സിലും വച്ചു നടന്ന സല്ക്കാരത്തിൽ ഒട്ടനവധി വൈദികരും പ്രശസ്താതിഥികളും സംബന്ധിച്ചു. തത്സംബന്ധമായി അനേകം സാധുക്കൾക്കു് അന്നദാനം ചെയ്യുകയുമുണ്ടായി.

**അത്രൂർ:** കാരമൂട്ടിൽ ശ്രീ ജോസഫിന്റെ പുത്രൻ മി. കെ. ജെ. ആൻറണിയും, അത്രൂർ ഇടവകയിൽപെട്ട കളപ്പുരക്കൽ ശ്രീ സേവ്യർ അവർകളുടെ പുത്രി കുമാരി ഹിലാമിനായും തമ്മിലുള്ള വിവാഹം 7-ാംതീയതി കാലത്തു 7 മണിക്കു് അത്രൂർ സെൻറഗസ്റ്റിൻസ് ദേവാലയത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

—ാ—






# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, FEBRUARY 16 || No. 26


## അടക്കമായ വസ്ത്രധാരണം

മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതരംഗങ്ങളിൽ വിശുദ്ധി എന്ന വിശിഷ്ട ഗുണത്തിനു സാരമായ അധഃപ്പതനം നേരിട്ടിട്ടുള്ള ആധുനിക കാലത്തു പ്രസ്തുത ഗുണവിശേഷത്തെപ്പററി എത്ര ശ്രദ്ധിച്ചാലും അതൊട്ടും അധികമാകുന്നതല്ല. ഓരോ വ്യക്തിയും നിർമ്മലമായ ഒരു മനഃസാക്ഷിയോടുകൂടി അവനവന്റെ ജീവിതനിലവാരത്തെ പരിശോധിക്കുകയും അതിൽ വന്നുഭവിച്ചിട്ടുള്ള അധഃപ്പതനത്തേയും അതിനു നിദാനമായ കാരണങ്ങളേയും സസൂക്ഷ്മം മനസ്സിലാക്കി ഫലപ്രദമായ പ്രതിവിധികൾ തേടുകയും ചെയ്യേണ്ടതാണ്. ബാലികാബാലന്മാരുടേയും യുവതീയുവാക്കന്മാരുടേയും പരിശീലനം കൈയേററിട്ടുള്ളവർ ഇക്കാര്യത്തിൽ അതീവം ശ്രദ്ധിക്കുകയും അവരുടെ കഴിവിന്റെ പരമാവധി ഈ ദുസ്ഥിതിയെ നേരിടുന്നതിനു വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ആദ്ധ്യാത്മികപാലകന്മാർ പ്രത്യേകിച്ചും ഇക്കാര്യത്തിൽ ദത്താവധാനരായിരിക്കണമെന്നു തിരുസഭാദ്ധ്യക്ഷന്മാർ ഇടതടവില്ലാതെ പ്രബോധിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പായുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് കൗൺസിൽ തിരുസംഘത്തിന്റെ പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ ചിറിയാച്ചി തിരുമനസ്സുകൊണ്ട് ലോകമാസകലമുള്ള മെത്രാന്മാർക്ക് അയച്ചുകൊടുത്ത ഒരു ലേഖനത്തിൽ ഇക്കാര്യം സവിസ്തരം ശക്തിയുക്തം പ്രതിപാദിച്ചിരുന്നു.

### അധഃപ്പതനത്തിന്റെ കാരണങ്ങൾ

യുവലോകത്തെ പ്രത്യേകിച്ചും അശുദ്ധതയുടെ പാഴ്ക്കുണ്ടിലേക്കധഃപ്പതിപ്പിക്കുന്ന നിരവധി ദുഷ്പ്രേരണകൾ ഇന്നെവിടെയും സുലഭമാണ്. ദുഷിച്ച പ്രസിദ്ധീകരണങ്ങൾ ഈ വിഷവായു എമ്പാടും വമിച്ചുകൊണ്ട് സ്വച്ഛന്ദം പ്രചരിക്കുകയാണ്. രഹസ്യമായോ പരസ്യമായോ എവിടെയെങ്കിലും നടക്കുന്ന പൈശാചികമായ ഒരു കൃത്യം അതിന്റെ നഗ്നവും വിരൂപവുമായ ഭാവത്തിൽ പ്രസിദ്ധീകരിക്കുകമാത്രമല്ല, പുരോഗമനത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പേരിൽ ഏതാദൃശ ദുഷ്കൃത്യങ്ങളെ സാധൂകരിക്കുന്നതിനും മനോഹരമായ ഭാഷയിൽ അതിനൊരു സാഹിത്യരൂപം കൊടുത്ത് ആകർഷകവും ആദർശപരവുമാക്കി അണിയിച്ചിറക്കുന്നതിനും ബദ്ധപ്പെടുകയാണ് ഇന്നത്തെ പല സാഹിത്യകാരന്മാരും ചെയ്യുന്നതു്. അശ്ലീലവും അറയ്ക്കുന്നതുമായ ഏതു വിഷയവും ഇന്നു സാഹിത്യോപാസനത്തിനുപകരണമാക്കുന്നതു ഒരു പരിഷ്കാരമാണത്രെ. ഇന്നത്തെ സിനിമാലോകം വിനാശകരമായ പ്രദർശനങ്ങളുടെ ഒരു കൂത്തരങ്ങാണ് എന്നുള്ളതു നിർഭാഗ്യകരമായ ഒരു വസ്തുതയാണല്ലോ. വിനോദത്തിനും വിജ്ഞാനത്തിനും [illegible]ന്ന ജനസഞ്ചയത്തെ, യുവാവെന്നോ യുവതിയെന്നോ, ബാലനെന്നോ ബാലികയെന്നോ യാതൊരു വിവേചനയും കൂടാതെ മലീമസങ്ങളായ വികൃതചിത്രങ്ങൾ ആകർഷകവും വ്യാമോഹപരവുമായ രീതിയിൽ പ്രദർശിപ്പിച്ച് അവരുടെ ലോലമായ ഇളംമനസ്സുകളെ ദുഷിപ്പിക്കുന്ന പാതകത്തിന് ദൈവത്തോടും ഭാവിലോകത്തോടും ഒരു കണക്കുകൊടുക്കേണ്ടതുണ്ടെങ്കിൽ അതിന്റെ പ്രണേതാക്കൾ എങ്ങനെയാണതു സാധിക്കാൻ പോകുന്നതെന്നു കണ്ടറിയണം. ഇപ്രകാരം നാനാമാർഗ്ഗങ്ങളിലൂടെ മനുഷ്യനിൽ വന്നുവശാകുന്ന ധാർമ്മികാധഃപ്പതനത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണമാണ് ഇന്നത്തെ അടക്കമില്ലാത്ത വസ്ത്രധാരണരീതിയിലുള്ള ആവേശം. മനുഷ്യൻ ധരിക്കുന്ന വസ്ത്രത്തിനും അതിൽ അംഗീകരിക്കപ്പെടുന്ന രീതികൾക്കും അവന്റെ ധാർമ്മികബോധവുമായി അഭേദ്യമായ ബന്ധമുണ്ടെന്നുള്ള തത്വം ക്രൈസ്തവരും അക്രൈസ്തവരും, അധുനാതനരും പ്രാചീനരുമായ എല്ലാ ചിന്തകന്മാരും സമ്മതിച്ചിട്ടുള്ള ഒന്നാണ്.

### വസ്ത്രധാരണത്തെപ്പററി പണ്ഡിതാഭിപ്രായം

സെനക്കാ എന്ന വിശ്വവിഖ്യാതനായ പ്രാചീനശാസ്ത്രജ്ഞൻ പറയുന്നതു്, "മനുഷ്യശരീരത്തേയും, വിനയം ആവശ്യപ്പെടുന്ന അതിന്റെ പ്രത്യേകഭാഗങ്ങളേയും മറയ്ക്കുന്നതിനു കഴിയാത്ത ഒന്നിനെ വസ്ത്രമെന്നു പറയുന്നതിൽ അർത്ഥമില്ല" എന്നാണ്. ഇന്നത്തെ പരിഷ്കാരികളെന്നഭിമാനിക്കുന്ന അനേകം സ്ത്രീജനങ്ങളുടെ വസ്ത്രധാരണരീതി കാണുമ്പോൾ ഈ പ്രസ്താവത്തിന്റെ അർത്ഥം തികച്ചും വിശദമാകുന്നില്ലയോ? "ശാലീനതയിൽ അധഃപ്പതനം ഭവിച്ച മനുഷ്യരെ ഒരുവിധത്തിലും സമുദ്ധരിക്കുക സാദ്ധ്യമല്ല" എന്നാണ് സിസറോ പറഞ്ഞിട്ടുള്ളതു്. എന്നിയൂസ് എന്ന പ്രാചീനകവി പാടിയിട്ടുള്ളതു്, "പൗരന്മാരുടെ ഇടയിൽ പാതകങ്ങൾക്കുള്ള കാരണം വേണ്ടവിധത്തിൽ ശരീരാവരണം ചെയ്യാത്തതാണ്" എന്നത്രെ.

ക്രിസ്തീയചിന്തകന്മാരുടെ സാക്ഷ്യങ്ങളെപ്പററി എടുത്തുപറയേണ്ട ആവശ്യമില്ല. അവരെല്ലാവരും ഏററം ശക്തിയായ ഭാഷയിൽ അടക്കമുള്ള വസ്ത്രധാരണത്തിന്റെ ആവശ്യകതയെ സ്ഥാപിക്കുന്നുണ്ട്. ഒരു പ്രസിദ്ധപണ്ഡിതനായ തെർത്തുല്യൻ അതു വളരെ സമ്യക്കായി പ്രതിപാദിച്ചിരിക്കുന്നതിപ്രകാരമാണ്: "നാമെല്ലാവരും ദൈവത്തിന്റെ ആലയങ്ങളാണ്. നമ്മിൽ പരിശുദ്ധാത്മാവു വസിക്കുകയും നാം അവിടുത്തേക്കു പ്രതിഷ്ഠിതരായിരിക്കുകയും ചെയ്യുന്നു. ഈ ആലയത്തിന്റെ സംരക്ഷകനും അധിനാഥനും ശുദ്ധതയാണ്. അശുദ്ധമായതോ അവലക്ഷണമായതോ ഒന്നും അതിനകത്തു കടത്തുവാൻ അതു സമ്മതിക്കയില്ല. എന്തെങ്കിലും കടന്നുപോയാൽ അതിൽ അധിവസിക്കുന്ന ദൈവം അപ്രീതനാവുകയും അശുദ്ധമാക്കപ്പെട്ട ആ ഭവനത്തിൽനിന്നു നിഷ്ക്രമിക്കുകയും ചെയ്യും." "വസ്ത്രധാരണത്തിലുള്ള അടക്കം ശാലീനതയുടെ സഹവർത്തിയാണ്. അതിന്റെ സാന്നിദ്ധ്യത്തിൽ വിശുദ്ധി കൂടുതൽ സുരക്ഷിതമായി ഭവിക്കുന്നു" എന്നാണ് സെൻറ് അമ്പ്രോസ് പ്രസ്താവിച്ചിട്ടുള്ളതു്. "അടക്കബോധം എത്ര മനോഹരമായിരിക്കുന്നു! ധാർമ്മികജീവിതത്തിൽ അതെത്ര ശോഭനമായ ഒരു മാണിക്കമാണ്?" എന്നു വിശുദ്ധ ബർണാർദ്ദു ചോദിക്കുന്നു. ഇപ്രകാരം ശാലീനതയേയും അതിന്റെ പ്രതിഫലനവും സൂചനയുമായ അടക്കമുള്ള വസ്ത്രധാരണത്തേയും ന്യായയുക്തമായി പ്രശംസിക്കുന്ന പണ്ഡിതസാക്ഷ്യങ്ങൾ എത്ര വേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്.

### മാർപ്പാപ്പായുടെ ഉൽബോധനം

കൗൺസിൽ തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദ്ദിനാൾ തിരുമേനിയോടു മേല്പറഞ്ഞ ലേഖനമയക്കുവാൻ ആജ്ഞാപിച്ച അവസരത്തിൽ രക്ഷാകരമായ ഈ പ്രസ്ഥാനത്തിൽ സഹകരിക്കുന്ന എല്ലാവരേയും പരിശുദ്ധമാർപ്പാപ്പാ പ്രത്യേകവിധം അനുഗ്രഹിക്കുകയുണ്ടായി. കഴിഞ്ഞ മരിയവത്സരം പ്രഖ്യാപിച്ചപ്പോൾ പരിശുദ്ധപിതാവ് പ്രത്യേകം ഊന്നിപ്പറഞ്ഞതു കന്യകമറിയത്തിന്റെ അമലോത്ഭവജൂബിലി അടക്കബോധത്തിലേക്കുള്ള ഒരു പ്രചോദനമായിരിക്കണമെന്നായിരുന്നു. ജൂബിലിസംബന്ധിച്ചു പുറപ്പെടുത്തിയ "ഫുൾജൻസ് കൊറോനാ" എന്ന ചാക്രികലേഖനം ഇതിനു വിശദമായ തെളിവാണ്. തിരുസഭയിലുള്ള എല്ലാ വൈദികാദ്ധ്യക്ഷന്മാരേയും, വൈദികരേയും, എല്ലാ വിശ്വാസികളേയും പരിശുദ്ധപിതാവ് അതുവഴി ആഹ്വാനം ചെയ്തതു്, ദൈവത്തിന്റെയും നമ്മുടേയും വാത്സല്യമാതാവായ മറിയത്തിന്റെ സംരക്ഷണയിലും നേതൃത്വത്തിലും ക്രിസ്തീയസദാചാരമുറകൾ വീണ്ടും ഭാസുരമായിത്തീരുന്നതിനു എല്ലാവിധത്തിലും പരിശ്രമിക്കുന്നതിനായിരുന്നു. പരിശുദ്ധപിതാവു പറഞ്ഞു: നാം പ്രാർത്ഥിക്കേണ്ട ഒന്നാമത്തെ അനുഗ്രഹം, ഉദാരഹൃദയമുള്ളവരും, ഗുണവാന്മാരും, പരിശുദ്ധരും, മലിനമേശാത്തവരുമായ ഒരു യുവസഞ്ചയത്തെ വളർത്തുന്നതിനും, മനോഹരമായ ഈ യുവസൂനം ലോകത്തിന്റെ മലീമസമായ വിഷവായുവേററു തിന്മയിൽ നശിക്കാതിരിക്കുന്നതിനുമായിരിക്കണം. അനിയന്ത്രിതമായ അവരുടെ ഉന്മേഷവും ഉജ്ജ്വലമായ അവരുടെ തീക്ഷ്ണതയും ക്രമമായി നിയന്ത്രിക്കപ്പെടുന്നതിനും, വിനാശകരവും പാപപരവുമായ പ്രലോഭനങ്ങളുടെ വഞ്ചനകളെ പുറംതള്ളി സാക്ഷാൽ മനോഹരവും, വിശുദ്ധവും, സ്നേഹാത്മകവും, സമുന്നതവുമായവയെ അനുഗമിക്കുന്നതിനും ആവശ്യമായ അനുഗ്രഹത്തിനു വേണ്ടിയായിരിക്കണം നമ്മുടെ പ്രാർത്ഥന. പരിശുദ്ധപിതാവ് വിഭാവനം ചെയ്യുകയും ഇത്ര ശക്തിയായി ഉൽബോധിപ്പിക്കുകയും ചെയ്ത സംഗതി ഇനിയും അവിടുത്തെ അഭിലാഷങ്ങൾക്കനുസരിച്ച ഒരു തോതിൽ വിജയിച്ചിട്ടില്ല എന്നു കർദ്ദിനാൾ തിരുമേനി ചൂണ്ടിക്കാണിക്കുന്നു. വസ്ത്രധാരണത്തിൽ—പ്രത്യേകിച്ചു സ്ത്രീകളുടെ വസ്ത്രധാരണത്തിൽ—കാണുന്ന ഗർഹണീയമായ നടപടികളാണ് ഇതിനു തെളിവായി തിരുമേനി പ്രത്യേകം എടുത്തുപറയുന്നതു്. ഓരോ മുടന്തൻന്യായങ്ങളും പറഞ്ഞ്, എല്ലാ രാജ്യങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും രഹസ്യസ്ഥലങ്ങളിലും പൊതുരംഗങ്ങളിലും ദേവാലയത്തിൽതന്നെയും ക്രിസ്തീയഅടക്കത്തിനും മനുഷ്യസഹജമായ ശാലീനതയ്ക്കും യോജിക്കാത്തവിധം വസ്ത്രം ധരിക്കുന്നവർ എത്രപേർക്ക് "ഉതപ്പി"നും പാപത്തിനും കാരണമാകുന്നു എന്നാണ് തിരുമേനി ചോദിക്കുന്നതു്. ലജ്ജയില്ലാത്ത ഈ വസ്ത്രധാരണം യുവഹൃദയങ്ങളെ പ്രത്യേകിച്ചും പാപത്തിലേക്കാകർഷിക്കുകയും അവരുടെ യുവഹൃദയത്തിന്റെയും ശരീരത്തിന്റെയും വിലമതിക്കാവതല്ലാത്ത മനോഹരാലങ്കാരമായ ശുദ്ധതയെ നിഹനിക്കുന്നതിനു വഴിതെളിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ വസ്ത്രം അവരുടെ ശരീരത്തെ അടക്കമായി മറയ്ക്കുന്നതിനോ അതോ അടക്കമില്ലാതെ പ്രദർശിപ്പിക്കുന്നതിനോ ഏതിനുവേണ്ടിയാണുദ്ദേശിക്കപ്പെടുന്നതു് എന്നു തിരുമേനി ചോദിക്കുന്ന ചോദ്യം വളരെ അർത്ഥവത്താണ്. ഇതു വളരെ ഗൗരവമുള്ള ഒരു കാര്യമാണെന്നു ആർക്കും കാണാം. ഇതൊരു ക്രിസ്തീയധർമ്മം മാത്രമല്ല, ശരീരാരോഗ്യത്തെ അഭംഗം നിലനിർത്തുന്നതിനും മാനവസമുദായത്തിന്റെ ശക്തിയും വർദ്ധനവും സുരക്ഷിതമാക്കുന്നതിനും ഇതാവശ്യകമത്രെ.

### പ്രതിവിധികൾ പ്രയോഗിക്കണം

ലേഖനം തുടരുന്നു:- അതുകൊണ്ടു ഏതാദൃശ അപകടങ്ങളെ അകലുന്നതിനും തദ്വാരാ ക്രിസ്തീയവും സാമൂഹികവുമായ അധഃപ്പതനത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനും ഫലപ്രദമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതിനു ജനങ്ങളെ പൊതുവേയും യുവസഞ്ചയത്തെ പ്രത്യേകിച്ചും ഉപദേശിക്കണം. മെത്രാന്മാരും വൈദികരും അവരുടെ എല്ലാ കഴിവുകളും ഈ ലക്ഷ്യം നേടുന്നതിനു വേണ്ടി വിവേകത്തോടും തീക്ഷ്ണതയോടുംകൂടി അനുസ്യൂതം വിനിയോഗിക്കണം. കുടുംബങ്ങളിൽ മാതാക്കന്മാരും പിതാക്കന്മാരും അവരുടെ സന്താനങ്ങൾ ഈദൃശമായ അധഃപ്പതനത്തിനു വിധേയരാകാതിരിപ്പാൻവേണ്ടി ക്രിസ്തീയമായ ധീരോദാത്തതയോടുകൂടി നിസ്തന്ദ്രപരിശ്രമം ചെയ്യണം. ഒന്നാമതായി മാതൃകാപരമായ അവരുടെ പെരുമാററം അവർക്കു മാർഗ്ഗദീപമാകണം. അവരുടെ സന്താനങ്ങളുടെ മുഖകമലങ്ങളിൽ അടക്കത്തിന്റെ മോഹനപ്രകാശം ദീപ്തിമത്തായി കാണാതെ അവർ അടങ്ങരുതു്. കത്തോലിക്കാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഇതൊരു പ്രധാന പ്രവർത്തനരംഗമായി സ്വീകരിക്കണം. അവർ വീട്ടിലോ, സേവനരംഗങ്ങളിലോ എവിടെയായിരുന്നാലും അവരിൽ ഒന്നാമതായി ക്രിസ്തീയ അടക്കത്തിന്റെയും സദാചാരബോധത്തിന്റെയും വിശുദ്ധിയുടേയും പ്രചുരിമ പരിലസിക്കട്ടെ. അവരുടെ നയനങ്ങൾ ആത്മീയപരിശുദ്ധിയുടെ പ്രകാശത്തെ പുറപ്പെടുത്തണം. അവരുടെ വസ്ത്രധാരണവും പെരുമാററവും അടക്കബോധത്തിനു പര്യായമായിരിക്കണം. അവരുടെ വാക്കുകളും പ്രവൃത്തികളും പരിശുദ്ധിയുടെ സൗരഭ്യം നിറഞ്ഞതാകണം. എന്നാൽ മാത്രമേ മിശിഹായ്ക്കുവേണ്ടി അവർ നിർവ്വഹിക്കുന്നതിനുദ്ദേശിക്കുന്ന സേവനം ഫലപ്രദമായി ചെയ്യുവാൻ സാധിക്കുകയുള്ളു. മററുള്ളവരിൽ ബോദ്ധ്യമുളവാക്കണമെങ്കിൽ—അവരെ വിശുദ്ധിയിലേക്കും സദാചാരബോധത്തിലേക്കും അടക്കമായ വസ്ത്രധാരണത്തിലേക്കും സമാകർഷിക്കണമെങ്കിൽ—അമലമനോഹരിയായി ജീവിച്ച നമ്മുടെ അമ്മയായ പരിശുദ്ധകന്യകമറിയത്തെ നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കത്തക്കവിധത്തിൽ നിർമ്മലവും അടക്കബോധമുള്ളതുമായ ഒരു ജീവിതം പ്രവർത്തകരിൽതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതാണ് പരിശുദ്ധമാർപ്പാപ്പായുടെ അഭിലാഷവും ആഹ്വാനവും. അതനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു ദൃഢവ്രതം ഓരോരുത്തരും—പ്രത്യേകിച്ചു യുവജനങ്ങളും—സ്വീകരിക്കട്ടെ. ക്രിസ്തീയഅടക്കത്തിനു ചേരാത്തതും യുവഹൃദയങ്ങളേയും മാനവവംശത്തേയും അധഃപ്പതനത്തിന്റെ അത്യഗാധതയിലേക്കു തള്ളിയിടുന്നതിനു പ്രേരകവുമായ ദുഷിച്ച വസ്ത്രധാരണസമ്പ്രദായത്തിനെതിരായി മാതൃകകൊണ്ടും പ്രചരണംകൊണ്ടും പ്രബലമായ ഒരു സേവനസമരത്തിനുള്ള ഉദാരഹൃദയത്തോടുകൂടി മുന്നോട്ടുവരുവിൻ. എന്നാൽ വളരുന്ന തലമുറയെ സമുദ്ധരിച്ചു മോഹനമായ ജീവിതവിശുദ്ധിയിൽ പുനഃപ്രതിഷ്ഠിക്കാം. അടക്കമുള്ള വസ്ത്രധാരണാസക്തി അതിന്റെ നിർദ്ദേശികാസൂചിയായിരിക്കും.

## പ്രസാധകക്കുറിപ്പുകൾ

### റഷ്യൻ പ്രധാനമന്ത്രിയുടെ രാജി

റഷ്യയുടെ ആധുനികചരിത്രത്തിൽ ഒരു പുതിയ സംഭവമാണ് ഫെബ്രുവരി 8-ാംനു- നടന്നിരിക്കുന്നതു്. റഷ്യൻ പ്രധാനമന്ത്രി മി. ജോർജി മലങ്കോവ് പ്രധാനമന്ത്രിപദം രാജിവച്ചിരിക്കുന്നു. സ്റ്റാലിന്റെ മരണത്തെത്തുടർന്നു് അദ്ദേഹം പ്രധാനമന്ത്രിപദത്തിൽ അധിരോധിക്കപ്പെട്ടിട്ട് ഒരു വർഷവും പത്തുമാസവും കഴിഞ്ഞു. സ്റ്റാലിൻ മരിച്ചപ്പോൾ അധികാരത്തിനു മൂന്നു പ്രമുഖനേതാക്കന്മാർ തമ്മിൽ മത്സരമുള്ളതായി പറയപ്പെട്ടിരുന്നു. എങ്കിലും മി. മലങ്കോവ് പ്രധാനമന്ത്രിയാവുകയും മി. ബെറിയാ തിരോഭവിക്കുകയും ചെയ്തതോടെ കാര്യങ്ങൾ നേരെയായി എന്നാണ് വിചാരിക്കപ്പെട്ടിരുന്നതു്. അതുകൊണ്ടു ബാഹ്യലോകത്തിനു തികച്ചും അപ്രതീക്ഷിതമായ ഒരു സംഭവമാണ് ഈ രാജി. മാത്രമല്ല റഷ്യയിൽ പ്രധാനമന്ത്രിപദം സ്വീകരിച്ച് സർവ്വാധിപത്യം കൈയടക്കിക്കഴിഞ്ഞാൽ അവിടെ ഒരു രാജിക്കാര്യം വന്നുചേരുക സാധാരണഗതിയിൽ ചിന്തനീയമല്ല. ഏകപാർട്ടി സർവ്വാധിപത്യം നടത്തുകയും അതിന്റെ നേതാവു സ്വേച്ഛാധിപതിയായി വാഴുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ പ്രജായത്തപരമായ അവിശ്വാസം രേഖപ്പെടുത്തലും രാജിയും മററും പ്രതീക്ഷിക്കാവതല്ല. എങ്ങിനെയും മി. മലങ്കോവിന്റെ രാജി ഒരു പുതിയ ചരിത്രം സൃഷ്ടിച്ചിരിക്കുന്നുവെന്നു പറയാം. മലങ്കോവിന്റെ ഭരണത്തിൽ റഷ്യൻ അന്തരീക്ഷത്തിൽ നയപരമായും മററും ചില വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു കുറച്ചുനാളായി പ്രചരിച്ചുപോന്ന വാർത്തകൾക്കു ഇതിലെന്തെങ്കിലും പ്രസക്തിയുണ്ടോ എന്നറിയുക സാദ്ധ്യമല്ല.

ഫെബ്രുവരി 8-ാംനു- രാവിലെ സമ്മേളിച്ച സുപ്രീംസോവ്യററിന്റെ ഇരുസഭകളുടേയും പൊതുയോഗത്തിൽ രാജിക്കത്തു വായിക്കപ്പെടുകയും സർവ്വസമ്മതമായി സ്വീകരിക്കപ്പെടുകയുംചെയ്തു. രാജിക്കത്തിന്റെ സ്വഭാവം, മി. മലങ്കോവിന്റെ അപ്രാപ്തിയുടെ ഒരു കുററസമ്മതമോ മാപ്പപേക്ഷയോ ആണെന്നു പറയാം. പ്രധാ

നമന്ത്രിപദം രാഷ്ട്രപ്രവത്തനത്തെ സംബന്ധിച്ച് വിപുലമായ പരിചയം ആവശ്യമുള്ള ഒരു സ്ഥാനമാണെന്നും, ഏതദ്ദേശീയ പരിതസ്ഥിതികളെ സംബന്ധിച്ച തൻെറ പരിചയം കേവലം അപയ്യാപ്തമാണെന്നു തനിക്കു ബോധ്യം വന്നിരിക്കുന്നുവെന്നുമാണ് അദ്ദേഹം രാജിയുടെ കാരണം പറയുന്നതു്. മാനേജുമെൻറു സംബന്ധിച്ച് എനിക്കു യാതൊരു പരിചയവുമില്ല എന്നുള്ളതു ഒരു വാസ്തവമാണ്. ഞാൻ കൃഷികാര്യങ്ങളിൽ ഉത്തരവാദിത്വം സ്വീകരിച്ചശേഷം ആ രംഗത്തിൽ ഉണ്ടായിട്ടുള്ള കുറവുകളും എൻെറതെറ്റും ഞാൻ പ്രത്യേകിച്ചും സ്പഷ്ടമായി കാണുന്നു. കമ്മ്യൂണിസ്റ്റുപാർട്ടി കൃഷികാര്യം സംബന്ധിച്ച് വളരെ വിപുലവും പ്രാധാന്യമർഹിക്കുന്നതുമായ പദ്ധതികൾ രൂപവല്ക്കരിച്ചിട്ടുണ്ടു്. അതിൻെറ പുരോഗതിക്കു ശക്തിയായ വ്യാവസായീകരണം ആവശ്യമുണ്ടു്. അതുകൊണ്ടുവേണം കൃഷിവികസനത്തിനു അടിസ്ഥാനമുറപ്പിക്കുവാനും, ഉപയോഗസാധനങ്ങൾ ഉല്പാദിപ്പിക്കുവാനും. എനിക്കു ഏതെങ്കിലും പുതിയ ജോലി തരുന്നതായാൽ അതു ഉത്തമമായ ഉത്തരവാദിത്വബോധത്തോടെ നിറവേററിക്കൊള്ളാമെന്നു സുപ്രീംസോവ്യററിനോടു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു, എന്നാണ് രാജിക്കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

രാജിക്കത്തിൽ, മററു രാഷ്ട്രങ്ങൾ ഈ രാജിയെപ്പററി പറഞ്ഞേക്കാവുന്ന കാര്യങ്ങളെ ആശങ്കാപൂർവ്വം ഉദ്ദേശം ചെയ്യുന്ന ഒരു വാക്യം വളരെ രസാവഹമാണ്: എൻെറ രാജിയെ സംബന്ധിച്ച് പല ബൂർഷ്വാ ഉന്മത്തന്മാരും നിരവധി അധിക്ഷേപപരമായ വിമർശനങ്ങൾ നടത്തുമെന്നു പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു. പക്ഷേ കമ്മ്യൂണിസ്റ്റുകളായ ഞങ്ങൾ ഈ കള്ളങ്ങളും ആക്ഷേപങ്ങളും പാടെ അവഗണിക്കുകയേയുള്ളൂ. എന്തുകൊണ്ടെന്നാൽ ഞങ്ങൾക്കു എല്ലാറേറക്കാൾ പ്രധാനമായിട്ടുള്ളതു് ഞങ്ങളുടെ രാജ്യത്തിൻേറയും, ജനങ്ങളുടേയും, പാർട്ടിയുടേയും താല്പര്യങ്ങളാണ്. മി. മലങ്കോവിൻെറ ഈ പ്രസ്താവങ്ങളെല്ലാം വച്ചുനോക്കുമ്പോൾ അദ്ദേഹത്തിനു ഇത്ര അപ്രതീക്ഷിതമായ ഒരു ബുദ്ധോദയം ഇത്ര പെട്ടെന്നു എങ്ങനെ ഉണ്ടായിയെന്നു സാമാന്യന്മാർ അമ്പരന്നുപോയേക്കാം. ഇരുമ്പുമറയുടെ ഉള്ളിൽ നടക്കുന്ന കാര്യങ്ങളായതുകൊണ്ടു ഉള്ളുകള്ളികൾ ആക്കറിയാം!

## മി. ബുൾഗാനിൻ

### പുതിയ പ്രധാനമന്ത്രി

മി. മലങ്കോവിൻെറ രാജി സ്വീകരിച്ച് രണ്ടര മണിക്കൂർ കഴിഞ്ഞു് പാർലമെൻറു വീണ്ടും സമ്മേളിച്ചു. കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒന്നാംസിക്രട്ടറിയായ മി. നിക്കിത ക്രൂഷേവ് മാർഷൽ ബുൾഗാനിൻെറ പേർ പ്രധാനമന്ത്രിപദത്തിലേക്കു നിർദ്ദേശിച്ചു. അദ്ദേഹത്തെപ്പററി മി. ക്രൂഷേവു പറഞ്ഞതു്, അദ്ദേഹം രാഷ്ട്രീയവും, രാജ്യപരവും, സാമ്പത്തികവുമായ കാര്യങ്ങളിൽ വളരെ പരിചയം സിദ്ധിച്ചിട്ടുള്ള ആളാണെന്നും, തന്മൂലം മന്ത്രിമാരുടെ കൗൺസിലിൻെറ അദ്ധ്യക്ഷനെന്നുള്ള ഉത്തരവാദിത്വത്തിനനുഗുണമായ വിധത്തിൽ വിജയപ്രദമായി വർത്തിച്ചുകൊള്ളുമെന്നുള്ളതിനു അതു തെളിവാണെന്നുമാണ്. ഇപ്പോൾ 59 വയസ്സുള്ള ബുൾഗാനിൻ വൈസ്പ്രെമിയറും ഡിഫെൻസു മന്ത്രിയുമായിരുന്നു. സൈനികപാരമ്പര്യം അവകാശപ്പെടാവുന്ന ഒരു പ്രമുഖ വ്യക്തി കമ്മ്യൂണിസ്റ്റുമേധാവികളുടെ കൂട്ടത്തിൽ അദ്ദേഹം മാത്രമേയുള്ളൂ.

### രാജിക്കുള്ള കാരണങ്ങൾ

അനിതരസാധാരണവും അപ്രതീക്ഷിതവുമായ മി. മലങ്കോവിൻെറ രാജിക്കു പുറകിൽ പ്രബലമായ കാരണങ്ങളുണ്ടെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നതു്. അവയെപ്പററി വ്യക്തമായ വസ്തുതകൾ ഇനിയും പ്രതീക്ഷിക്കപ്പെടുകയേ നിവൃത്തിയുള്ളൂ. എങ്കിലും പാർട്ടിസിക്രട്ടറിയായ മി. ക്രൂഷേവും പ്രധാനമന്ത്രിയും തമ്മിൽ കുറേനാളായി ഗൗരവമായ അഭിപ്രായവ്യത്യാസങ്ങളും മത്സരങ്ങളും നടന്നിരുന്നുവെന്നുള്ള വാർത്ത ധാരാളം പ്രചരിക്കുന്നുണ്ടായിരുന്നു. ഔദ്യോഗികമായും നേരിട്ടും അതു നിഷേധിക്കപ്പെടുകയായിരുന്നു. കഴിഞ്ഞ ആഴ്ചയിൽത്തന്നെ ഒരമേരിക്കൻ പ്രസാധകനായ മി. വില്യം റണ്ടോൾഫ് ഹേഴ്സ്റ്റുമായി മി. ക്രൂഷേവ് നടത്തിയ ഒരു സന്ദർശനത്തിൽ ഈ സംശയം ഉന്നയിക്കപ്പെട്ടു. അദ്ദേഹം അതു പാടെ നിഷേധിക്കുകയും അതെല്ലാം ഓരോരുത്തരുടെ "വെറും വ്യാമോഹങ്ങളാണെ"ന്നു പുച്ഛിക്കുകയുംചെയ്തു. ആ സ്വരം മങ്ങിമറയുന്നതിനു മുമ്പാണ് ഈ സംഭവങ്ങളെല്ലാം നടന്നിരിക്കുന്നതു്. അതുകൊണ്ടു് പാർട്ടിസിക്രട്ടറിയും പ്രധാനമന്ത്രിയും തമ്മിലുള്ള മത്സരം ഈ പരിണാമത്തിനു വഴിതെളിച്ചുവെന്നു വിശ്വസിക്കുന്നതിനു സാമാന്യന്മാർ നിർബന്ധിതരാകുന്നു. കൂടാതെയും സുപ്രീംസോവ്യററ് സമ്മേളിക്കുന്നതിനു അടുത്തു മുമ്പു നടന്ന ഒരു യോഗത്തിൽ കൃഷിസംബന്ധിച്ച നയപരിപാടികളെപ്പററി ഗൗരവമായ വാദപ്രതിവാദങ്ങൾ നടക്കുകയും ആ വകുപ്പിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഉത്തരവാദിത്വപ്പെട്ട രണ്ടുദ്യോഗസ്ഥന്മാരെ കുററപ്പെടുത്തുകയുമുണ്ടായി. അതിലൊരാളെ ഉദ്യോഗത്തിൽനിന്നു പിരിക്കുകയും ചെയ്തു. പ്രസ്തുത വാദപ്രതിവാദങ്ങൾക്കിടയിൽ മി. ക്രൂഷേവ് പരസ്യമായി പ്രസ്താവിച്ചു, അവരവർ ഏററിരിക്കുന്ന ജോലി ശരിയായി നിർവ്വഹിക്കാൻ സാധിക്കാത്തവരെല്ലാം രാജിവച്ചു പിരിയുകയാണു നല്ലതെന്നു്. ക്രൂഷേവിൻെറ ഉദ്ദേശ്യങ്ങളേയും ഉപജാപങ്ങളേയുംപററി മലങ്കോവു് മനസ്സിലാക്കിയതാണോ ഇത്ര പെട്ടെന്നു ഈ രാജിക്കു പ്രേരണയെന്നും സംശയിക്കാവുന്നതാണ്. ഏതായാലും സോവ്യററ് ഭരണനയത്തിൽ സംഗതികൾ അല്പാല്പം വ്യത്യാസപ്പെട്ടാണ് മി. മലങ്കോവിൻെറ കീഴിൽ നടന്നിരുന്നതെന്നും അതിൻെറ ഒരു പ്രത്യാഘാതമാണ് ഈ സംഭവവികാസമെന്നും വിചാരിക്കുന്നതിൽ തെററുണ്ടാകുമെന്നു തോന്നുന്നില്ല. കൃഷിസംബന്ധിച്ച നേരിട്ടുള്ള ഉത്തരവാദിത്വം മലങ്കോവല്ല പ്രത്യുത ക്രൂഷേവുതന്നെയാണ് കൈകാര്യം ചെയ്തിരുന്നതെന്നും അതുകൊണ്ടു കൃഷിസംബന്ധിച്ച കുഴപ്പങ്ങൾക്കു മലങ്കോവു രാജിവയ്ക്കുന്നതിൻെറ സാംഗത്യം അജ്ഞേയമായിരിക്കുന്നുവെന്നുമാണ് ലണ്ടനിലെ അഭിജ്ഞകേന്ദ്രങ്ങൾ അഭിപ്രായപ്പെടുന്നതു്. ഏതായാലും മലങ്കോവും ക്രൂഷേവും തമ്മിൽ വ്യാവസായികമായ കാര്യങ്ങളിൽ അസുഖമുണ്ടായിരുന്നുവെന്നും അവർ തമ്മിലുള്ള മൈത്രീബന്ധത്തിൽ അതു മാഞ്ഞുപോകുമെന്നാണ് എല്ലാവരും വിചാരിച്ചിരുന്നതെന്നും അവർ സൂചിപ്പിക്കുന്നുണ്ടു്. സ്ഥാനമൊഴിഞ്ഞുപോകുന്ന ഫ്റഞ്ചു പ്രധാനമന്ത്രി മെൻറസ് ഫ്റാൻസ് പറഞ്ഞതു് ഇതിൽനിന്നു റേ...ചൃററുയൂണിയനിലും ഗവർമ്മെൻറു സുസ്ഥിരമല്ലെന്നനുമാനിക്കണമെന്നാണ്.

### മലങ്കോവിനു പുതിയ ഉദ്യോഗം

സോവ്യററു മുൻപ്രധാനമന്ത്രി ജോർജിമലങ്കോവിനെ ഡപ്യൂട്ടി പ്രധാനമന്ത്രിയായി നിയമിക്കുകയും അദ്ദേഹത്തിനു ഒരു പുതിയ വകുപ്പു ഏല്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ പ്രധാനമന്ത്രിയായിരിക്കുന്ന ബുൾഗാനിനു പകരം മുമ്പു ഡപ്യൂട്ടിരാജ്യരക്ഷാമന്ത്രിയായിരുന്ന മാർഷൽ ജോർജി സുക്കോവ് രാജ്യരക്ഷാമന്ത്രിയായി നിയമിക്കപ്പെട്ടു. മലങ്കോവിനു ഇപ്പോൾ ലെക്ട്രോ സ്റ്റേഷനുകളുടെ വകുപ്പാണ് നൽകിയിരിക്കുന്നതു്. ഡിസ്മിസ്ചെയ്യപ്പെട്ട മി. അലെക്സി പാവ്ലെങ്കോയാണ് പ്രസ്തുതവകുപ്പ് മുമ്പു കൈകാര്യം ചെയ്തുകൊണ്ടിരുന്നതു്.

മി. മലങ്കോവിൻെറ ഭാവിയെന്തായിരിക്കുമെന്നു ആശങ്കപ്പെടുന്ന ചില റിപ്പോർട്ടുകളും പ്രചരിക്കുന്നുണ്ടു്. മ്യൂനിക്കിൽനിന്നുള്ള ഒരു വാർത്തയിൽ ഇതേപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണ് മലങ്കോവിൻെറ രാജിയുടെ പിന്നിൽ അണിയറയിൽ ചില നാടകീയസംഭവങ്ങൾ നടന്നതായി വിശ്വസിക്കപ്പെടുന്നു. സുപ്രീം സോവ്യററു സമ്മേളനം ആരംഭിച്ച അവസരത്തിൽതന്നെ രാജിവാർത്ത പ്രഖ്യാപിക്കപ്പെടണമെന്നായിരുന്നു ആദ്യത്തെ പ്ലാൻ. എന്നാൽ അവസാനനിമിഷത്തിൽ അതു ഭേദഗതി ചെയ്യപ്പെട്ടു. കാരണം മലങ്കോവിൻേറയും ക്രൂഷേവിൻെറയും കക്ഷികൾ തമ്മിലുള്ള വടംവലി അപ്പോഴും അവസാനരൂപം പ്രാപിച്ചു കഴിഞ്ഞിരുന്നില്ല. മലങ്കോവിൻെറ വിധി കുറെ നേരത്തേതന്നെ നിർണ്ണയിക്കപ്പെട്ടിരുന്നു എങ്കിലും അധികാരഭ്രംശം ഉണ്ടാകാതിരിക്കുവാൻ അവസാനനിമിഷംവരെ അദ്ദേഹം പിടിച്ചുനോക്കി. ഇപ്പോഴും വടംവലി പൂർണ്ണമായി അവസാനിച്ചുവെന്നു് വിചാരിക്കാൻ നിവൃത്തിയില്ലത്രേ. പട്ടാളത്തിന്മേലുള്ള മലങ്കോവിൻെറ സ്വാധീനം ഇനിയും നശിച്ചിട്ടില്ല എന്നും പറയപ്പെടുന്നുണ്ടു്. വിചാരണയ്ക്കു വിധേയമാക്കപ്പെട്ട മററു സോവ്യററുനേതാക്കന്മാർക്ക്, മുമ്പും ഉന്നതസ്ഥാനങ്ങൾ നൽകപ്പെട്ട അനുഭവമുണ്ടു്. അവരുടെ ഗതിതന്നെയായിരിക്കുമോ മലങ്കോവിനും ഉണ്ടാകുക എന്നും സംശയിക്കപ്പെടണം. പട്ടാളത്തിൻെറ ആനുകൂല്യത്തെയും പ്രവർത്തനത്തേയും ആശ്രയിച്ചായിരിക്കും ഇപ്പോഴത്തെ സംഘട്ടനത്തിൽ മലങ്കോവിൻെറയും ക്രൂഷേവിൻെറയും ഭാവി നിലകൊള്ളുക എന്നാണ് വിശ്വസിക്കപ്പെടുന്നതു്.

* * *

### പി. എസ്. പി.


### മന്ത്രിസഭയുടെ രാജി

തിരുക്കൊച്ചി അസംബ്ളിയിൽ ഫെബ്രുവരി 8-ാംനു- പട്ടംമന്ത്രിസഭയ്ക്കെതിരായി പി. എസ്. പി. യിൽനിന്നു രാജിവച്ചു പിരിഞ്ഞ മി. ടി. എസ്. രാമസ്വാമി അവിശ്വാസപ്രമേയം അവതരിപ്പിക്കുകയും മറെറാരു സ്വതന്ത്രമെമ്പറായ മി. ചട്ടനാഥകരയാളർ അതിനെ പിന്താങ്ങുകയും ചെയ്തു. കോൺഗ്രസ്സ്പാർട്ടിയിലെ 46 അംഗങ്ങളും തമിഴ്നാട്ടുകോൺഗ്രസ്സ് പാർട്ടിയിലെ 12 അംഗങ്ങളും പ്രമേയത്തെ അനുകൂലിച്ചു. പി. എസ്. പി; ആർ. എസ്. പി., കെ. എസ്. പി. എന്നീ പാർട്ടികളിൽപെട്ട 30 പേർ പ്രമേയത്തെ എതിർത്തു. 27 കമ്മ്യൂണിസ്റ്റ് മെമ്പറന്മാർ നിഷ്പക്ഷത പാലിച്ചു. അവിശ്വാസപ്രമേയം പാസാകുകയും അതേതുടർന്ന് പട്ടംമന്ത്രിസഭ രാജിസമർപ്പിക്കുകയും ചെയ്തു. അസംബ്ളി പിരിച്ചുവിട്ടു പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതിനാണ് ശ്രീ പട്ടം രാജപ്രമുഖനെ ഉപദേശിച്ചതെന്നറിയുന്നു. അവസാനതീരുമാനം ഉണ്ടാകുന്നതുവരെ ശ്രീ പട്ടത്തിൻെറ നേതൃത്വത്തിൽ കെയർടേക്കർ ഗവമ്മേണ്ടു തുടരുന്നതിനു ആവശ്യപ്പെട്ടിരിക്കുകയാണ്.

അടുത്ത നടപടി എന്തായിരിക്കണമെന്നു ഈ കുറിപ്പെഴുതുന്ന സമയത്തും തീവ്രമായ ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അസംബ്ളിയിലെ ഭൂരിപക്ഷകക്ഷിയായ കോൺഗ്രസ്സ്മന്ത്രിസഭ രൂപീകരിച്ചു മററു ഏതെങ്കിലും കക്ഷികളുടെ പിന്തുണയോടുകൂടി ഭരണം മുന്നോട്ടു കൊണ്ടുപോകണമോ, തല്ക്കാലത്തേക്കു ഒരു കേന്ദ്രഅഡ്മിനിസ്ട്രേറർ ഭരിക്കണമോ, നിയമസഭതന്നെ പിരിച്ചുവിട്ടു പുതിയ തെരഞ്ഞെടുപ്പു നടത്തണമോ എന്നെല്ലാം തീവ്രമായ വാദപ്രതിവാദങ്ങളും ഉന്നതതലങ്ങളിൽ അവഗാഢമായ ആലോചനകളും തകൃതിയായി നടന്നുകൊണ്ടിരുന്നു. ഇടതുപക്ഷകക്ഷികളെ സംയോജിപ്പിച്ചു ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനു കമ്മ്യൂണിസ്റ്റുകളും തലപുകഞ്ഞാലോചിച്ചു. ഏതായാലും തിരുക്കൊച്ചി രാഷ്ട്രീയാന്തരീക്ഷത്തിൽ വളരെ ചൂടുപിടിച്ച ഈ ആലോചനകളെല്ലാം ഭൂരിപക്ഷകക്ഷിയായ കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിക്കുമെന്നും തമിഴ്നാട്ടുകോൺഗ്രസ്സും ഏതാനും സ്വതന്ത്രമെമ്പറന്മാരും അതിനെ പിന്താങ്ങുമെന്നും വന്നതോടെ തൽക്കാലം നിശ്ശബ്ദമാക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.

### ജനാധിപത്യത്തിലെ കർത്തവ്യങ്ങൾ

ജനാധിപത്യം ഏററം അഭിലഷണീയമായ ഒരുഭരണരീതിയാണ്. എന്നാൽ ജനാധിപത്യരാജ്യത്തിലെ പൗരവ്യൂഹവുംനേതാക്കന്മാരും ആത്മാർത്ഥമായ രാജ്യസ്നേഹത്തോടും സേവനസന്നദ്ധതയോടും കർത്തവ്യബോധത്തോടുംകൂടി പ്രവർത്തിക്കുന്നതിനു സന്നദ്ധരല്ലെങ്കിൽ അതു വിജയിക്കുവാൻ പോകുന്നില്ല. എന്നുമാത്രമല്ല രാജ്യത്തിനു നാനാതരത്തിലുള്ള കഷ്ടനഷ്ടങ്ങളും പൗരജീവിതത്തിൽ പൊതുജനങ്ങൾക്കു നിരവധി ക്ലേശങ്ങളും അതു വരുത്തിവയ്ക്കുകയും ചെയ്യും. തിരുക്കൊച്ചിരാഷ്ട്രീയത്തിൽ ദയനീയമായ ഈ അനുഭവങ്ങളാണ് അടിക്കടി നാം കണ്ടുവരുന്നതു്. പാർട്ടിസിസ്റ്റംകൂടാതെ ജനാധിപത്യമുറ പുലത്തുക സാധ്യമല്ല. എന്നാൽ ഓരോ പാർട്ടികളും രാജ്യനന്മയും ജനക്ഷേമവും അവരുടെ പരമലക്ഷ്യമായി അംഗീകരിക്കുകയും അതിനു സഹായകമായ രാഷ്ട്രമീമാംസാതത്വങ്ങളിൽ അടിയുറച്ചുനില്ക്കുകയും വേണം. വ്യക്തികൾ തമ്മിലുള്ള കുടിവഴക്കുകളും, പാർട്ടികളുടെ മേധാവിത്വം എങ്ങിനെയും കൈവിടുകയില്ല എന്നുള്ള സ്വാർത്ഥജഡിലമായ മനോഭാവവും, അധികാരമോഹവും രാഷ്ട്രീയപ്രവർത്തനത്തിൻെറ മാനദണ്ഡമായി സ്വീകരിക്കപ്പെട്ടാൽ ആ രാജ്യത്തു് ഭരണം സുഭഗമായി പുരോഗമിക്കുകയില്ല എന്നുള്ളതു തീർച്ചയാണ്. സ്വേച്ഛാധിപത്യം പുലത്തുന്ന കമ്മ്യൂണിസ്റ്റ് ഭരണരീതികളും കുത്തഴിഞ്ഞ പാർട്ടിസമ്പ്രദായം താലോലിക്കുന്ന പല യൂറോപ്യൻരാജ്യങ്ങളും ഈ ഗുണപാഠമാണ് ലോകത്തെ പഠിപ്പിക്കുന്നതു്. അഭിപ്രായസ്വാതന്ത്ര്യമുള്ള ഒരു ജനായത്തഭരണം പ്രായോഗികമാക്കുന്നതിനു കമ്മ്യൂണിസ്റ്റ്രാജ്യങ്ങൾക്കോ, ഉറച്ച ഒരു ഗവമ്മേണ്ടുണ്ടാക്കുന്നതിനു ഫ്റാൻസ്, ഇററലി മുതലായ പാശ്ചാത്യരാജ്യങ്ങൾക്കോ സാധിക്കാത്തതിൻെറ രഹസ്യമിതാണ്. നമ്മുടെ കൊച്ചു തിരുക്കൊച്ചിയിൽ നടമാടുന്ന "ഏടാകൂടങ്ങളുടെ മൂലകാരണങ്ങളെന്താണെന്നു നാം അവഗാഢമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഓരോ പാർട്ടി നേതാക്കന്മാരുടെ സ്വാർത്ഥതയ്ക്കും അധികാരമോഹത്തിനും പൊതുജനത അവരുടെ രാഷ്ട്രീയമോക്ഷവും സൈ്വരജീവിതവും പണയംവച്ചും അനാവശ്യവും അസഹനീയവുമായ ധനനഷ്ടവും ക്ലേശങ്ങളും സ്വയം വഹിച്ചും കഴിഞ്ഞുകൂടണമെന്നു വരുന്നതു് പ്രബുദ്ധതയും പൗരബോധവുമുള്ള ഒരു ജനവിഭാഗത്തിനു സഹ്യമല്ല. പൊതുജനങ്ങളുടെ ഈ ഉറച്ചമനസ്ഥിതിക്കു മാത്രമേ അധികാരമോഹികളായ നേതാക്കന്മാരെ കടിഞ്ഞാണിട്ടുനിത്തുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു സ്വീകാര്യമായ ഏതു പാർട്ടി ഭരണം ഏറെറടുത്താലും, നിയമസഭ പിരിച്ചുവിട്ടു പുതിയ തിരഞ്ഞെടുപ്പു നടത്തിയാലും, അഡ്മിനിസ്ട്രേറർ ഭരണം വിളിച്ചുവരുത്തിയാലും വേണ്ടതില്ല, തിരുക്കൊച്ചിയുടെ ഭാവി അനിശ്ചിതാവസ്ഥയിൽ തുടരാതിരിക്കുന്നതിനും, നേതാക്കന്മാരുടെസ്വാർത്ഥതയ്ക്കു രാജ്യത്തെബലിമൃഗമാക്കുന്നരീതി ആവർത്തിക്കപ്പെടാതിരിക്കുന്നതിനും പൊതുജനങ്ങൾ രാജ്യസ്നേഹത്തോടും പൗരബോധത്തോടുംകൂടി ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ നന്നു്.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

K. J. J.

തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

തിരുസഭാചരിത്രം 59

## പ്രസാദവരവ്യല്പന്നനായ വി. അഗസ്തീനോസ്

(പ്രഫസർ പി. ററി തോമസ് എം. ഏ.)

(തുടർച്ച)

കാർത്തേജിലെ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അഗസ്തീനോസ് ജീവിതരംഗത്തേക്കിറങ്ങി. ഭാസുരമായ ഒരു ജീവിതമാർഗ്ഗം അദ്ദേഹത്തിൻെറ മുൻപിൽ തുറക്കപ്പെട്ടു. ആദ്യം സ്വദേശമായ ടഗാസ്റ്റേയിൽ സാഹിത്യം പഠിപ്പിക്കുന്നതിൽ അദ്ദേഹം ഏർപ്പെട്ടു. പിന്നീട് കാർത്തേജിൽ ചെറുപ്പക്കാരായ വക്കീലന്മാർക്ക് അഭിഭാഷകകലയിൽ പരിശീലനം നൽകുന്നതിൽ വ്യാപൃതനായി.

ഇക്കാലമത്രയും കത്തോലിക്കസഭയെ അവഹേളിക്കുന്നതിലും മാനിക്കേയൻ പാഷണ്ഡതയെ പ്രചരിപ്പിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തൻെറ പുത്രൻെറ അബദ്ധജടിലവും ദൈവവിരുദ്ധവുമായ അഭിപ്രായങ്ങൾ കേട്ട് അസ്വസ്ഥയായിത്തീർന്ന മോനിക്കാ കുറേനാളത്തേക്ക് അഗസ്തീനോസിനോടുകൂടി ഭക്ഷണം കഴിക്കുന്നതിനുപോലും വിസമ്മതിച്ചു. എന്നാൽ ആയിടയ്ക്ക് മോനിക്കായ്ക്കുണ്ടായ ഒരു സ്വപ്നത്തിൻെറ ഫലമായി മകനെ വീണ്ടും തന്നോടുകൂടി മേശക്കിരിക്കുവാൻ അവർ അനുവദിച്ചു. അപഥസഞ്ചാരിയായ അഗസ്തീനോസ് ഒരു ദിവസം വിശ്വാസത്തിലേക്കു തിരിച്ചു വരുമെന്നും ഏദയൈക്യത്തിൽ തന്നോടു ഒത്തു ചേർന്നു നിലകൊള്ളുമെന്നുമായിരുന്നു സ്വപ്നത്തിൻെറ സാരം. മറ്റൊരു ദിവസം ഭക്തയായ മോനിക്കാ ഒരു മെത്രാനെ സമീപിച്ചു തൻെറ പാഷണ്ഡപുത്രൻെറ മാനസാന്തരം സാധിക്കുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ അശ്രുധാര ഒരിക്കലും നിഷ്ഫലമാകയില്ല. ആക്കുവേണ്ടി നിങ്ങൾ ഇത്ര ധാരാളമായി കണ്ണുനീർ ചിന്തുന്നുവോ ആ പുത്രൻ തീർച്ചയായും നശിച്ചുപോകയില്ല. സമാധാനമായി പോവുക. ദൈവം നിങ്ങളെ അനുഗ്രഹിക്കും." അങ്ങിനെ പ്രാർത്ഥനയിലും, പ്രലാപത്തിലും, പ്രത്യാശയിലും മുഴുകി മോനിക്കാ ദിവസങ്ങൾ കഴിച്ചു.

അഗസ്തീനോസിനേറ്റുപോലുള്ള തീക്ഷ്ണവും പ്രതിഭാസമ്പന്നവുമായ ഒരു മനസ്സ് മനിക്കികളുടെ ഉപരിപ്ലവങ്ങളായ അബദ്ധസിദ്ധാന്തങ്ങളിൽ അധികനാൾ ഉറച്ചുനില്ക്കുക സാദ്ധ്യമായിരുന്നില്ല. അചിരേണ ഈ അബദ്ധങ്ങളോട് അദ്ദേഹത്തിനു വലിയ വെറുപ്പും വിപ്രതിപത്തിയും തോന്നി. നിഷേധാത്മകവും വിനാശകരവും എന്നല്ലാതെ സൃഷ്ടിപരമായി അവയിൽ ഒന്നുംതന്നെ ഇല്ലെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. പാഷണ്ഡതയുമായുള്ള വാദസമരത്തിൽ കത്തോലിക്കാപക്ഷം വിജയം വരിക്കുന്നതായി അദ്ദേഹം കണ്ടു. ജീവിതവിശുദ്ധിയെപ്പററി ഉച്ചൈസ്തരം ഉൽഘോഷിച്ചിരുന്ന പാഷണ്ഡികളുടെ അസന്മാർഗ്ഗികവ്യാപാരങ്ങൾ അദ്ദേഹത്തെ അമ്പരപ്പിച്ചു. മനിക്കികളുടെ പ്രശസ്തനായ നേതാവും പ്രധാനമെത്രാനുമായിരുന്ന മിലെവെയിലെ ഫോസ്റ്റസ് (Faustus of Mileve) പ്രസംഗകലയിൽ സമർത്ഥനായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ ന്യായവാദങ്ങൾ കഴമ്പില്ലാത്തവയായിരുന്നു.

താൻ ആശ്ലേഷിച്ചിരുന്ന അബദ്ധവിശ്വാസത്തെപ്പററി ബോധവാനായിത്തീർന്ന അഗസ്തീനോസ് ഏ. ഡി. 383ൽ കാർത്തേജിനോടു യാത്രപറഞ്ഞ് ആരുമറിയാതെ റോമയിലെത്തിച്ചേർന്നു. ആ മഹാനഗരത്തിൽ കേവലം അപരിചിതനായിരുന്ന അഗസ്തീനോസിനു ജീവസന്ധാരണം ദുഷ്കരമായി തോന്നി. അതുകൊണ്ട് അദ്ദേഹം ഒരു ഭാഷാശാസ്ത്രവിദ്യാലയം ആരംഭിച്ചു. കുറേ വിദ്യാർത്ഥികളെ ലഭിച്ചു എങ്കിലും അവരാരുംതന്നെ അദ്ധ്യാപകനു വേതനം നൽകുവാൻ കൂട്ടാക്കിയില്ല. ഈ അവസരത്തിൽ റോമയിലെ പ്രിഫെക്ടായിരുന്ന സിമാക്കസ് (Symmachus) അഗസ്തീനോസിനെ മിലാൻ നഗരത്തിലെ വിദ്യാലയങ്ങളിൽ പ്രഭാഷണകലയുടെ പ്രൊഫസറായി നിയമിച്ചു. അദ്ദേഹം ആ സ്ഥാനം സസന്തോഷം സ്വീകരിച്ചു. (തുടരും)

## വിനോദവീഥി



"ബഹുമാനെ, ഈയാണ്ടി കുടിക്കാൻ 1000 രൂപാ ബഡ്ജററനുവദിക്കണം"

"അതിനീയാണ്ടി തുകകൊള്ളിക്കാൻ യാതൊരു നിവൃത്തിയുമില്ല. ആ വകുപ്പങ്ങു നിറുത്തുകേ നിവൃത്തിയുള്ളു."

* * *

ഭാര്യ:- (കോപാവേശത്തോടെ) തലച്ചോറില്ലാതെ ഒരു മനുഷ്യൻ എത്രകാലം ജീവിക്കും?

ഭർത്താവ്:- (ശാന്തനായി) എനിക്കതറിയാൻ പാടില്ലല്ലോ. നിനക്കിപ്പോൾ എത്ര വയസ്സായി? അതറിഞ്ഞാൽ അത്രയും തീർച്ച പറയാം.

* * *

ശാന്തനായ മി. എക്സും ബഹളക്കാരനായ മി. വൈയും ഒരു ഹോട്ടലിൽ ഒരു മേശയിൽ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയായിരുന്നു. ആരംഭം മുതൽ വൈ സദാ വേയ്ററെ വിളിച്ചു ബഹളം കൂട്ടുകയും ഓരോ സാധനങ്ങൾ കൊണ്ടുവരുവാൻ നിർദ്ദേശിക്കുകയുമായി. എക്സ് വിഷമിച്ചു അവസാനം അസ്വസ്ഥനായി.

വൈ:- ഹേ, വേയ്ററർ, ഒരു ഗ്ലാസ് വെള്ളം വേഗം കൊണ്ടുവരിക.

എക്സ്:- എന്താ മിസ്റ്റർ, നിങ്ങൾക്കു തീപിടിച്ചുവോ?...

* * *

ഡോക്ടർ:- നേഴ്സ്, ഈ രോഗി ഞാൻ പറഞ്ഞതുപോലെ ശാന്തമായും സന്തോഷമായുമാണോ മരുന്നുകൾ കഴിച്ചതു്?

നേഴ്സ്:- അല്ല ഡോക്ടർ, അദ്ദേഹം എപ്പോഴും അസ്വസ്ഥനായും വഴക്കുപറഞ്ഞുമാണ് മരുന്നു പയോഗിച്ചതു്.

രോഗി:- സാറേ, അതെൻെറ കുററമല്ല. കരംപിരിവുകാർ സദാ എന്നെ അലട്ടിക്കൊണ്ടിരുന്നതുകൊണ്ട് അതെന്നിൽ ഒരു സ്വഭാവമായിത്തീർന്നുപോയി. ഞാനെന്തുചെയ്യും?

# വിവിധവൃത്താന്തങ്ങൾ

### 1955-ലെ കമ്മ്യൂണിസ്റ്റ് പരിപാടി

ചെക്കോസ്ലൊവാക്കിയായിലുള്ള ബ്രദിസ്ലാവയിലെ ദേശീയകമ്മ്യൂണിസ്റ്റ് കമ്മിററിക്കു പ്രേഗ്‌കേന്ദ്രത്തിൽനിന്നയച്ചുകൊടുത്ത ഒരു നിർദ്ദേശപത്രികയിൽ 1955-ലെ കമ്മ്യൂണിസ്റ്റ് മതവിരുദ്ധ പരിപാടിയിലെ പ്രധാനവിഷയം സ്കൂൾവിദ്യാർത്ഥികളെ സ്വാധീനിക്കുകയായിരിക്കുമെന്നു പ്രസ്താവിച്ചിരിക്കുന്നു. നിർദ്ദേശപത്രം ഇങ്ങനെ പറയുന്നു: "1955-ൽ നമ്മുടെ പ്രവർത്തനങ്ങളെല്ലാം സ്കൂൾവിദ്യാർത്ഥികളുടെ മേൽ കേന്ദ്രീകരിക്കണം. വളർന്നുവരുന്ന തലമുറയെ കീഴടക്കുന്നതിനു നമുക്കു സാധിച്ചാൽ അവസാനം മതത്തിനെതിരായ സമരത്തിൽ നാം വിജയിക്കും. പൊതുജനങ്ങളുടെ മതവികാരങ്ങളെ തുടച്ചുമാററുന്നതിനുള്ള പരിശ്രമത്തിൽ നാം പരാജയപ്പെട്ടുവെന്നു ഏററുപറയുവാൻ നമുക്കു വളരെ കുണ്ഠിതമുണ്ട്. മതത്തിൻെറ ശക്തിയെ നാം വേണ്ടുവോളം ശരിയായി മനസ്സിലാക്കിയില്ല. കത്തോലിക്കാസഭയ്ക്കെതിരായി കർശനമായ നിയന്ത്രണങ്ങൾ നടപ്പെടുത്തിയെങ്കിലും, സ്റ്റേററും പാർട്ടിയും മതവിരുദ്ധമായി ഭയങ്കരമായ പ്രചാരണവേലകൾ നടത്തിയെങ്കിലും വളരെ കുറച്ചുപേരെക്കൊണ്ടു മാത്രമേ അവരുടെ മതമുപേക്ഷിപ്പിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുള്ളു. മതവിരുദ്ധമായ സംരംഭങ്ങളിൽ ബലപ്രയോഗമല്ല ആവശ്യം, ബോദ്ധ്യതയുണ്ടാക്കുകയാണ്. മതം ഇപ്പോഴും നമ്മുടെ ഏററം വലിയ ശത്രുവായി നിലകൊള്ളുകയാണ്. നമ്മുടെ ഇപ്പോഴത്തെ "തിരിഞ്ഞോട്ട"ത്തിൽ പല സഖാക്കൾക്കും നിരാശ തോന്നുന്നുണ്ടാകാം. അടിക്കടി നമ്മുടെ പാർട്ടി പൊതുജനങ്ങളുടെ ഇടയിൽ പുറംതള്ളപ്പെടുകയും അതേസമയത്തു മതം അവരുടെ ഇടയിൽ വലിയ സ്വാധീനം കൈവരിക്കുകയും ചെയ്തുപോരുന്നതുകൊണ്ടാണ് ഈ നയംമാററത്തിനു നാമിപ്പോൾ നിർബന്ധിതരായിരിക്കുന്നതു്. നാം ആവശ്യത്തിലധികം രക്തസാക്ഷികളെ സൃഷ്ടിച്ചുപോയി."

### ഫ്രഞ്ച് പാർലമെണ്ടിൽ ദൈവനാമം വീണ്ടും മുഴങ്ങുന്നു

അനേകം കൊല്ലങ്ങളായി ഫ്രഞ്ച് പ്രസിഡണ്ടന്മാർ അസംബ്ളിയിൽ ദൈവനാമം ഉച്ചരിച്ചിരുന്നില്ല; കാരണം പ്രസിഡണ്ടന്മാർ ദൈവവിശ്വാസത്തിൽ ഉറച്ച വ്യക്തികളായിരുന്നില്ല. ഇപ്പോഴത്തെ പ്രസിഡണ്ട് മി. പീയരെ ഷ്നീററർ ഉദ്യോഗം സ്വീകരിച്ച അവസരത്തിൽ പരസ്യമായി ദൈവസഹായം അഭ്യർത്ഥിച്ചു. മി. ഷ്നീററർ കത്തോലിക്കാ എം. ആർ. പി. പാർട്ടിയുടെ നേതാവും ഒരു കത്തോലിക്കനുമാണ്. നയപ്രഖ്യാപനപ്രസംഗത്തിൽ അദ്ദേഹം സമാധാനത്തെയും സാമൂഹിക പുരോഗതിക്കുള്ള തൻെറ പദ്ധതികളേയും വിശദീകരിച്ചശേഷം ഇങ്ങനെ സമാപിപ്പിച്ചു: "ഈ കർത്തവ്യനിർവ്വഹണത്തിനുവേണ്ടിയാണ് ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നതു്; അതു പൂർത്തീകരിക്കുന്നതിനു തന്നെയാണ്, നിങ്ങളുടെ അനുമതിയോടുകൂടിയും എൻെറ സ്വന്തം നിലയിലും ഞാൻ ദൈവസഹായം അഭ്യർത്ഥിക്കുന്നതു്. ഫ്രാൻസുരാജ്യം അവളുടെ അനശ്വരമായ ലക്ഷ്യത്തിലേക്കു കുതിച്ചുനീങ്ങുകയാണ് എന്നുള്ള വസ്തുത ലോകത്തിനു ബോദ്ധ്യമാകത്തക്കവണ്ണം സന്നദ്ധതയോടും ഏകമനസ്സോടുംകൂടി പ്രവർത്തിച്ചുകാണിച്ചുകൊടുക്കുന്നതിനു നിങ്ങളുടെ സഹകരണത്തെ ഞാൻ ക്ഷണിക്കുകയുംചെയ്തുകൊള്ളുന്നു."

### കൈപ്പററി

Quilon Sanitory & Plumbing Works Prop. C K Thomas Quilon വക 1955-ലെ കലണ്ടർ നന്ദിപൂർവ്വം കൈപ്പററി.


### വിശുദ്ധ പത്താം പീയൂസിൻെറ

അതിമനോഹരമായ ത്രിവർണ്ണചിത്രം

സൈസ് 13½ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആർട്ട്പേപ്പർ—

ഒന്നിന് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1


### തിരുക്കൊച്ചി പുതിയ മന്ത്രിസഭ

തിരുക്കൊച്ചി കോൺഗ്രസ് പാർട്ടി ലീഡർ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ഫെബ്രുവരി 14-ാംതീയതി തിങ്കളാഴ്ച കാലത്തു 10 മണിക്കു രാജപ്രമുഖൻ തിരുമേനിയെ സന്ദർശിക്കുകയും രാജപ്രമുഖൻതിരുമേനി അദ്ദേഹത്തെ ചീഫ്മിനിസ്റ്ററായി നിയമിക്കുകയും ചെയ്തു. മെ: ഏ. ജെ. ജോൺ, കെ. കൊച്ചുകുട്ടൻ, കെ. ഐ. വേലായുധൻ, എ. എ. റഹിം എന്നിവർ സഹമന്ത്രിമാരായിരിക്കും. ചീഫ്മിനിസ്റ്ററും സഹമന്ത്രിമാരും തിങ്കളാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു സത്യപ്രതിജ്ഞചെയ്തു ചാർജെടുത്തു.

### മി. മെൻറസ്ഫ്രാൻസ് മാർപ്പാപ്പായെപ്പററി

ഫ്രഞ്ച് പ്രെമിയറായിരുന്ന മി. മെൻറസു ഫ്രാൻസ് അടുത്ത അവസരത്തിൽ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുകയുണ്ടായല്ലോ. മാർപ്പാപ്പായുമായി അദ്ദേഹം നടത്തിയ രഹസ്യസന്ദർശനം കഴിഞ്ഞു തൻെറ പരിവാരങ്ങളുടെ അടുക്കലേക്കുവന്ന പ്രധാനമന്ത്രി വികാരഭരിതനായി കണ്ണുനീർ ഒഴുക്കിക്കൊണ്ടു പറഞ്ഞതു്, "മഹത്വത്തിൻെറ അർത്ഥമെന്താണെന്നു ഇന്നു ഞാൻ മനസ്സിലാക്കി," എന്നായിരുന്നു. അദ്ദേഹം ഒരു കത്തോലിക്കനാണ്. മാർപ്പാപ്പാ ഫ്രാൻസിനേയും അവളുടെ ജനങ്ങളേയും സംബന്ധിച്ച് പൈതൃകമായ സ്നേഹവികാരങ്ങളോടെ സംസാരിക്കുന്നതു നേരിട്ടു കേട്ടപ്പോഴാണ് ഫ്രാൻസിൻെറ അഭിവൃദ്ധിയിൽ അവിടുത്തെ സ്നേഹഹൃദയം എത്രമാത്രം ഉൽക്കണ്ഠാകുലമാണെന്നു പ്രധാനമന്ത്രിക്കു മനസ്സിലാക്കാൻ സാധിച്ചതു്. എല്ലാവരും ആത്മധൈര്യത്തോടും, പ്രത്യാശാമനസ്ഥിതിയോടും, സമാധാനവാഞ്ഛയോടുംകൂടി പ്രവർത്തിക്കണമെന്നു തിരുമേനി ഉൽബോധിപ്പിച്ചു.



അസാദ്ധ്യസുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ. താമസിച്ചുപോയതിനു ക്ഷമാപണം.

Mathew Joseph
Vengathanam
Kozhuvanal

### അടുത്ത ആഴ്ചയിൽ

ഫെബ്രുവരി

17 വ്യാ: വി. ജോൺബ്രിട്ടോ
18 വെ: വി. ഫ്ളാവിയൻ
19 ശ: വി. ഗബീനൂസ്
20 ഞാ: വി. എവുക്കേറിയൂസ്
21 തി: വി. പെപ്പിൻ
22 ചൊ: വി. അബീലിയൂസ്
23 ബു: വിഭൂതി




ആദ്ധ്യാത്മികവീഥി 42

# ധ്യാനം

## പ്രേരകശക്തി, സ്നേഹം

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവികകാര്യങ്ങളെക്കുറിച്ച് ഗാഢമായി ചിന്തിച്ചു നമ്മുടെ ജീവിതത്തെ നന്നാക്കുന്നതിനായി പ്രായോഗികമായ പ്രതിജ്ഞ ചെയ്യുന്നതിന്റെ ആവശ്യത്തെക്കുറിച്ചു പറഞ്ഞുകഴിഞ്ഞു. പ്രസ്തുത ജീവിതഗുണീകരണത്തിനു എന്താണു നമ്മെ പ്രേരിപ്പിക്കേണ്ടതെന്നാണ് ഇനി നോക്കാനുള്ളത്.

നാം എന്തെങ്കിലും ഒരു കല്പന അനുസരിക്കുന്നത് ഒന്നുകിൽ കല്പിക്കുന്നയാളിനെ ഭയന്നോ അല്ലെങ്കിൽ അദ്ദേഹത്തോടുള്ള സ്നേഹത്താൽ പ്രേരിതരായോ അതുമല്ലെങ്കിൽ അതുകൊണ്ടു നമുക്കുണ്ടാകുന്ന ഗുണത്തെ ലാക്കാക്കിയോ ആയിരിക്കും. ശിക്ഷയെ ഭയന്നോ സമ്മാനത്തെ ആശിച്ചോ ഉള്ള അനുസരണം അടിമകൾക്കു യോജിച്ച സ്വാർത്ഥപരമായ കീഴ്‌വഴക്കമാണ്. അതു താല്ക്കാലികവുമായിരിക്കും. അധികാരി കാണുകയോ അറിയുകയോ ചെയ്യുകയില്ലെന്നു ബോദ്ധ്യമുള്ളപ്പോൾ കല്പന ലംഘിക്കുന്നതിനു മടിയുണ്ടായിരിക്കയില്ല.

എന്നാൽ സ്നേഹത്താൽ പ്രേരിതമായ അനുസരണമാണെങ്കിൽ അതു ശാശ്വതവും പുത്രനിർവ്വിശേഷവുമായിരിക്കും. മുൻപൊരവസരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ സ്നേഹിക്കുന്നയാൾ സ്നേഹിതന്റെ ഏററം നിസ്സാരമായ അഭീഷ്ടംപോലും നിറവേററാൻ എപ്പോഴും സന്നദ്ധനായിരിക്കും. ദൈവതിരുമനസ്സു നിറവേററുന്നതിലാണല്ലോ പുണ്യമെല്ലാം അടങ്ങിയിരിക്കുന്നത്. അതിനാൽ നാം ധ്യാനത്തിൽ കാണുന്ന തെററുകളെ തിരുത്തുന്നതിനും ആവശ്യമെന്നു കാണുന്ന സുകൃതങ്ങളെ അഭ്യസിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കേണ്ടതു് അതു ദൈവതിരുമനസ്സാണ് എന്നുള്ള ബോധമായിരിക്കണം. മററു വാക്കുകളിൽ പറഞ്ഞാൽ ദൈവത്തോടുള്ള സ്നേഹമായിരിക്കണം. അല്ലാതെ ശിക്ഷയെക്കുറിച്ചുള്ള ഭയമായിരിക്കരുത്.

ഭയം ഹൃദയത്തെ ചുരുക്കുമ്പോൾ സ്നേഹം അതിനെ വികസിപ്പിക്കുന്നു. പുണ്യത്തിൽ അതിശീഘ്രം പുരോഗമിക്കുന്നതിനു സ്നേഹം മാത്രമേ നമ്മെ സഹായിക്കയുള്ളു. ഇക്കാരണത്താൽ ധ്യാനസമയത്തു ദൈവസ്നേഹത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കണം. ദൈവം ആദ്യമായി നമ്മെ സ്നേഹിച്ചു. ഇല്ലായ്മയിൽനിന്നു നമ്മെ സൃഷ്ടിക്കയും പരിപാലിക്കയും സ്വപുത്രനെത്തന്നെ പരിപൂർണ്ണമായി നമുക്കു തന്നു നമ്മെ രക്ഷിക്കയുംചെയ്തു. നിത്യസൗഭാഗ്യം നമുക്കുവേണ്ടി ഒരുക്കിവച്ചിരിക്കയും ചെയ്യുന്നു. ഇത്ര വലിയ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുന്നതിനു നാം എത്ര കടപ്പെട്ടവരാണ്! അതിനുപകരം പ്രമാണങ്ങളെ ലംഘിച്ചു ദൈവത്തെ ഉപദ്രവിക്കുന്നത് എത്ര നീചനീചം.

ഈവിധത്തിലുള്ള ചിന്തകളാണ് പാപങ്ങളിൽനിന്നു മാറുന്നതിനും പുണ്യത്തിൽ വളരുന്നതിനും പ്രതിജ്ഞചെയ്യാൻ നമ്മെ പ്രേരിപ്പിക്കേണ്ടതു്. ഈ അടിസ്ഥാനത്തിന്മേൽ നമ്മുടെ പുണ്യജീവിതം കെട്ടിപ്പടുക്കുന്നപക്ഷം അതു സുരക്ഷിതമായി അതിശീഘ്രം പുരോഗമിച്ചുകൊള്ളും.

അടുത്ത ലക്കം മുതൽ ചില ധ്യാനങ്ങളുടെ മാതൃക കാണിച്ചു തരാം.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

# പുസ്തകാഭിപ്രായം


## നാട്ടുംപുറത്തിന്റെ മകൾ

(ഗ്രന്ഥകർത്താ: ശ്രീ വറുഗീസ് കാഞ്ഞിരത്തുങ്കൽ, സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. പേജ് 80. വില 10 ണ)

പാവങ്ങളുടെ ചേരിയിൽ പടയുടുപ്പുമണിഞ്ഞു നില്ക്കുന്ന ഒരു തൂലികാ യോദ്ധാവാണ് ശ്രീ കാഞ്ഞിരത്തുങ്കൽ. വിങ്ങിപ്പിടയുന്ന ദരിദ്രഹൃദയങ്ങളിലെ മൂകസ്പന്ദനങ്ങൾക്കു രൂപംകൊടുക്കുവാൻ അദ്ദേഹത്തിന്റെ ഭാവനയ്ക്കു അപാരമായ കഴിവുണ്ട്. ചുമട്ടുകാരന്റെ മകൾ ഏലിപ്പെണ്ണിന്റെ നിരാലംബജീവിതം ഒരു സമ്പന്നഗൃഹത്തിലെ വേലക്കാരിയായി നീണ്ടിഴഞ്ഞു നീങ്ങുകയാണ്. മനുഷ്യത്വത്തിന്റെ മൗലികമായ മൂല്യങ്ങളൊന്നും വേലക്കാരിയുടെ ജീവിതത്തിനു വകവച്ചുകൊടുക്കുവാൻ അവിടത്തെ "കൊച്ചമ്മ" തയ്യാറില്ല. അദ്ധ്വാനത്തിലും അരിഷ്ടതയിലുംകൂടെ മുമ്പോട്ടിഴഞ്ഞ ആ പെണ്ണിനു് അവിടത്തെ "കൊച്ചെജമാന"ന്റെ "ആക്രമണം" പോലും സഹനംകൊണ്ടു നേരിടേണ്ടിവന്നു. ഒടുവിൽ ആ "വലിയ വീട്ടിലെ" വേലക്കാരി, ദൈവത്തിന്റെ വേലക്കാരിയായി ആതുരപരിചരണനിരതയായ ഒരു കന്യകയായി ശാന്തിയുടേയും സംതൃപ്തിയുടേയും വഴിത്താരയിലേക്കു നീങ്ങുകയാണ്.

ചുരുക്കം ചില വികലോച്ചാരണങ്ങൾ കാണുന്നതു ഗ്രന്ഥകാരന്റെ ശ്രദ്ധക്കുറവോ അച്ചടിപ്പിശകോ എന്താണെന്നറിഞ്ഞുകൂടാ. 67-ാം വശത്തെ "ഗ്രഹനായികമാർ" ഗൃഹനായികമാരായിരിക്കാം. "ഗ്രഹ" അർത്ഥവ്യത്യാസമുണ്ടല്ലോ. 72-ാം വശത്തെ "ഭർതൃമതി"ക്കു ഉചിതം ചെയ്ത ഭർത്തൃമതിയാകേണ്ടിയിരിക്കുന്നു. മുഷിഞ്ഞ മുണ്ടും ചട്ടയുമണിഞ്ഞ "നാറി"നടക്കുന്ന കഥാനായികയെ റാപ്പർബ്ലോക്കിലെ ബ്ളൗസും പാവാടയുമണിഞ്ഞ ജലഘടഭാരത്താൽ "വലംചാഞ്ഞുനില്ക്കുന്ന" മൃണാളകോമളയായ ബാലിക അശേഷം പ്രതിഫലിപ്പിക്കുന്നില്ലെന്നു പറയാതെ തരമില്ല

(J. K. C.)




# ഒരു കൊച്ചു പുണ്യവാൻ

(വി. ഡോമിനിക്ക് സാവ്യോ)

(വിവർത്തകൻ, ഫാ. ജെ. വേഴമ്പത്തോട്ടം. പ്രസാധ..ർ, സെൻറ് തോമസ് പ്രസ്സ്, പാലാ. പേജ് 194 + VIII. വില 1—4—0)

വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ ധാരാളം പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. പക്ഷെ ഒരു പുണ്യവാന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ വിശുദ്ധിയുടെ തങ്കമുദ്രയിൽ ആ സുകൃതകുസുമത്തെ വാർത്തെടുത്ത പാവനചരിതനാൽ രേഖപ്പെടുത്തപ്പെടുകയെന്നതു സുദുർല്ലഭമത്രെ. അങ്ങനെയുള്ള ഒരു ഗ്രന്ഥമാണ് വി. ഡോൺബോസ്കോയാൽ വിരചിതമായ വി. ഡോമിനിക്ക് സാവ്യോയുടെ ജീവചരിത്രം. മനുഷ്യബാലരെ വാനദൂതന്മാരാക്കിമാററുന്ന ഒരാദ്ധ്യാത്മികവ്യവസായശാലയാണ് വി. ഡോൺബോസ്കോയുടെ ഓറട്ടറി. ഇതാ അതിന്റെ കടിഞ്ഞൂൽസന്താനത്തെത്തന്നെ പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു നമ്മുടെ പരസ്യവണക്കത്തിനു പ്രതിഷ്ഠിച്ചുകഴിഞ്ഞു. ഈ മംഗളസന്ദർഭത്തിൽ പ്രസ്തുതഗ്രന്ഥം വിവർത്തനംചെയ്തു മലയാളികൾക്കു സുജ്ഞേയമാക്കിത്തീർത്ത ഫാ. വേഴമ്പത്തോട്ടത്തിന്റെ ഔചിത്യബുദ്ധി അങ്ങേയററം അഭിനന്ദനാർഹമാണ്.

പരിഭാഷകന്റെ ഭാഷ ലളിതവും സുഗ്രാഹ്യവുമാണ്. പദങ്ങൾ കോർത്തുകോർത്തുള്ള ഒരു ശൃംഖലപോലെ അനുവാചകനെ ആദ്യന്തം ആകർഷിക്കുവാൻ ഇതിലെ പ്രതിപാദനരീതിക്കു കഴിവുണ്ട്. "കടിച്ചാൽ പൊട്ടാത്ത" സംസ്കൃതശബ്ദങ്ങളൊന്നുംതന്നെ ഇതിൽ തിരുകികയററിയിട്ടില്ല എന്നുള്ളതു സാധാരണക്കാർക്കു കൂടുതൽ പ്രയോജനകരമാണ്. രേച്ചലൈററ്, ഒരു ഞെട്ടിൽ രണ്ടു പൂക്കൾ തുടങ്ങിയ കലാകുമാരികളുടെ അനുജത്തിയായ ഈ "ദത്തുപുത്രി"യും സവിശേഷം സമാകർഷകയാണ്.

സമുചിതങ്ങളായ ചിത്രങ്ങൾകൂടെ യഥാസ്ഥാനത്തു സജ്ജീകരിച്ചു് ഈ ഗ്രന്ഥം കുറേക്കൂടെ അലങ്കരിക്കാമായിരുന്നു. റാപ്പർ ബ്ലോക്ക് അധുനാതനരീതികളെ ആശ്ലേഷിക്കുവാൻ അത്രതന്നെ പഴ്യാപ്തമല്ല. കഥാനായകന്റെ ഒരു ത്രിവർണ്ണചിത്രം വലിയ സൈസിൽ അടിക്കുന്നതു നന്നായിരിക്കും. (J. K. C)



സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ മരണകരമായ രോഗത്തിൽനിന്നും എന്റെ അമ്മ സുഖംപ്രാപിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

വർക്കി ജോസഫ്,
ഊവനാട്ട് കരിയിൽ,
പള്ളിപ്പുറം

---

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

IX

### വിവാഹം എന്തെന്താണ്?

ചിലരെ സംബന്ധിച്ചിടത്തോളം ഇന്നു് ഒരു ഭാഗ്യക്കുറിപോലെയാണ് വിവാഹം. ഒന്നാം സമ്മാനം കിട്ടണമെന്നുള്ള അഭിലാഷത്തോടും കിട്ടുമെന്നുള്ള പ്രതീക്ഷയോടുംകൂടി ഭാഗ്യക്കുറിയിൽ ചേരുന്നു. ഇതിലപ്പുറം ഒന്നും ചിന്തിക്കാറില്ല. കിട്ടിയെങ്കിൽ കോളായി; ഇല്ലെങ്കിൽ വേണ്ട, അങ്ങു പോകട്ടെ അത്രയും കാശ് എന്നു വച്ചേക്കും. ഇതുപോലെതന്നെ ചിലർ വിവാഹം കഴിക്കുമ്പോൾ, "ഒത്തെങ്കിൽ ഒത്തു, ഇല്ലെങ്കിൽ അങ്ങു പറഞ്ഞയച്ചേക്കണം" എന്നുള്ള മനോഭാവവും പുലർത്തിക്കാണുന്നുണ്ട്. ഇക്കൂട്ടർ വിവാഹത്തിന്റെ പരിശുദ്ധവും മാന്യവുമായ അവസ്ഥയെ അവഗണിക്കുന്നു. പുരുഷനും സ്ത്രീയും തമ്മിലുള്ള യോജിപ്പ് ദൈവം സ്ഥാപിച്ചതാണെന്നും സഭ തന്റെ ആരംഭം മുതൽ അതിന്റെ പരിശുദ്ധിയെ സ്ഥിരീകരിച്ചുകൊണ്ടു പോരുന്നെന്നും ഉള്ള യാഥാർത്ഥ്യം അവർ വിസ്മരിക്കുകയും ചെയ്യുന്നു.

വിവാഹം ഒരു ഉടമ്പടിയാണ്. മറേറതൊരു ഉടമ്പടിയേയും പോലെ ഈ ഉടമ്പടിയും കഴിവും അധികാരവുമുള്ളവർക്കുമാത്രമേ നടത്താവൂ. ഉടമ്പടി ചെയ്യുവർക്കു നിറവേററുന്നതിനുള്ള ഗൗരവമായ കടമയുമുണ്ട്. സാധാരണ ഉടമ്പടികളിൽ ഒന്നുകിൽ ഒരു പാർട്ടി വാഗ്ദാനം ചെയ്യുകയും മറേറ പാർട്ടി സ്വീകരിക്കുകയും ചെയ്യുന്നു; അല്ലെങ്കിൽ ഇരുപാർട്ടികളും വാഗ്ദാനം ചെയ്യുകയും ഇരുകൂട്ടരും സ്വീകരിക്കയും ചെയ്യുന്നു വിവാഹഉടമ്പടിയിൽ സ്ത്രീയും പുരുഷനും വാഗ്ദാനം ചെയ്യുകയും രണ്ടുപേരും പരസ്പരം സമ്മതിക്കയുമാണ് ചെയ്യുന്നതു്. ആധുനികലോകത്തിൽ ചിലർ ഈ ഉടമ്പടിയിലെ കരാറുകളെ നിർദ്ദാക്ഷിണ്യം ലംഘിക്കുന്നുണ്ടെന്നു് സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഒരു പുരുഷനും സ്ത്രീക്കും ഒരുമിച്ചു താമസിക്കുന്നതിനുള്ള ഒരു "ലൈസൻസ്" ആയിട്ടു മാത്രം ഈ ഉടമ്പടിയെ ചിലർ കണക്കാക്കിപ്പോരുന്നു. വിവാഹം സാധുവായി കഴിച്ചിട്ടുള്ള സ്ത്രീക്കും പുരുഷനും ഒരുമിച്ചു താമസിക്കുന്നതിനും ജീവിക്കുന്നതിനുമുള്ള അവകാശമുണ്ട്. അതു് സഭയോ രാഷ്ട്രമോ നൽകുന്ന ഒരു ലൈസൻസ് അല്ല. ദൈവം അവർക്കു നൽകിയിട്ടുള്ള അധികാരവും അവകാശവുമാണ്. വിവാഹം നടത്തിക്കൊടുക്കുന്ന പുരോഹിതൻ ഒരു സാക്ഷിമാത്രമാണ്. ഉടമ്പടി നടക്കുന്നതു് വധൂവരന്മാർ തമ്മിലാണ്. അവർ മാത്രമാണ് ഈ ഉടമ്പടിയിലെ കരാറുകൾക്കു വിധേയരാകുന്നവർ. മററുടമ്പടികളിലെന്നപോലെ ഈ ഉടമ്പടിയിലും സ്വാതന്ത്ര്യരായിട്ടുവേണം സ്ത്രീപുരുഷന്മാർ സംബന്ധിക്കുവാൻ. പരപ്രേരണകൊണ്ടോ, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടോ, ആരും വിവാഹഉടമ്പടി ചെയ്യരുതു്. അതു സ്വാതന്ത്ര്യമാണെങ്കിൽ മാത്രമേ പുരുഷനു് സ്ത്രീയിലും സ്ത്രീക്കു പുരുഷനിലും അവകാശങ്ങൾ സ്ഥാപിക്കാൻ സാധിക്കയുള്ളൂ. ഒരുമിച്ചു ജീവിക്കുന്നതിനുമാത്രമല്ല, പരസ്പരം സ്നേഹിക്കുന്നതിനും പരസ്പരം സഹായിക്കുന്നതിനും പരസ്പരം വിശ്വസിക്കുന്നതിനുമുള്ള അവകാശം കൂടെ ഈ ഉടമ്പടിവഴി ആവിർഭവിക്കുന്നു. മാത്രമല്ല ഇരുവർക്കുമുള്ള സ്വാഭാവികവാസനകളെ പരിപോഷിപ്പിച്ചുകൊണ്ടു പോകുന്നതിനു് ഈ ഉടമ്പടി ഒരിക്കലും വിഘാതമല്ല.

വിവാഹഉടമ്പടിയിൽ ദമ്പതികൾക്കു മാത്രമല്ല, ദൈവത്തിനും ഒരു പങ്കുണ്ട്. അവിടുന്നു് വിവാഹത്തിന്റെ കർത്താവാണെങ്കിലും വിവാഹഉടമ്പടിയിലെ ഒരു പങ്കുകാരനുമാണ്. മനുഷ്യരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചിട്ട് "നിങ്ങൾ വർദ്ധിച്ചു പെരുകി ഭൂമിയെ നിറയ്ക്കുവിൻ" എന്നു ദൈവം പറഞ്ഞ അവസരത്തിൽ അവിടുന്നു് വിവാഹഉടമ്പടിവഴി യോജിക്കുവാനുള്ള സ്ത്രീപുരുഷന്മാർക്ക് പ്രസ്തുതഉടമ്പടിവഴി ഉളവാകുവാനിരുന്ന കടമകളെ നിർദ്ദേശിച്ചുകൊടുക്കുകയായിരുന്നു. ക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്നവരും വേദപുസ്തകത്തിൽ വിശ്വസിക്കുന്നുവെന്നു് അവകാശപ്പെടുന്നവരുമായ ചിലർ ഈ തത്വങ്ങളെ അവഗണിച്ചുകൊണ്ടു്, വിവാഹഉടമ്പടിയിലെ കരാറുകളെ ലംഘിച്ചുകൊണ്ടു ഒന്നുകിൽ ഭാര്യമാരെ ആട്ടിപ്പായിച്ചു, അല്ലെങ്കിൽ അവരുമായി എന്നും വഴക്കടിച്ചു്, ജീവിക്കുന്നതിന്റെ ന്യായയുക്തതയാണ് ഇനിയും അജ്ഞാതമായിരിക്കുന്നതു്.

സൃഷ്ടിയുടെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ടു്, "പുരുഷൻ തന്റെ അപ്പനേയും അമ്മയേയും വിട്ടിട്ടു ഭാര്യയോടു ചേരട്ടെ, അവർ ഒരു ജഡമായിത്തീരട്ടെ" എന്നു്. പുതിയ നിയമത്തിൽ വി. മത്തായിയുടെ സുവിശേഷത്തിൽ ക്രിസ്തുനാഥൻ ഇക്കാര്യംതന്നെ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടു്, "ആകയാൽ ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ," എന്നു്. വിവാഹത്തിന്റെ പരിശുദ്ധിയേയും ഭാര്യയും ഭർത്താവും തമ്മിലുണ്ടായിരിക്കേണ്ട നിർമ്മലമായ സ്നേഹത്തേയും വി. പൗലോസ് എഫേസൂസ്കാർക്കുള്ള തന്റെ ലേഖനത്തിൽ സ്പഷ്ടമായി വിവരിക്കുന്നുണ്ടു്. "ഭർത്താക്കന്മാരേ, മിശിഹാതന്നെ തന്റെ സഭയെ സ്നേഹിച്ചതുപോലെയും ...അവൾക്കുവേണ്ടി തന്നെത്തന്നെ ഏല്പിച്ചുകൊടുത്തതുപോലെയും നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെതന്നെ ഭാര്യമാരേയും സ്നേഹിക്കേണ്ടതാണ്. തന്റെ ശരീരത്തെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയല്ലേ സ്നേഹിക്കുന്നതു്? ആരും സ്വന്തശരീരത്തെ ദ്വേഷിക്കുന്നില്ലല്ലോ. നേരെമറിച്ചു് മിശിഹാ സഭയെ എന്നപോലെ അവൻ അതിനെ തീററുകയും പോററുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നമ്മൾ അവിടത്തെ ശരീരത്തിലെ അവയവങ്ങളാണ്. മാത്രമല്ല അവിടുത്തെ മാംസത്തിൽനിന്നും അസ്ഥിയിൽനിന്നുമുള്ളവരാണ് നമ്മൾ. ഇക്കാരണത്താൽ തന്നെ പുരുഷൻ തന്റെ അപ്പനേയും അമ്മയേയും വിട്ടു് തന്റെ ഭാര്യയോടു ചേരണം. അവരിരുവരും ഒരു ജഡമായിത്തീരണം. ഇതൊരു വലിയ രഹസ്യംതന്നെ. അതെ ഞാൻ മിശിഹായേയും സഭയേയും ആണുദ്ദേശിക്കുന്നതു്. ക്രിസ്തു സഭയോടു എങ്ങനെ ബന്ധം പുലർത്തുന്നുവോ അതുപോലെ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം പുലരണമെന്നാണ് ഈ വാക്കുകളിൽ വി. അപ്പസ്തോലൻ വിവക്ഷിക്കുന്നതു്. ക്രിസ്തുവിനു് ഒരു സ

ഭയുണ്ടായിരുന്നതുപോലെ പുരുഷനു ഒരു ഭാര്യമാത്രമേ ഉണ്ടാകാവൂ. ക്രിസ്തു ആ സഭയെ ഒരിക്കലും ഉപേക്ഷിക്കാതിരുന്നതുപോലെ പുരുഷനും തന്റെ ഭാര്യയെ ഉപേക്ഷിക്കരുതു്, വെറുക്കരുതു്. മറിച്ചു ക്രിസ്തുസഭയെ കാത്തതുപോലെ പുരുഷൻ ഭാര്യയെ സ്നേഹത്തോടെ കാക്കണം. സഭ നാഥനു കീഴ്‌വഴങ്ങിയിരുന്നതുപോലെ ഭാര്യ ഭർത്താവിനെ അനുസരിക്കണം. സഭ എന്നും വിശ്വസ്തയായിരിക്കുന്നതുപോലെ ഭാര്യയും.

വിവാഹഉടമ്പടി പ്രധാനമായി ദമ്പതികളിൽനിന്നും സ്നേഹവും വിശ്വസ്തതയും, പരസ്പരം സഹിക്കുന്നതിനും ക്ഷമിക്കുന്നതിനുമുള്ള സന്നദ്ധതയും ആവശ്യപ്പെടുന്നു. ഈ വ്യവസ്ഥകൾ നിറവേറുന്നതിനു് ത്യാഗം അത്യന്താപേക്ഷിതമാണു്. ചിലപ്പോൾ ചെറിയ ചെറിയ പരിത്യാഗപ്രവൃത്തികൾ മതിയാകും. ചിലപ്പോൾ വലിയ വലിയ ത്യാഗങ്ങളും സഹിക്കേണ്ടിവരും. പിതാവിനേയും മാതാവിനേയും വിടുന്നതു തന്നെ വലിയ ഒരു പരിത്യാഗം. എന്നാലതു ഭാര്യയോടു ചേരുന്നതിനാണെന്നു് ഒരു സമാധാനമുണ്ടു്. അങ്ങനെ ചേർന്നു കഴിഞ്ഞാലും മരണംവരെയുള്ള അവരുടെ ജീവിതം പരിത്യാഗത്തിന്റെ ജീവിതം തന്നെയാണു്. ദൈവം പുരുഷനേയും സ്ത്രീയേയും യോജിപ്പിച്ചപ്പോൾ ഒന്നുമാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു, "വർദ്ധിച്ചു പെരുകി ഭൂമിയെ നിറയ്ക്കുക," എന്നു്. അതുകൊണ്ടു് സ്വമനസ്സാ വിവാഹഉടമ്പടിയിൽ പ്രവേശിക്കുന്നവർ അതിന്റെ കടമകൾ നിർവ്വഹിക്കുന്നതിനു സന്നദ്ധരല്ലെങ്കിൽ ഈ ഉടമ്പടി ചെയ്യാതിരിക്കുന്നതാണുത്തമം.

"വിവാഹഉടമ്പടിയുടെ അഭേദ്യതയിൽ എത്രയെത്ര നന്മകളാണു് കുടികൊള്ളുന്നതു്. വിവാഹമോചനം വഴിയോ എന്നാൽ എണ്ണമില്ലാത്ത വിധത്തിലുള്ള തിന്മകളാണു് ആവിർഭവിക്കുന്നതു്. ദാമ്പത്യബന്ധം അചഞ്ചലമാണെങ്കിൽ അവരുടെ വിവാഹഉടമ്പടി സുരക്ഷിതമായ വിധത്തിലാണു് നടന്നിരിക്കുന്നതെന്നു് നമുക്കുമനസ്സിലാക്കാം. എന്നാൽ ഭാര്യാഭർത്താക്കന്മാർ കലഹത്തിനും കലാപത്തിനുമാണു് വഴി തെളിക്കുന്നതെങ്കിൽ അവരുടെ വിവാഹഉടമ്പടി അരക്ഷിതമായ അവസ്ഥയിലേക്കു നീങ്ങുന്നു. ആശങ്കയ്ക്കതു കാരണമാകുകയും ചെയ്യുന്നു. ആദ്യത്തേതു് അവരുടെ ജീവിതവിശുദ്ധിയേയും ദാമ്പത്യവിശ്വസ്തതയേയും പരിരക്ഷിക്കുന്നതിനു് സഹായിക്കുന്നു. അപ്പോൾ സന്താനോല്പാദനവും സന്താനപരിശീലനവും എളുപ്പവും ആനന്ദപ്രദവുമായി അനുഭവപ്പെടുന്നു. സംശയങ്ങളും അഭിപ്രായഭിന്നതകളും നിഷ്പ്രയാസം പറഞ്ഞുതീർക്കുന്നതിനും സാധിക്കുന്നു. രണ്ടാമത്തേതോ അവരുടെ ജീവിതവിശുദ്ധിയെ നശിപ്പിച്ചുകൊണ്ടു വെറും ശാരീരികാനന്ദത്തിനുമാത്രം പ്രേരണ നൽകുന്നു. അപ്പോൾ അവിശ്വസ്തത തലപൊക്കുന്നു; സന്താനോല്പാദനവുംപരിശീലനവും ഒരു ഭാരമായിത്തോന്നുന്നു. ദാമ്പത്യബന്ധത്തിൽ അങ്ങോളമിങ്ങോളം സംശയത്തിന്റേയും തദ്വാരാ ചരിത്രത്തിന്റേയും വിത്തുകൾ ധാരാളമായി വിതറപ്പെടുന്നു......"

(പതിനൊന്നാം പീയൂസ്)


# "പൂർണ്ണവിവരങ്ങൾ"

മാന്യസുഹൃത്തുക്കളെ,

സുപ്രസിദ്ധങ്ങളായ കാളൻ'സ് ഔഷധങ്ങൾ മനുഷ്യശരീരത്തിലുള്ള പഞ്ചഭൂതങ്ങളെ—ത്രിദോഷങ്ങളെ സാമ്യമാക്കിത്തീർക്കുന്നവയായതുകൊണ്ടാണു് നാനാവിധരോഗങ്ങളെ ശമിപ്പിക്കുന്നതെന്നുള്ള വിവരം അനുഭവസ്ഥന്മാരിൽനിന്നും കാളൻ'സ് പ്രസിദ്ധീകരണങ്ങളിൽനിന്നും അറിഞ്ഞിരിക്കുമല്ലോ. ത്രിദോഷങ്ങളുടെ ഏറ്റക്കുറച്ചിലുകളെ സാമ്യമാക്കിതീർക്കുന്നതിനുള്ള കഴിവുള്ളതുകൊണ്ടുതന്നെയാണു് രോഗികളെപ്പോലെതന്നെ രോഗമില്ലാത്തവരും, രോഗവിമുക്തരും ആരോഗ്യസംരക്ഷണാർത്ഥം തങ്ങളുടെ നിത്യോപയോഗവസ്തുക്കളുടെ കൂട്ടത്തിൽ "ദ്രാക്ഷാരിഷ്ടത്തേയും ശാരിബാദ്യതൈല"ത്തേയും ഉൾപ്പെടുത്തുകയും കുടുംബസമേതം ഈ ഔഷധങ്ങളെ പതിവായി ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായി കാണുന്നതു്. മുൻകാലങ്ങളെക്കാൾ ഇപ്പോൾ ഭൂമിയിൽ ചൂടു് വർദ്ധിച്ചിട്ടുള്ളതുകൊണ്ടും, ശരീരംകൊണ്ടും മനസ്സുകൊണ്ടും വിശ്രമമില്ലാതെയും അമിതമായും അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ആരോഗ്യസംരക്ഷണത്തിനുപകരിക്കുന്നവകളായ അന്നപാനങ്ങൾ വേണ്ടിടത്തോളം വീതവും യഥാസമയങ്ങളിലും ഉപയോഗിക്കാതിരിക്കുക, മുതലായ കാരണങ്ങൾകൊണ്ടും, ശരീരത്തിൽനിന്നു് ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സൗമ്യാംശത്തെ (സപ്തധാതുക്കളെ—ശക്തിയെ—ഓജസ്സിനെ) സമ്പാദിക്കുന്നതിനു് ഈ ഔഷധങ്ങൾ ഏറ്റവും ഉത്തമമായവയാണെങ്കിലും അടുത്തകാലം മുതൽ കാർഷികോല്പന്നങ്ങളുടെ വില കുറയുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് തങ്ങളുടെയും തങ്ങളുടെ പിൻഗാമികളുടേയും ആരോഗ്യത്തെ സംരക്ഷിക്കുവാൻ അധികംപേർക്കും വളരെ പ്രയാസം നേരിടുന്നുണ്ടെന്നുള്ള വസ്തുത "കാളൻ"സ്ഥാപനത്തിന്റെ പ്രൊപ്രൈറ്ററായ ശ്രീ കെ. പി. ഔസേപ്പു് വൈദ്യൻ കഴിഞ്ഞമാസത്തിൽ കോട്ടയം, ആലപ്പുഴ, എറണാകുളം, കോഴിക്കോടു്, പാലക്കാടു് എന്നീ സ്ഥലങ്ങളിൽ ക്യാമ്പുചെയ്തിരുന്നപ്പോൾ മനസ്സിലാക്കുകയുണ്ടായി. ടി ക്യാമ്പുകളിലെല്ലാം വളരെയധികം രോഗികൾ വന്നിരുന്നതുകൊണ്ടു് വൈദ്യോപദേശങ്ങൾ ലഭിക്കുവാൻ സൗകര്യപ്പെടാതെ പലർക്കും മടങ്ങിപ്പോകേണ്ടിവന്നിട്ടുണ്ടെന്നുള്ള വസ്തുത പത്രറിപ്പോർട്ടുകളിൽനിന്നും മറ്റും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഇങ്ങനെ ക്യാമ്പുകളിൽ വന്നിരുന്നവരുടെ ദേഹസ്ഥിതിയേയും രോഗസ്ഥിതിയേയുംപറ്റി പറയുന്ന പക്ഷം നാനാവിധ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ അഗ്ന്യംശം (വാതപിത്തങ്ങൾ) വർദ്ധിക്കയും, സൗമ്യാംശം (കഫവും ധാതുക്കളും) ക്ഷയിക്കുകയും ചെയ്തിട്ടുള്ളതിനാൽ ദിനംപ്രതി ആരോഗ്യം ക്ഷയിക്കുകയും, തദ്വാരാ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ശ്വാസംമുട്ടൽ, വയറുവേദന, ചുമ, നേരിയപനി, ക്ഷയം, ഏങ്ങൽ, അസ്ഥിസ്രാവം, നീരിറക്കം മുതലായ രോഗങ്ങൾ പിടിപെടുകയും ചെയ്തിട്ടുള്ളവരാണെന്നു് സ്പഷ്ടമാണു്. മനുഷ്യസമുദായത്തിനു് ആരോഗ്യപരമായി നേരിട്ടിരിക്കുന്ന ഈ മഹാവിപത്തിനെ യഥാശക്തി പരിഹരിക്കുന്നതിനു് കാളൻ'സ് ഔഷധങ്ങളുടെ വില സാധിക്കുന്നേടത്തോളം ചുരുക്കേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്നു് ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടു. എന്നാൽ ഔഷധങ്ങളുണ്ടാക്കുന്നതിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾക്കു വന്നിട്ടുള്ള വിലക്കുറവിനെമാത്രം അടിസ്ഥാനമാക്കി വിലമാറ്റം വരുത്തുകയാണെങ്കിൽ വിലയിൽ നിസ്സാരമായ ഒരു കുറവുമാത്രമെ വരുത്തുവാൻ വഴി കാണുന്നുള്ളു. ഈ സ്ഥിതിക്കു് പതിവായി ഈ ഔഷധങ്ങളുപയോഗിച്ചുകൊണ്ടിരിക്കുന്നവരുടെ ഭാരത്തെ ഗണ്യമായവിധം ലഘൂകരിക്കുകയും, ഇതുവരെ ഉപയോഗിക്കാതിരുന്നിട്ടുള്ളവർക്കുകൂടി ഈ ഔഷധങ്ങളുടെ ഗുണങ്ങൾ അനുഭവിപ്പാനിടവരുത്തുകയും ചെയ്യണമെങ്കിൽ ഔഷധങ്ങളുടെ സംസ്കരണത്തിലും, വിതരണത്തിലും, പ്രചരണത്തിലും ഭാഗഭാക്കുകളായിരിക്കുന്ന എല്ലാവരും സഹകരിച്ചു് പ്രവർത്തിക്കുകമാത്രമെ ഒരു മാർഗ്ഗം കാണുന്നുള്ളു. ഈ വിധത്തിലുള്ള ചിന്തകളുടെ ഫലമായി ഏറ്റവും സംതൃപ്തിയോടും, പല വിഭാഗക്കാരുടേയും സഹകരണത്തോടുംകൂടി കാളൻ'സ് ഔഷധങ്ങളുടെ വിലയിൽ 12 ശതമാനം കുറവുവരുത്തിയിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്കു അനല്പമായ സന്തോഷമുണ്ടു്.

| 1949 ഡിസംബർ അവസാനം വരെയുണ്ടായിരുന്ന വില | | 1955 ഫെബ്രുവരി 15-ാംനുവരെയുള്ള വില | | 1955 ഫെബ്രുവരി 15-ാംനു മുതൽക്കുള്ള പുതിയ വില | |
|---|---|---|---|---|---|
| നിംബാസവം 18 ഔൺസ് കുപ്പി 1 ക്കു് | 2 0 0 | നിംബാസവം 18 ഔൺസ് കുപ്പി 1 ക്കു് | 2 0 0 | നിംബാസവം 20 ഔൺസ് കുപ്പി 1 ക്കു് | 2 0 0 |
| ദ്രാക്ഷാരിഷ്ടം ⅝ (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു് | 4 12 0 | ദ്രാക്ഷാരിഷ്ടം ⅝ (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു് | 4 8 0 | ദ്രാക്ഷാരിഷ്ടം ⅝ (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു് | 4 0 0 |
| ശാരിബാദ്യതൈലം 18 ഔൺസ് കുപ്പി 1 ക്കു് | 3 12 0 | ശാരിബാദ്യതൈലം 18 ഔൺസ് കുപ്പി 1 ക്കു് | 3 8 0 | ശാരിബാദ്യതൈലം 18 ഔൺസ് കുപ്പി 1 ക്കു് | 3 0 0 |

മുകളിൽ കാണുന്ന പട്ടികയിൽനിന്നു് ഗണ്യമായ ഒരു വില താഴ്ത്തലാണു് ഞങ്ങൾ ഇപ്പോൾ ചെയ്തിട്ടുള്ളതെന്നു് കാണാവുന്നതാണു്. എന്നാൽ ഈ അവസരത്തിൽ ദുരാഗ്രഹികളായ ചില ദുഷ്പ്രചരണക്കാർ ഔഷധനിർമ്മാണത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തിക്കൊണ്ടാണു് ഞങ്ങൾ വിലകുറച്ചിട്ടുള്ളതെന്നോ മറ്റോ പ്രചരിപ്പിക്കുവാൻ കച്ചകെട്ടിയേക്കാവുന്നതാണെന്നുള്ള വിവരവും ഞങ്ങൾ ഓർക്കാതിരിക്കുന്നില്ല. എന്നാൽ കാളൻ'സ് ഔഷധങ്ങളുടെ നിർമ്മാണത്തിൽ അണുമാത്രവും വ്യത്യാസം വരുത്താതെയും ഏറ്റവും സദുദ്ദേശത്തോടുംകൂടിയും മറ്റുമാണു് കാലോചിതം ഈ വിലമാറ്റം വരുത്തിയിട്ടുള്ളതെന്നു് ഞങ്ങൾ പൊതുജനസമക്ഷം ഉറപ്പുപറഞ്ഞുകൊള്ളുന്നു.

N. B. പന്ത്രണ്ടുശതമാനം കുറവുചെയ്തിട്ടുള്ള പുതിയ വിലയിലും കൂടുതൽകൊടുത്തു് മേലാൽ ഔഷധങ്ങൾ വാങ്ങാതിരിപ്പാൻ ഈ വിലമാറ്റം നിങ്ങളുടെ സ്നേഹിതന്മാരെക്കൂടി അറിയിപ്പാൻ താല്പര്യപ്പെടുന്നു.

**കാളൻ, നെല്ലായി.**


(11-ാംപേജ് തുടർച്ച)

മായ ഒരവലോകനത്തിനു് പീലാത്തോസ് വിഷയമാക്കി. അനന്തരം തന്റെ ഘോരസ്വരത്തിൽ ശകലം മൃദുത്വം ചേർത്തിട്ടു ചോദിച്ചു "സാധു സ്നേഹിതാ, ഞാൻ നിങ്ങളുടെ ചിരലാളിതമായ പ്രത്യാശ നശിപ്പിച്ചുവോ?" നിഷേധഭാവത്തിൽ ജോസഫ് വലതുകൈ ഉയർത്തി. "പ്രൊക്കുറേറ്റർ, ഒരിക്കലുമില്ല. ജാതീയചിന്ത ഒരു മൂടുപടമായി ഉപയോഗിക്കുന്നുവെങ്കിലും ബറാബാസ് ഒരു ദോഷനാണു്. അവനിൽ നിന്നെന്തെങ്കിലും നന്മവരുമെന്നു് ഭോഷന്മാർ മാത്രമേ കരുതുകയുള്ളു. എന്റെ അഭിപ്രായത്തിൽ ഇസ്രായേലിന്റെ മോചനം ബലംകൊണ്ടല്ലാ, ആത്മചൈതന്യംകൊണ്ടാണു് സാധിക്കേണ്ടതു്."

ശ്രദ്ധാപൂർവ്വം പീലാത്തോസ് മുമ്പോട്ടു ചാഞ്ഞു: "ജോസഫെ, നിങ്ങൾ ഇപ്പോൾ കാര്യം പറഞ്ഞു. ചൈതന്യംകൊണ്ടു്! റോമന്മാരെ ചൈതന്യംകൊണ്ടു കീഴടക്കുവാൻ യവനർക്കു സാധിച്ചു. ആ വസ്തുത സമ്മതിക്കുവാൻ ഞാൻ ലജ്ജിക്കുന്നില്ലാ. എന്തെന്നാൽ ഞങ്ങൾ യവനരെ ആയുധബലംകൊണ്ടു് സ്വാധീനരാക്കി. യവനർ റോമന്മാർ ആയിട്ടുണ്ടോ? ഒരിക്കലുമില്ല. പ്രത്യുത, ഞങ്ങൾ റോമന്മാരാകട്ടെ, യവനരാകുക അഭിമാനകാരണമായി കരുതുന്നു. ഹെല്ലാസിന്റെ ചൈതന്യം ഞങ്ങളെ കീഴടക്കി കഴിഞ്ഞു. ചിച്ചെറോയുടെയോ സീസറിന്റെയോ ഭാഷയല്ലാ ഞങ്ങൾ ഇപ്പോൾ സംസാരിക്കുന്നതു്, പ്ലേറ്റോയുടേതാണു്. അതു നന്നായി സംസാരിക്കുവാൻ സാധിക്കണമെന്നുള്ളതു് ഞങ്ങളുടെ വന്മോഹങ്ങളിൽപെടുന്നു. ഇപ്പോഴാകട്ടെ, നാമിരുവരും ആ ഭാഷയല്ലയോ ഉപയോഗിക്കുന്നതു്! ജോസഫ്, ഈ അവസ്ഥ വിസ്മയാവഹമായി തോന്നുന്നില്ലേ? ജിതർ തങ്ങളുടെ ഭാഷകൊണ്ടു്, തങ്ങളുടെ ചൈതന്യംകൊണ്ടു് വിജേതാക്കളെ കീഴടക്കിയിരിക്കുന്നു! എന്നാൽ അവർ യവനരായിരുന്നുവെന്നു് ഓർമ്മിക്കണം. നിങ്ങൾ ഉദരങ്ങളിൽ നിന്നു ചുമച്ചുയർത്തുന്നതുപോലെ തോന്നുന്ന ഹീബ്രു ഭാഷയ്ക്കു ഗ്രീക്കിന്റെ സംഗീതധ്വനിയോടു കിടപിടിക്കുന്നതായി വല്ലതുമുണ്ടോ? നിങ്ങൾക്കു് ഒരു ഹോമറോ, പ്ലേറ്റോയോ, സൊഫൊക്ലിസോ, യൂറിപ്പിഡിസോ, സോക്രട്ടീസോ ഉണ്ടോ?"

ജോസഫ് പ്രൊക്കുറേറ്ററുടെ മുഖത്തു തുറിച്ചുനോക്കി, "പ്രഭോ, ഞങ്ങൾക്കു് മഹാകവിയായിരുന്ന സോളമൻ ഉണ്ടായിരുന്നുവെന്നു എനിക്കു പറയാം; നിത്യസത്യത്തെയും വിജ്ഞാനത്തെയും ഉൽകൃഷ്ടരീതിയിൽ പ്രതിപാദിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളുമുണ്ടു്. പക്ഷെ "ചൈതന്യംകൊണ്ടു്" എന്നു ഞാൻ പ്രസ്താവിച്ചപ്പോൾ വേറൊരു കാര്യവും എന്റെ സ്മരണയിൽ ഉണ്ടായിരുന്നു. "ഹൃദയംകൊണ്ടു്" എന്നു ഞാൻ പറയേണ്ടിയിരുന്നു."

(തുടരും)

—o—




# പീലാത്തോസിനറിയാം എന്തുചെയ്യണമെന്നു്

(തുടർച്ച)

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

അരിമത്ത്യൻ ജോസഫാകട്ടെ ക്ഷണനേരം നിശ്ശബ്ദനായി, ചിന്താധീനനായി, വെളുത്ത നെററിത്തടത്തിൽ കൂട്ടംകൂടിക്കൊണ്ടിരുന്ന വിയർപ്പുതുള്ളികളെ തുവാലകൊണ്ടു തുടച്ചുകൊണ്ടിരുന്നു. വ്യഗ്രതനിമിത്തം കുറെ കവിഞ്ഞു സംസാരിക്കുവാനിടയായിയെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടിരിക്കാം. പ്രൊക്കുറേററുടെ മുഖത്തു് കാണാമായിരുന്ന പുച്ഛരസം അസഹ്യമായിത്തോന്നി. ശങ്കാപൂർവ്വം, മെല്ലെ സംഭാഷണം തുടന്നു: "ഈ വിശ്വാസം, പ്രഭോ, ജന്മസിദ്ധമാണു്. അതു സന്തതിപരമ്പരകളിൽക്കൂടി കൈവന്നിട്ടുള്ള രിക്ഥം മാത്രമാകുന്നു. യഥാർത്ഥ ഫരിസേയന്മാർ പാഷണ്ഡികൾ എന്നു കരുതുന്ന സാദ്ദൂസിവർഗ്ഗത്തിൽപ്പെട്ട ഒരുവനാണു ഞാൻ. എന്നാൽ ഞങ്ങളും ഏകസത്യദൈവത്തിൽ വിശ്വസിക്കുകയും ഞങ്ങളുടെ പ്രവാചകന്മാർ വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളിൽ ആശ്രയിക്കുകയും ചെയ്യുന്നു."

"കൊള്ളാം. ഇതെനിക്കു മനസ്സിലാക്കാം," ഒരു പരിഹാസച്ചിരിയോടുകൂടി പീലാത്തോസ് പറഞ്ഞു, "ആശ്രയിക്കുവാൻ ഒരു ദൈവം മാത്രമുള്ളതു് കുറെ ആശ്വാസപ്രദമായിട്ടു എനിക്കു തോന്നുകകൂടി ചെയ്യുന്നു. ഞങ്ങളുടെ ഇടയിലാണെങ്കിൽ ഒരു ദേവനു ബലിയർപ്പിക്കുമ്പോൾ മറെറാരു ദേവനെ കോപിപ്പിക്കുന്നില്ലയോ എന്ന ഭീതിക്കവകാശമുണ്ടു്. ജോസഫിനു വേണമെങ്കിൽ ഒലിമ്പസ്സിലുള്ള ഞങ്ങളുടെ ദേവസംഘത്തെ മുഴുവനും ഞാൻ തന്നേക്കാം. പക്ഷേ, നിങ്ങളുടെ യഹോവായെ എനിക്കു കിട്ടിയാൽ എന്താണു ചെയ്യേണ്ടതെന്നു് ഒരു രൂപവുമില്ല. ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം യഹോവാ എനിക്കു ഒട്ടുംതന്നെ പററുകയില്ല; അദ്ദേഹം അത്യന്തം കക്കശനും നിർബന്ധബുദ്ധിയുമാണെന്നു തോന്നുന്നു."

ജോസഫ് ഈ പരിഹാസോക്തി വകവെച്ചില്ല: "ശരിയാണു്. ഞങ്ങളുടെ ദൈവം കക്കശൻതന്നെ. അവിടുത്തെ എതിക്കുന്നവരോടു അനുകമ്പ പ്രദർശിപ്പിക്കാറില്ല. ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിലേക്കു് ഞങ്ങളുടെ ജനം വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ടു്. ഞങ്ങൾ പിഴച്ചു കാൽവെച്ച ഓരോ പ്രാവശ്യവും, തന്നിൽ പററിപ്പിടിക്കുവാൻ അമാന്തിച്ച ഓരോ അവസരവും, അവിടുന്നു ഞങ്ങളെ ശിക്ഷിച്ചിട്ടുണ്ടു്. ഞങ്ങളുടെ പ്രതാനുസാരമായ കർത്തവ്യവും പ്രകൃതിസിദ്ധമായ ദുർവ്വികാരങ്ങളും തമ്മിൽ ആയിരത്തിൽപ്പരം സംവത്സരക്കാലത്തേക്കു നടന്ന ആയോധനത്തെപ്പററി പ്രഭോ, അങ്ങു് ചിന്തിച്ചാലും. ഈ ആയോധനത്തിൽ ഞങ്ങൾ വീണ്ടും വീണ്ടും, അടുത്തടുത്തുതന്നെ, പരാജിതരായി; അപ്പോഴൊക്കെ ദൈവത്തിന്റെ കരം തീവ്രമായി ഞങ്ങളുടെ മേൽ പതിക്കുകയുംചെയ്തു. ഹിന്നം താഴ്‌വരയ്ക്കപ്പുറം അതാ, അവിടെ മൊലോക്കിനായിസ്ഥാപിച്ച ക്ഷേത്രത്തിന്റെ ശൂന്യാവശിഷ്ടങ്ങൾ ഇവിടെനിന്നു നോക്കിയാൽ അങ്ങേക്കു കാണാം. യെറൂശലേമിൽ, ഈ വിശുദ്ധ നഗരത്തിൽത്തന്നെ, വിദേശീയവിഗ്രഹങ്ങൾക്കായി ക്ഷേത്രങ്ങൾ സ്ഥാപിച്ചിരുന്നു. മഹാനായ സോളമൻ രാജാവുപോലും വാർദ്ധക്യദശയിൽ സ്വന്തം വാരസ്ത്രീകളുടെ ദേവന്മാർക്കായി യഹോവായുടെ ആലയത്തിനു സമീപം ക്ഷേത്രങ്ങൾ പണിയിക്കുകയുണ്ടായി. ഈ പിഴച്ച കാൽവെയ്പിന്റെ ഫലമോ? ഏകസത്യദൈവം ഇസ്രായേലിൽനിന്നു മുഖംതിരിച്ചു; ഇസ്രായേലിനെ ശത്രുക്കളുടെ കരബലപ്രയോഗത്തിനേല്പിച്ചുകൊടുത്തു. ബാബിലോണിയന്മാരും, അസീറിയന്മാരും ഇസ്രായേലിനെ ആക്രമിച്ചു. അന്തിയോക്കിയസാകട്ടെ, നാടു മുഴുവനും അഗ്നിക്കും അസിക്കും ഇരയാക്കി, ഒന്നിലധികം പ്രാവശ്യം യെറൂശലേം ദേവാലയം പുറജാതികൾ നിലംപരിശാക്കുകയും ചെയ്തു. എന്നാൽ അനിഷ്ടങ്ങളുടേയും അനർത്ഥങ്ങളുടേയും മദ്ധ്യേ, ദൈന്യത്തിലും ദാസ്യവൃത്തിയിലും, യഹൂദജനം ആഭ്യന്തരമായ ക്ഷതമേല്ക്കാതെ കഴിഞ്ഞു; അരിഷ്ടാനുഭവങ്ങളുടെ പാരമ്യത്തിലും അവർ തങ്ങളുടെ ദൗത്യം അനുസ്മരിച്ചു് യഹോവായുടെ പക്കലേക്കു പിൻതിരിഞ്ഞു, ദൈവം അവരോടു ക്ഷമിക്കയും ചെയ്തു. അവിടുന്നു അവരെ ബാബിലോണിയായിൽനിന്നും മെസ്രേനിൽനിന്നും മോചിച്ചു; അവരുടെ ശത്രുക്കളെ തകർത്തു; ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുമായി ചെയ്ത വ്യവസ്ഥയെ ദൈവം ആദരിച്ചു. അതുകൊണ്ടത്രെ......"

ജോസഫ് വാക്യം പൂർത്തിയാക്കിയില്ല. ആരോടാണു് സംസാരിക്കുന്നതെന്നാലോചിക്കാതെ അയാൾ ഉത്സാഹപൂർവ്വം കാര്യങ്ങൾ വിവരിച്ചുപോരുകയായിരുന്നു. അപ്പോഴേക്കും പ്രൊക്കുറേററർ പൊട്ടിച്ചിരിക്കുകയും തങ്ങളുടെ മേൽ ദുർഭരണം നടത്തിക്കൊണ്ടിരിക്കുന്ന അധികാരിയോടു താൻ സ്വജനമോചനം സംബന്ധിച്ച ആശ വെളിപ്പെടുത്തുവാൻ പോകുകയായിരുന്നുവെന്നു ജോസഫ് സ്മരിക്കുകയുംചെയ്തു. "അതുകൊണ്ടത്രെ" ചിരിച്ചുകൊണ്ടുതന്നെ പീലാത്തോസു് പറഞ്ഞു, "നിങ്ങളുടെ ദൈവം റോമന്മാരെ നാട്ടിൽനിന്നോടിച്ചു ഇസ്രായേലിനെ റോമായെക്കാൾ കൂടുതൽ പ്രതാപമുള്ള ഒരു വിശ്വസാമ്രാജ്യമാക്കിത്തീർക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കുന്നതു്. ജോസഫേ, എന്നോടു മറുത്തുപറഞ്ഞിട്ടു കാര്യമില്ല. നിങ്ങൾ നിങ്ങളെത്തന്നെ ഭോഷനാക്കുകയാണു ചെയ്യുന്നതു്. നിങ്ങളുടെ പ്രധാനാചാര്യന്മാരും നാമമാത്ര നാടുവാഴിയായ ഹേറോദുകൂടെയും ഈ കഥയൊക്കെ വിശ്വസിക്കുന്നതിൽ എനിക്കു വിസ്മയമില്ല. എന്നാൽ റോമായെ അതിന്റെ പ്രതാപപ്രാബല്യങ്ങളുടെ പൂർണ്ണതയിൽ പ്രത്യക്ഷവീക്ഷണം ചെയ്തിട്ടുള്ള നിങ്ങൾക്കു്, ഒരുപിടി യഹൂദന്മാർ കൂടിയാൽ, ആ സാമ്രാജ്യത്തിനു സാരമായ വിപത്തുവരുത്തുവാൻ സാധിക്കുമെന്നു വിശ്വസിക്കുവാൻ കഴിയുന്നതെങ്ങനെ? റോമൻ സൈന്യവ്യൂഹങ്ങൾക്കെതിരായി ഏതാനും കവർച്ചക്കാർ! ഞങ്ങളുടെ സേനാനികൾക്കെതിരായി ആ ബറാബാസു്!"

ജോസഫ് തലയുയർത്തി. അയാളുടെ നയനങ്ങൾ പ്രൊക്കുറേററുടെ അവജ്ഞാവലോകനം ദർശിച്ചു. "പ്രഭോ, അങ്ങു് ആ നാമം ശബ്ദിക്കുന്നതെന്തു്? ഞങ്ങളുടെ ജനത്തിന്റെ പ്രത്യാശകളും ഈ കാട്ടുകള്ളനുമായിട്ടെന്താണു ബന്ധം?"

"കാട്ടുകള്ളനോ? ഒന്നുകിൽ നിങ്ങൾ എന്നോടു കാര്യങ്ങൾ തുറന്നു പറയുന്നില്ല; അല്ലെങ്കിൽ സംഭവവികാസങ്ങൾ നിങ്ങൾ ശരിക്കു ഗ്രഹിക്കുന്നില്ല. രണ്ടാമത്തേതു തന്നെയെന്നു ഞാൻ കരുതുന്നു. ഞാൻ വഞ്ചിതനാണെന്നു നിങ്ങൾ ധരിക്കേണ്ടതില്ല. ബാഹ്യത്തിൽ ബറബ്ബാസ് ഏതാനും കൂട്ടുകൊള്ളക്കാരോടുകൂടി നാട്ടുമ്പുറങ്ങളിൽ കറങ്ങി, സ്വദേശീയരിൽനിന്നു ധനം അപഹരിച്ചും, ആട്ടിടയന്മാരുടെ പററങ്ങളിൽനിന്നു മോഷ്ടിച്ചും, സ്വയരക്ഷയ്ക്കായി തിരിഞ്ഞുനില്ക്കുന്നവരിൽ ഒട്ടുപേരെ കൊലചെയ്തും, കഴിയുന്ന ഒരു അരണ്യതസ്കരൻ ആയിരിക്കാം. ഇതൊക്കെയാണല്ലോ അവന്റെ തൊഴിൽ. എന്നാൽ നിങ്ങൾക്കു കണ്ണില്ലേ, കൂട്ടിയിണക്കിയ രണ്ടു ത്രികോണത്തിന്റെ ആകൃതിയിലുള്ള ചിഹ്നം—"ദാവീദിന്റെ നക്ഷത്ര"മെന്നാണത്രെ അതിന്റെ പേരു്—ധരിക്കുന്ന യഹൂദന്മാരെ നിങ്ങൾ ഒരിക്കലും കണ്ടിട്ടില്ലെന്നു വരുമോ? അവർ, നിങ്ങൾ നിസ്സാരനെന്നു തള്ളുന്ന ഈ കാട്ടുകള്ളന്റെ അനുയായികളാണു്. കാട്ടുകള്ളന്മാരുടെ അനുയായികൾക്കെവിടെയെങ്കിലും ആഡംബരത്തിനായി പ്രകടിപ്പിക്കുന്ന പ്രത്യേക ചിഹ്നങ്ങളുണ്ടോ? ജോസഫ്, ഞാൻ പറയുന്നതു കേൾക്കൂ. ബറാബാസ് സാധാരണരീതിയിലുള്ള ഒരു കൊള്ളക്കാരനല്ല. ബറാബാസ് ഇസ്രായേലിന്റെ രക്ഷകനാണെന്നു നിങ്ങളുടെ ജനങ്ങളിൽ വളരെപ്പേർ വിശ്വസിക്കുന്നുണ്ടു്."

"പ്രഭോ, അങ്ങനെയെങ്കിൽ അവനെ എന്തുകൊണ്ടു് ബന്ധനത്തിലാക്കുന്നില്ലാ?"


"എന്തിനായിട്ടു്? ചിരങ്ങു് സമൃദ്ധമാകുന്ന, അഥവാ തിലത്തിൽ താലം കാണുന്ന പ്രകൃതം റോമന്മാർക്കില്ല. ആ മനുഷ്യന്റെ ഉദ്ദേശ്യമെന്തെന്നു ഗ്രഹിച്ചുകഴിഞ്ഞു. അതുപോരെ? അവന്റെ വ്യാപാരത്തിന്നാവശ്യത്തിലധികം പ്രാധാന്യം കല്പിക്കുന്നതു് അതിന്റെ ശക്തി വർദ്ധിപ്പിക്കുകയായിരിക്കും. മാത്രമല്ല, ഇപ്രകാരമുള്ള ഒരാൾ ഞങ്ങൾക്കു ഗുണകാരിയാണെന്നുമാണു എന്റെ അഭിപ്രായം. അവനെ എത്രയോ മുമ്പുതന്നെ ബന്ധനത്തിലാക്കാമായിരുന്നു. അതിനുദ്യമിച്ചില്ലാ. ചെറിയ തോതിൽ ഇപ്രകാരമുള്ള ഒരു ജനകീയചലനം ഞങ്ങളുടെ കാര്യത്തിനു് നന്നായി പററുന്നതുതന്നെ."

"പ്രൊക്കുറെയിറർ, എനിക്കു് സംഗതി മനസ്സിലാകുന്നില്ല."

"അതു് അത്ര പ്രയാസമുള്ളതല്ല. യൂദയായിലും സമറിയായിലും പ്രാന്തപ്രദേശങ്ങളിലും വെറും മന്ദംപിടിച്ച ഒരു ശാന്തതയല്ലാ ഞങ്ങൾക്കാവശ്യം. തങ്ങളുടെ ആചാര്യന്മാരുടെയും നിയമകർത്താക്കളുടെയും പാദാന്തികെ വിനീതരും സമാധാനപ്രിയരുമായി വർത്തിച്ചും കൃഷിവ്യവസായങ്ങളിൽ ഏർപ്പെട്ടും ഞങ്ങൾ ചുമത്തുന്ന നികുതി ഒടുക്കിയും കഴിയുന്ന ഒരു ജനതയോടു ഞങ്ങൾ എന്തുചെയ്യാനാണു്. സദാ പരീക്ഷിച്ചുറപ്പിക്കേണ്ടതത്രെ ബലം. അല്ലെങ്കിൽ അതു ക്ഷയിക്കുവാനും അനാദരിക്കപ്പെടുവാനും ഇടയുണ്ടു്. ഞങ്ങളുടെ ബലപ്രദർശനത്തിനായി ചിലപ്പോഴൊക്കെ, സ്നേഹിതാ, പ്രജകളുടെ മത്സരബുദ്ധി ഞങ്ങൾ ഇഷ്ടപ്പെടുന്നു. ചൂടുപിടിച്ച ജനസമുദായത്തെ ഉത്തേജിപ്പിക്കുവാൻ അല്പസ്വല്പം പുളിമാവാവശ്യമെന്നു് ഞാൻ പറയുന്നതു് പരമാർത്ഥം മാത്രമാണു്. അന്തഃക്ഷോഭം അതിരുകവിയാതെ ഞങ്ങൾ നോക്കിക്കൊണ്ടാൽ മതിയല്ലോ. ബറാബാസ് പുളിമാവാകുന്നു. അതുകൊണ്ടു് ഞങ്ങൾ നിങ്ങളുടെ ആ "രക്ഷകനെ" സ്വതന്ത്രനായി വിട്ടിരിക്കുന്നു. അവൻ മൂലം ഉണ്ടാകുന്ന ചില്ലറ ശണ്ഠകൾ ഞങ്ങളുടെ നിലയുറപ്പിക്കുവാനും ഞങ്ങൾക്കാവശ്യമുള്ള തൊഴിലാളികളെ ശേഖരിക്കുവാനും റോമാ ഉറങ്ങിക്കിടക്കുകയല്ലെന്നു നിങ്ങളെ ഗ്രഹിപ്പിക്കുവാനും അവസരം തരുന്നു."

വീണ്ടും അരിമത്ത്യൻ തലതാഴ്ത്തി ഇരിക്കുകയായി. യഹൂദവംശത്തെപ്പോലെതന്നെ അയാളും ബന്ധിതമായി കഴിയുന്നു എന്നു് തോന്നുമാറു് ചലിച്ചുകൊണ്ടിരുന്ന അയാളുടെ കരങ്ങൾ വിരൽപൂട്ടി മടിയിൽ വെച്ചു. ഉള്ളിൽ തള്ളിക്കയറിവന്ന വികാരപരമ്പരകൾ പ്രൊക്കുറേററെ ധരിപ്പിക്കുവാൻ ജോസഫ് തുനിഞ്ഞില്ല. ഗബാത്താ അങ്കണത്തിൽനിന്നു് ആ വഴി അടിച്ചുകൊണ്ടുപോയ അജക്കൂട്ടത്തിന്റെ രോദനവും, നഗരത്തിലെ മററു വാഗ്ശൂന്യശബ്ദങ്ങളും കേൾക്കാമായിരുന്നു. ദേവാലയക്കുന്നിൽനിന്നു അസ്തമനകാലം അറിയിക്കുന്ന കുഴൽനാദവും മുഴങ്ങി. മൗനം അവലംബിച്ചു്, അന്തർവീക്ഷണം ചെയ്തിരുന്ന സഖിയെ പരിഹാസസഹതാപസമ്മിശ്ര

(ശേഷം 10-ാംപേജിൽ)



Reg. No· M· 2293

# Sathya Deepam

Vol. 28 Ernakulam, February 16, 1955 No. 26

## ബാലരംഗം

### "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

കളികളിൽ ഏർപ്പെടുന്നതിനുമുമ്പു പ്രാർത്ഥന ചൊല്ലണമെന്നു ബാലനായ ജോൺബോസ്കോ നിർബ്ബന്ധിച്ചു. അതിനുണ്ടോ കുട്ടികൾ കൂട്ടാക്കുന്നു!

ഇവിടെ എൻെറ കുഞ്ഞനുജന്മാരും കുഞ്ഞനുജത്തികളും അല്പം ഒന്നു ചിന്തിക്കുമോ? നിങ്ങൾക്കും ഈ ഭക്തബാലനെ അനുകരിക്കരുതോ? നിങ്ങളുടെ കളിക്കൂട്ടുകാരെ ദൈവമാതൃമായിലേക്കു കൊണ്ടുവരുന്നതിനും എന്തെങ്കിലും ചെറിയ ഒരു ജപം ചൊല്ലിക്കുന്നതിനും നിങ്ങൾക്കും ശ്രമിക്കരുതോ? വല്യേട്ടാ, അതൊന്നും നടപ്പില്ല. അവരെല്ലാം ഞങ്ങളെ "പൂച്ചസന്യാസി" എന്നാക്ഷേപിച്ചിട്ടു മാറിപ്പോകും എന്നു നിങ്ങൾ പറയുമായിരിക്കും. എന്നാൽ നിങ്ങളുടെ ബാലമിത്രത്തിനു എന്തു സാധിച്ചു എന്നു കാണുക..........




**9 ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം**

1. സംഖ്യ = 20
നാലിലൊന്നു് = 5
അഞ്ചിലൊന്നു് $4 + 1 = 5$.
2. സംഖ്യ = 1
$1 \times 1 = \frac{1+1}{2} = 1$.

**പ്രശ്നം നമ്പ്ര് 10**

(തയ്യിൽ ജോസഫ് പഴേകടവിൽ, വൈക്കം. വയസ്സ് 13)

എൻെറ പേരിനു മൂന്നക്ഷരമുണ്ടു്. വിദ്യാർത്ഥികൾ ആദ്യമായി എന്നെ സന്ദർശിക്കുന്നു. ഒന്നും മൂന്നും അക്ഷരങ്ങൾ ചേർത്താൽ ഞാൻ ഏററവും വലിയ ജന്തുവാകും. ഒന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ കർഷകർ എന്നെ വലിച്ചു ദൂരെ എറിയും. എൻെറ പേരെന്താണു്?

(ഉത്തരം അടുത്തതിൽ)

## സംഭവകഥ

### സമാധാനത്തിൻെറ അമ്മ

ആ വൃദ്ധൻെറ വായിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കും ദൈവദൂഷണമാണു്! കലികൊണ്ട ദൈവദൂഷണം!! അയാൾ ഒരു ഫ്റഞ്ചുകാരനാണു്. സാമാന്യം ഉയരമുള്ളയാൾ. ചിക്കിപ്പറിഞ്ഞ തലമുടി, ജടപിടിച്ച മീശ, നിരാശയുടേയും അന്വേഷണത്തിൻേറയും ഭാവങ്ങൾ, ശോഷിച്ച ശരീരം, മുഷിഞ്ഞുകീറിയ വസ്ത്രം, മാംസം അസ്ഥിയെ വിട്ടു ദുർബലമായി തൂങ്ങുന്നു. എങ്കിലും ശബ്ദം ഭയങ്കരം. ഇടിവെട്ടുന്നപോലെ ദൈവദൂഷണധ്വനികൾ!

പോർത്തുഗൽരാജ്യത്തു മാവെസ് എന്ന ഗ്രാമത്തിൽവച്ചാണു് അയാളെ ഞങ്ങൾ കണ്ടുമുട്ടിയതു്. ഞങ്ങൾ അവിടെ ഒരു മരിയൻ ധ്യാനം നടത്തുകയായിരുന്നു. കാട്ടുജാതിക്കാരായ നാലു വഴികാട്ടികൾ അയാൾക്കുണ്ടായിരുന്നു. മാവെസ് ഗ്രാമത്തിനുപരിയായി വിസ്തൃതമായ ഘോരവനങ്ങളുണ്ടു്. അവിടമെല്ലാം തിരഞ്ഞുക്ലേശിച്ചാണു് ആ വൃദ്ധൻ വന്നതു്. ഈ ദുർഭഗൻ ആരെ അന്വേഷിക്കുകയായിരുന്നെന്നോ?

അയാൾക്കു ലോകത്തിൽ ഏകാലംബമെന്നവണ്ണം ഒരു പുത്രനുണ്ടായിരുന്നു. ആ യുവാവു് ഒരു പത്രറിപ്പോർട്ടർ ജോലിയിലായിരുന്നു. രണ്ടു കൊല്ലമായി അയാളെപ്പററി അറിവൊന്നുമില്ലാതായിട്ടു്. അവിടെയുള്ള ഘോരവനങ്ങളിലെവിടെയോ വഴിതെററിപ്പോയി. അയാൾക്കപായമൊന്നും വന്നിരിക്കയില്ല എന്നു വിശ്വസിക്കുവാൻ രണ്ടു തെളിവുകളുണ്ടു്. അമസോൺനദിയുടെ വളരെ മുകൾഭാഗത്തുവച്ചു അയാളുടെ സാധനസാമഗ്രികളെല്ലാം അഭംഗം കണ്ടുകിട്ടിയിട്ടുണ്ടു്. രണ്ടാമത്തെ തെളിവു രണ്ടു ജർമ്മൻ ഗവേഷകരുടെ സാക്ഷ്യമാണു്. ടാപ്പജോസ് നദിക്കും മാവെസ് മീരിക്കും ഇടയ്ക്കുള്ള വനത്തിൽ അവിടത്തെ കിരാതവർഗ്ഗങ്ങളുടെ മദ്ധ്യത്തിൽ അവർ ഒരു വെളുത്ത മനുഷ്യനെ കാണുകയുണ്ടായി. ഈ രണ്ടു തെളിവുകളെ അടിസ്ഥാനമാക്കി ആ വൃദ്ധപിതാവു് ആ കാട്ടുജാതിക്കാരുടെ ഇടയിൽ തിരഞ്ഞുനടക്കുകയാണു് തൻെറ മകനെ. പോർത്തുഗീസ് ഭാഷ അയാൾക്കു നല്ല സ്വാധീനമല്ല. കാടന്മാരുടെ ദേശ്യഭാഷ ഒട്ടും തിരിയുകയില്ല. എങ്കിലും തൻെറ കൈവശമുള്ള ഒരു ഫോട്ടോ അവരെ കാണിച്ചു അന്വേഷണം തുടരുകയാണു്.

മരിയമിഷ്യനിൽ (ധ്യാനയോഗത്തിൽ) വന്നുചേർന്ന വൃദ്ധനിൽ പുതിയ ഒരു മനോഭാവം ഉളവായതുപോലെ തോന്നി. ഒരു ചെറിയ പള്ളിയുടെ മുൻവശത്തു നീലാകാശപ്പരപ്പിനു കീഴിൽ തടിച്ചുകൂടിയിരുന്നു് ആവേശത്തോടുകൂടി ധ്യാനപ്രസംഗങ്ങൾ കേട്ടുകൊണ്ടിരുന്ന ഗ്രാമീണജനങ്ങൾ അയാളിൽ അത്ഭുതമുളവാക്കി. ആ സമ്മേളനത്തിൻെറ അവസാനത്തിൽ തിരികൾ കത്തിച്ചുപിടിച്ചു നിരനിരയായിനിന്നു ഭക്തഗാനങ്ങൾ ആലപിച്ചു നിത്യസഹായമാതാവിൻെറ മനോഹരപ്രതിമയും എഴുന്നെള്ളിച്ചുകൊണ്ടു നടത്തപ്പെട്ട ഭക്തപ്രദക്ഷിണം അയാളെ ആനന്ദിപ്പിച്ചു. അയാൾ ആ ധ്യാനത്തിൽ സംബന്ധിച്ചു. ഏകാന്തതയിൽ ആ മാതൃസ്വരൂപത്തിനടുത്തു മുട്ടുകുത്തി ചിന്തിച്ചുതുടങ്ങി. ബാല്യകാലത്തു മരിയഭക്തനായി ആനന്ദതുന്ദിലമായി കഴിച്ച കാലഘട്ടം അയാൾ അനുസ്മരിച്ചു. മറിയത്തിൻെറ മനോഹരമായ ജീവിതസംഭവങ്ങൾ അയാൾ ഒന്നൊന്നായി ഓർത്തു. ആ സ്നേഹമാതാവു തൻെറ തിരുസുതനെ പന്ത്രണ്ടാമത്തെ വയസ്സിൽ കാണാതായപ്പോൾ ദുഃഖാർത്തയായി അന്വേഷിച്ചുനടന്ന രംഗം അയാളെ അതിമാത്രം സ്പർശിച്ചു. തന്നെപ്പോലെ വിരഹദുഃഖമനുഭവിക്കുന്ന ഒരു ഹൃദയത്തെ കണ്ടെത്തിയപ്പോൾ അയാൾ ആ സംഭവത്തിൻെറ വിശദാംശങ്ങളിലേക്കിറങ്ങി ചിന്തിച്ചു. ധ്യാനം അവസാനഘട്ടത്തിലെത്തി. അയാളുടെ ഹൃദയത്തിനു ഒരു സമൂലപരിവർത്തനം അനുഭവപ്പെട്ടു. ധ്യാനഗുരുവിനെ സമീപിച്ചു പാപസങ്കീർത്തനംമൂലം ഒരു നവജീവിതത്തിലേക്കു് അയാൾ പ്രവേശിച്ചു. മറിയത്തിൻെറ അനുഗ്രഹകടാക്ഷം ആ ദുർഭഗനെ സുഭഗനാക്കി. ആകാരത്തിലും വസ്ത്രത്തിലും വ്യത്യാസമൊന്നും ആരും കണ്ടില്ല. പക്ഷെ ഹൃദയത്തിൽ ഒരു വ്യത്യസ്തമനുഷ്യനായി അയാൾ ഫ്റാൻസിലേക്കു തിരിച്ചു.

നഷ്ടപ്പെട്ട അയാളുടെ പുത്രനെ പിന്നീടയാൾ അന്വേഷിച്ചോ, കണ്ടെത്തിയോ എന്നറിയാൻ പാടില്ല. ഒന്നയാൾ കണ്ടെത്തി. മനസ്സമാധാനം, ദൈവവുമായുള്ള ആന്തരികൈക്യം. ദൈവദൂഷണം പിന്നീടൊരിക്കലും അയാളുടെ നാവിൽനിന്നു പുറപ്പെട്ടിട്ടില്ല. വ്യാകുലവികാരങ്ങൾ പിന്നീടയാളെ അലട്ടിയിരുന്നപ്പോൾ അയാൾക്കു സമാധാനം കൈവരിക്കുന്നതിനു അയാളുടെ ഡയറിയിൽ മകൻെറ പടത്തോടൊപ്പം നിത്യസഹായമാതാവിൻെറ ഒരു പടവും അയാൾ ഭദ്രമായും ഭക്തിയായും സൂക്ഷിച്ചിരുന്നു.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—1